POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 2

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly **BADAR** Qadian Malayalam

ലക്കം 41

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ഒക്ടോബർ 12/ഹി:ശം:1396 ഇഖാ 12/ഹി:ഖ: 1439 മുഹർറം 21

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 08-09-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ(ലണ്ടൻ)നിൽ ജുമുഅ ഖുത്ബ്ബ നിർവഹിച്ചു. അതിന്റെ പൂർണ രൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

## ഇത് അത്ഭുതകരമായ കാര്യമാണ്. അവരുടെ വിചാരപ്രകാരം കള്ളനും കറ്റുകെട്ടുകാരനും ദജ്ജാലും ഞാനാണ്, എന്നാൽ, മുബാഹലയുടെ നേരത്ത് ഇക്കൂട്ടർതന്നെയാണ് മരിക്കുന്നത്. ആർക്കെങ്കിലും ഈ രഹസ്യം മനസ്സിലാക്കാൻ കഴിയുമോ.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ദൃഷ്ടാന്തം 71:** സിർറുൽ ഖിലാഫ എന്ന ഗ്രന്ഥത്തിന്റെ 62-ാം പേജിൽ എഴുതിയിട്ടുള്ള ദൃഷ്ടാന്തമാണ് എഴുപ്പത്തി ഒന്നാമത്തേത്. സന്മാർഗം തലയിലെഴുതിയിട്ടില്ലാത്ത എതിരാളികളുടെമേൽ പ്ലേഗ് പതിക്കുന്നതിനുവേണ്ടി ഞാൻ ദുആ ചെയ്തു. ഈ ദുആയ്ക്കു പല വർഷങ്ങൾക്കുശേഷം ഈ രാജ്യത്ത് പ്ലേഗിന്റെ ആധിപത്യമുണ്ടായി. കഠിനവിരോധികളായ ചിലർ ഈ ലോകത്തുനിന്ന് കഴിഞ്ഞു കടന്നുപോയി. ആ ദുആ ഇതായിരുന്നു:

വ ഖുദ് റബ്ബി മൻ ആദസ്സ്വലാഹ വ മുഫ്സിദാ
വ നസ്സിൽ അലയ്ഹിർരിജ്സ ഹഖ്ഖൻ വ ദമ്മരീ

എന്റെ അല്ലാഹുവേ!സൽപന്ഥാവിന്റേയും സൽക്കർമത്തിന്റേയും ശത്രുവിനേയും കുഴപ്പമുണ്ടാക്കുന്നവനേയും പിടിച്ചാലും. അവന്റമേൽ പ്ലേഗിന്റെ ശിക്ഷ ഇറക്കുകയും അവനെ നശിപ്പിക്കുകയും ചെയ്താലും.

വഫർരിജ് കുറൂബീ യാ കരീമീ വ നജ്ജിനീ
വ മസ്സിഖ് ഖസ്വീമീ യാ ഇലാഹീ വ അഫ്ഫിരീ

എന്റെ പ്രയാസങ്ങൾ അകറ്റിയാലും. എന്റെ കരീമായുള്ളവനേ! എനിക്ക് ദുഃഖങ്ങളിൽനിന്ന് മോക്ഷം നല്കിയാലും. എന്റെ ശത്രുവിനെ കഷണം കഷണമാക്കുകയും മണ്ണോടു ചേർക്കുകയും ചെയ്താലും.

ഈ രാജ്യത്തിന്റെ ഒരു ഭാഗത്തും പ്ലേഗിന്റെ പേരോ അടയാളമോ ഇല്ലാതിരുന്ന കാലത്താണ് ഈ പ്രവചനം ചെയ്യപ്പെട്ടത്. (എന്റെ ഗ്രന്ഥമായ സിർറുൽഖിലാഫ നോക്കുക) പിന്നീട് ഇഅ്ജാസെ അഹ്മദിയിൽ ഈ പ്രവചനമുണ്ടായിരുന്നു.

ഇദാ മാ ഗളിബ്നാ യഗ്ളബുല്ലാഹു സ്വാഇലാ
അലാ മുഅ്തദിൻ യുഅ്ദീ വ ബിസ്സൂഇ യജ്ഹറു

നാം കോപാകുലനാകുമ്പോൾ അല്ലാഹു അതിരുകടക്കുന്നവന്റേയും പരസ്യമായി തിന്മചെയ്യാൻ ഒരുങ്ങിയവന്റേയുംമേൽ കോപിക്കുന്നു.

ന യഅ്ത്തീ സമാനുൻ കാസിറുൻ കുല്ല ള്ളാലിമിൻ
വ ഹൽ യുഹ്ലക്കന്നൽയൗമ ഇല്ലൽ മുദമ്മറു

എല്ലാ ഓരോ അക്രമിയേയും തകർക്കുകയും തന്റെ പാപങ്ങൾ നിമിത്തം നശിച്ചു കഴിയുകയും ചെയ്തവൻമാത്രം നശിക്കുകയും ചെയ്യുന്ന അക്കാലം വന്നുകൊണ്ടിരിക്കന്നു.

വ ഇന്നീ ലശർറുന്നാസി ഇൻല്ലം യകുൻല്ലഹും
ജസാഅ ഇഹാനത്തിഹിം സ്വഗാറുൻ യുസ്വഗ്ഗിറൂ

ഞാൻ എല്ലാ ദുർവൃത്തനെക്കാളും ദുർവൃത്തനായിരിക്കും; അവർക്ക് അവരുടെ നിന്ദിക്കലിന്റെ ശിക്ഷ നിന്ദിക്കലല്ലായെങ്കിൽ!

ഖല്ലാഹു അന്ന ത്വഅ്ന ബിത്ത്വഅ്നി ബയ്നനാ
ഫ ദാലിക്ക ത്വാഊനുൻ അതാഹും ലിയുബ്സ്വിറൂ

അധിക്ഷേപിക്കുന്നതിനുള്ള ശിക്ഷ അധിക്ഷേപമാണെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. അതിനാൽ ആ പ്ലേഗുതന്നെയായിരിക്കും അവരെ പിടിക്കുന്നത്.

ഫലമ്മാ ത്വഗൽഫിസ്ഖുൽമുബീദു ബിസയ്‌ലിഹീ
തമന്നയ്ത്തു ലൗ കാനൽവബാഉൽമുതബ്ബിറു

നശിപ്പിക്കുന്ന പാപം അതിരു കടന്നപ്പോൾ, നശിപ്പിക്കുന്ന പ്ലേഗ് ഇപ്പോഴാണ് വേണ്ടതെന്ന് ഞാൻ ആഗ്രഹിച്ചു.

ഇതിനുശേഷം ഇൽഹാമുണ്ടായി: *ഏ ബസാ ഖാനയെ ദുശ്മൻ കെ തൂ വീറാൻ കർദി*

ഇത് അൽഹക്കം അൽബദ്ർ എന്നീ പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടു. പിന്നീട് ശത്രുക്കളുടെ കഠിനമായ പീഢനത്തിനുശേഷം ചെയ്യപ്പെട്ട മുകളിൽ പ്രസ്താവിച്ച ദുആകൾ ദൈവസന്നിധിയിൽ സ്വീകരിക്കപ്പെട്ട് പ്രവചനമനുസരിച്ച് പ്ലേഗിന്റെ ശിക്ഷ അവരുടെമേൽ അഗ്നിപോലെ വർഷിച്ചു. എന്നെ നിഷേധിക്കുകയും ചീത്തവിളിക്കുകയും ചെയ്തിരുന്ന ആയിരക്കണക്കിന് ശത്രുക്കൾ നശിച്ചൊടുങ്ങി. പക്ഷേ, നാം ഇവിടെ മാതൃകയെന്നോണം കുറച്ച് കഠിനവിരോധികളെ കുറിച്ച് മാത്രം പറയുന്നതാണ്. മൗലവി റുസുൽബാബ അമൃതസരിയാണ് ഒന്നാമതായി പറയാൻ അർഹനായിട്ടുള്ളത്. അയാൾ എന്നെ ഖണ്ഡിച്ചുകൊണ്ട് ഗ്രന്ഥമെഴുതി. വളരെ കഠിനമായ ഭാഷ കാണിച്ചു. കുറച്ചു ദിവസജീവിതത്തെ പ്രേമിച്ചുകൊണ്ട് കളവു പറഞ്ഞു. അവസാനം അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് പ്ലേഗ് പിടിപെട്ട് നാശമടഞ്ഞു. അതിനുശേഷം മുഹമ്മദു ബഖ്ശ് എന്നു പേരുള്ള മറ്റൊരുവ്യക്തി -അയാൾ ബട്ടാലയിലെ ഡപ്യൂട്ടി ഇൻസ്പെക്ടർ ആയിരുന്നു-ശത്രുതയിലും പീഢിപ്പിക്കുന്നതിലും അരമുറുക്കി. അയാളും പ്ലേഗ് പിടിപെട്ട് മരിച്ചു. അതുകഴിഞ്ഞ് ജമ്മു വാസിയായ ചിരാഗുദീൻ എന്നുപേരുള്ള ഒരാൾ എഴുന്നേറ്റു. അയാൾ റസൂലാണെന്ന് വാദിച്ചിരുന്നു. അയാൾ എനിക്ക് ദജ്ജാൽ എന്ന് പേരിട്ടു. ഈസായുടെ വടികൊണ്ട് ഈ ദജ്ജാലിനെ കൊല്ലുന്നതിനുവേണ്ടി ഹദ്റത്ത് ഈസാ തനിക്ക് സ്വപ്നത്തിൽ വടി തന്നുവെന്ന് പറയാറുണ്ടായിരുന്നു. അയാളെ കുറിച്ചു അയാളുടെ ജീവിതകാലത്ത് ഞാൻ പ്രസിദ്ധീകരിച്ച *ദാഫി ഉൽബലാ വ മിഅ്യാറു അഹ്‌ലിൽ ഇസ്തിഫാഇ* എന്ന ഗ്രന്ഥത്തിൽ പറഞ്ഞ എന്റെ പ്രവചനമനുസരിച്ച് അയാളും 1906 ഏപ്രിൽ 4 ന് തന്റെ രണ്ടു ആൺമക്കളോടൊപ്പം പ്ലേഗുപിടിപ്പെട്ടു ഹലാക്കായി. എന്നെ കൊല്ലേണ്ടുന്നതായ ഈസായുടെ വടി എവിടെ പോയി? *ഇന്നീ ലമിനൽമുർസലീൻ* എന്ന അയാളുടെ ഇൽഹാം എവിടെപോയി? ഖേദകരമെന്നു പറയട്ടെ, മിക്ക ആളുകളും ആത്മാവിന്റെ ദുർബോധനങ്ങളെത്തന്നെയാണ് ആത്മാവിന്റെ പരിശുദ്ധി കൈവരുന്നതിനുമുമ്പേ ഇൽഹാമെന്ന് പറയുന്നത്. അതുകൊണ്ട് അവസാനം അവരുടെ മരണം നിന്ദ്യവും അപമാനകരവുമായിത്തീരുന്നു. അയാൾക്കു പുറമെ പീഢിപ്പിക്കുന്നതിലും നിന്ദിക്കുന്നതിലും അതിരുകടന്ന വേ റേയും ഒരുപാടാളുകൾ ഉണ്ടായിരുന്നു. അല്ലാഹുവിന്റെ കോപത്തെ അവർ ഭയപ്പെട്ടിരുന്നില്ല. പരിഹസിക്കുകയും അധിക്ഷേപിക്കുകയും ചീത്തപറയുകയും ചെയ്യുക എന്നത് അവരുടെ രാപകലുള്ള ജോലിയായിരുന്നു. അവസാനം പ്ലേഗിന്നിരയായിത്തീർന്നു. മുൻശീ മഹ്ബൂബ് ആലം സാഹിബ് ലാഹോറിൽ നിന്നെഴുതി: എന്റെ ഒരു പിതൃസഹോദരനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് നൂറുമുഹമ്മദ് എന്നായിരുന്നു. ഹാഫിള്വാബാദ് താലൂക്കിലെ ഭഡിചിട്ട വാസിയായിരുന്നു. മിർസാ സാഹിബ് തന്റെ മസീഹാണെന്നുള്ള വാദത്തിന് എന്തുകൊണ്ടാണ് എന്തെങ്കിലും അടയാളം കാണിക്കാത്തതെന്ന് അയാളൊരു ദിവസം എന്നോടു ചോദിച്ചു. അദ്ദേഹത്തിന്റെ അടയാളങ്ങളിൽ ഒരു അടയാളം പ്ലേഗാണെന്ന് ഞാൻ അയാളോടു പറഞ്ഞു. അത് പ്രവചനത്തിനുശേഷമാണ് വന്നത്! ഇതുകേട്ടപ്പോൾ അയാൾ പറഞ്ഞു:'പ്ലേഗ് ഞങ്ങളെ സ്പർശിക്കുകയില്ല. എന്നല്ല മിർസാ സാഹിബിനെത്തന്നെ നശിപ്പിക്കുന്നതിനുവേണ്ടിയാണ് വന്നിട്ടുള്ളത്. ഞങ്ങളുടെമേൽ ഒരിക്കലും അതിന്റെ ബാധ ഉണ്ടാകുകയില്ല; മിർസാ സാഹിബിന്റെമേൽ തന്നെയായിരിക്കും. ഇത്രയും സംസാരിച്ച് കാര്യം അവസാനിച്ചു. ഞാൻ ലാഹോറിലെത്തിയപ്പോൾ ഒരാഴ്ചയ്ക്കു ശേഷം പിതൃസഹോദരൻ നൂറുമുഹമ്മദ് പ്ലേഗ്

ശേഷം പേജ് 10ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ കാലഘട്ടം

✻ഖിലാഫത്തെ ഥാലിഥായുടെ(മൂന്നാം ഖിലാഫത്തിന്റെ) തിരഞ്ഞെടുപ്പ് നടന്നതെപ്പോൾ? ആരാണ് ഖലീഫയായത്?

1965 നവംബർ 9. സയ്യിദുനാ ഹദ്റത്ത് ഫാഫിള് സാഹിബ് സാദ മിർസാ നാസ്വിർ അഹ്മദ് സാഹിബ് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു.

✻ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അദ്ദേഹത്തെ കുറിച്ച് അല്ലാഹു എന്തു സുവാർത്തയാണ് നല്കിയത്?

ഇൽഹാം: പറഞ്ഞു: ഇന്നാ നുബശ്ശിറുക്ക ബി ഗുലാമിൻ നാഫിലത്തല്ലക്ക(ഹഖീഖത്തുൽ വഹ് യ് പേജ് 95)

തർജമ: നാം ഒരു മകനെക്കുറിച്ച് നിനക്ക് സുവാർത്ത അറിയിക്കുന്നു; അവൻ നിന്റെ പൗത്രനായിരിക്കും.

✻ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് ജനിച്ചതെപ്പോൾ? വഫാത്തായതെപ്പോൾ?

ജനനത്തിയതി 1909 നവംബർ 16 ഖാദിയാനിൽ. വഫാത്തായത് 1982 ജൂൺ 8നും 9നും ഇടയ്ക്കുള്ള രാത്രി പാക്കിസ്താനിലെ ഇസ്ലാമാബാദിൽ.

✻ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് വിശുദ്ധ ഖുർആൻ പൂർണമായും മനഃപ്പാഠമാക്കിയതെപ്പോൾ?

1922 ഏപിൽ 17 ന്, അന്ന് 13 വയസ്സായിരുന്നു.

നോട്ട്: ഖലീഫത്തുൽ മസീഹ് അവ്വലും വിശുദ്ധ ഖുർആൻ ഹ്യദിസ്തമാക്കിയിരുന്നു.

✻ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് ഖിലാഫത്ത് സ്ഥാനത്ത് വരുന്നതിനുമുമ്പേ ജമാഅത്തിന്റെ ഏതെല്ലാം സുപ്രധാന സ്ഥാനങ്ങളാണ് വഹിച്ചിരുന്നത്?

◆1939-1944 പ്രിൻസിപ്പാൾ ജാമിഅ അഹ്മദിയ്യാ ഖാദിയാൻ

◆-1949 സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ മർക്കസിയ്യാ,

◆1944-1965 പ്രിൻസിപ്പാൾ തഅ്ലീമുൽ ഇസ്ലാം കോളെജ് ഖാദിയാൻ, ലാഹോർ, റബ്വ,

◆1954-1968 സ്വദ്ർ മജ്‌ലിസ് അൻസ്വാറുല്ലാഹ് മർക്കസിയ്യാ,

◆1955-1965 സ്വദ്ർ, സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ.

✻മൂന്നാം ഖിലാഫത്തിന്റെ ആദ്യ സാമ്പത്തികാഹ്വാനം ഏതായിരുന്നു? എത്ര ചന്ദയാണ് ആവശ്യപ്പെട്ടിരുന്നത്?

ഫള്ലെ ഉമർ ഫൗണ്ടേഷന്റേതായിരുന്നു ആദ്യത്തെ ആഹ്വാനം. മൂന്നു വർഷത്തിനുള്ളിൽ 25 ലക്ഷമാണ് ആവശ്യപ്പെട്ടിരുന്നത്. ഇതിന്റെ ഉദ്ദേശ്യം ഹദ്റത്ത് ഫള്ലെ ഉമർ ഖലീഫത്തുൽ മസീഹ് ഥാനിയുടെ സ്മാരകം എന്ന നിലയിൽ അവിടത്തെ ഉന്നതമായ ഉദ്ദേശ്യങ്ങൾ തുടർന്നു കൊണ്ടുപോകുക എന്നതായിരുന്നു.

✻ഏതു രാജ്യത്തെ നേതാവാണ് അഹ്മദിയായത്? അദ്ദേഹം ഏതു പ്രവചനത്തിന്റെ പ്രതീകമായി?

പശ്ചിമാഫ്രിക്കൻ രാജ്യമായ ഗാംബിയായുടെ ഗവർണർ ജനറൽ അൽഹാജ് സർ എഫ് എം സിങ്കാട്ടെ.(1963-ൽ അഹ്മദിയായി. 1965-ൽ ഗവർണർ ജനറലായി). ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിനോടു ബർക്കത്ത് കരസ്ഥമാക്കുന്നതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വസ്ത്രം അദ്ദേഹം ചോദിച്ചു. ഇപ്രകാരം 'രാജാക്കന്മാർ നിന്റെ വസ്ത്രത്തിൽനിന്ന് അനുഗ്രഹം തേടും' എന്ന പ്രവചനത്തിന്റെ ആദ്യ പ്രതീകമായി.

✻അവിടന്ന് അഹ്മദിയ്യാ യുവാക്കൾക്കുവേണ്ടി എന്തു മോട്ടോ(യഥാർഥ ലക്ഷ്യം)ആണ് ആവിഷ്കരിച്ചത്?

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാം "തേരീ ആജിസാന രാഹെ ഉസ് കൊ പസന്ദ് ആയി."

*നിന്റെ എളിമയാർന്ന വഴികൾ അവന് ഇഷ്ടപ്പെട്ടു.*

✻ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥിന്റെ ഏതെങ്കിലും ഇൽഹാം എഴുതുക?

*"ബുശ്റാ ലക്കും"* താങ്കൾക്ക് സുവാർത്ത!

✻ഹദ്റത്ത് മസീഹ് മൗഊദ്(അ)നും ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)നും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിനും ഉണ്ടായ ഏതെങ്കിലും ഇൽഹാം പറയുക?

*യാ ദാവൂദു ഇന്നാ ജഅൽനാക്ക ഖലീഫത്തൻ ഫിൽ അർളി ദാവൂദേ!* നാം നിന്നെ ഭൂമിയിൽ നമ്മുടെ പ്രതിനിധിയാക്കിയിരിക്കുന്നു.

✻വഖ്ഫെ ജദീദ് ദഫ്ത്തറെ അത്ഫാൽ സ്ഥാപിച്ചതെപ്പോൾ?

1966 ഒക്ടോബർ 17 ന് ഹദ്റത്ത് ഖലീഫത്തുൽ ഥാലിഥ് അഹ്മദി കുട്ടികളോടു 50000 രൂപ സംഘടിപ്പിക്കാൻ ആഹ്വാനം ചെയ്തു.

✻റബ്വയിലെ അഖ്സ്വാ മസ്ജിദിന്റെ ശിലാകർമവും ഉൽഘാടനവും നടന്നതെപ്പോൾ?

ശിലാകർമം 1966 ഒക്ടോബർ 28, ഉൽഘാടനം 1972 മാർച്ച് 31

✻റബ്വയിലെ ഖിലാഫത്ത് ലൈബ്രറിയുടെ ശിലാകർമവും ഉൽഘാടനവും നിർവഹിച്ചതാര്? എപ്പോൾ?

ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥ്. ശിലാകർമം 1970 ജനുവരി 18. ഉൽഘാടനം 1971 ഒക്ടോബർ 13.

✻1970 ലെ ആഫ്രിക്കൻ പര്യടനവേളയിൽ ഖലീഫത്തുൽ മസീഹ് ഥാലിഥ് ഏതേതെല്ലാം രാജ്യങ്ങളുടെ തലവന്മാരുമായാണ് കൂടിക്കാഴ്ച നടത്തിയത്?

നൈജീരിയായുടെ പ്രസിഡന്റ് യഅ്ഖൂബോ ഗോവൻ, ഘാന പ്രസിഡന്റ്, ലൈബീരിയ പ്രസിഡന്റ് ടെബമൻ, ഗാമ്പിയ പ്രസിഡന്റ് ദാവൂദ് അജൂറാ, സിയറ ലിയൂൺ പ്രധാനമന്ത്രി.

✻ആഫ്രിക്കൻ രാജ്യങ്ങൾക്കുവേണ്ടി നുസ്റത്ത് ജഹാൻ സ്കീം തുടങ്ങിയതെപ്പോൾ?

1970 മെയ് 24 ന് ബയ്ത്തുൽ ഫള്ൽ ലണ്ടനിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് നുസ്റത്ത് ജഹാൻ സ്കീം വിളംബരം ചെയ്തു. ജൂൺ 12ന് റബ്വയിൽ നുസ്റത്ത് ജഹാൻ റിസർവ് ഫണ്ട് ആഹ്വാനം ചെയ്തു.

✻ഖുദ്ദാമുൽ അഹ്മദിയ്യായുടെ റുമാലിന്റെ മാതൃക എപ്പോൾ? ആരാണ് നിശ്ചയിച്ചത്?

കേന്ദ്ര സാലാനാ ഇജ്തിമാഇന്റെ അവസരത്തിൽ 1972 ഒക്ടോബർ 5ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)

✻ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് സ്വദ്സാല ജൂബിലി പദ്ധതിയുടെ വിളംബരം നടത്തിയതെപ്പോൾ?

1973 ഡിസംബർ 28 ജൽസസാലാനയുടെ അവസരത്തിൽ സ്വദ്സാലാ ജൂബിലിയുടെ ദുആകൾ അടങ്ങിയ ആത്മീയ പദ്ധതി 1974 ഫെബ്രുവരി 8ന് വിളംബരം ചെയ്തു.

✻1974-ൽ പാക്കിസ്താൻ ദേശീയ അസംബ്ലിയിൽ അഹ്മദിയ്യാ ജമാഅത്തിനെ പ്രതിനിധാനം ചെയ്തുപോയ അംഗങ്ങളുടെ പേരു പറയുക?

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്, ഹദ്റത്ത് സാഹിബ് സാദ മിർസാ ത്വാഹിർ അഹ്മദ്, ശേയ്ഖ് മുഹമ്മദ് അഹ്മദ് സാഹിബ് മള്ഹർ, മൗലാനാ അബുൽ അത്വാ സാഹിബ്, മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദ്.

✻പാക്കിസ്താൻ ദേശീയ അസംബ്ലി 1974-ൽ അഹ്മദിയ്യാ ജമാഅത്തിന്റെ സംഘത്തിനെതിരെ എത്ര ദിവസം വരെ വിസ്താരം നടത്തിക്കൊണ്ടിരുന്നു?

രണ്ടു ദിവസം. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് ധവളപത്രം വായിച്ചു. അതിനുശേഷം 11 ദിവസംവരെ ചോദ്യോത്തരം നടന്നുകൊണ്ടിരുന്നു. 22, 23 ജൂലായ് 5 മുതൽ 10വരെ ആഗസ്റ്റ് 20 മുതൽ 24വരെ

✻1974-ൽ അഹ്മദിയ്യാ ജമാഅത്തിനെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ച ദേശീയ അസംബ്ലിയുടെ പാർലിമാനീ നേതാവും മുൻ പ്രധാനമന്ത്രിയുമായിരുന്ന ദുൽഫിഖാർ അലി ഭൂട്ടോയെ എപ്പോൾ? എവിടെയാണ് തൂക്കിലേറ്റിയത്?

1979 ൽ റാവൽപിണ്ടിയിലെ സെൻട്രൽ ജയിലിൽ.

✻ഐതിഹാസികമായ കുരിശു മോചന സെമിനാർ എപ്പോൾ എവിടെയാണ് സംഘടിപ്പിച്ചത്?

1978 ജൂൺ 2,3,4ന് ലണ്ടനിൽ. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് പങ്കെടുത്തു. ജൂൺ 4ന് സമാപന പ്രഭാഷണം നടത്തി.

✻അത്ഫാലുൽ അഹ്മദിയ്യായുടെ 'മിഅ്‌യാരെ കബീർ' സ്ഥാപിച്ചതെപ്പോൾ?

1980-ൽ. ഈ മിഅ്‌യാറിൽ 13 മുതൽ 15 വയസ്സുവരെയുള്ള കുട്ടികൾ ഉൾപ്പെടുന്നു. 'മിഅ്‌യാരെ സ്വഗീറിൽ' 7 മുതൽ 12 വയസ്സുവരെയുള്ള കുട്ടികളാണ് ഉൾപ്പെടുന്നത്.

✻1980 ലെ സാലാന ഇജ്തിമാ ഖുദ്ദാമുൽ അഹ്മദിയ്യാ മർക്കസിയായ്ക്കുള്ള പ്രത്യേകത എന്താണ്?

ഈ ഇജ്തിമാ 14-ാം നൂറ്റാണ്ടും 15-ാം നൂറ്റാണ്ടും സംഗമിക്കുന്ന അവസരത്തിലാണ് സംഘടിപ്പിക്കപ്പെട്ടത്. ഈ മൂന്നു ദിവസവും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് ആവേശോജ്ജ്വലമായ പ്രഭാഷണങ്ങൾ നടത്തുകയുണ്ടായി.

✻സ്പെയ്നിലെ ബിശാറത്ത് മസ്ജിദിനെകുറിച്ച് നിങ്ങൾക്കെന്തറിയാം?

✻ഇത് സ്പെയിനിൽ ഏകദേശം 700 വർഷത്തിനു ശേഷം നിർമിക്കപ്പെട്ട ആദ്യത്തെ മസ്ജിദാണ്. അത് നിർമിക്കാനുള്ള സൗഭാഗ്യം അഹ്മദിയ്യാ ജമാഅത്തിനു ലഭിച്ചു. 1980 ഒക്ടോബർ 9ന് അതിന്റെ ശിലാകർമം നിർവഹിച്ചത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)ആണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)1982 സെപ്റ്റംബർ 10 ന് അതിന്റെ ഉൽഘാടന കർമം നിർവഹിച്ചു.

✻സത്താരയെ അഹ്മദിയ്യത്തിനെ കുറിച്ച് നിങ്ങൾക്കെന്തറിയാം?

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) 1981 ലെ ജൽസസാലാനയുടെ അവസരത്തിൽ അഹ്മദിയ്യ ജമാഅത്തിൽ ജന്മംകൊള്ളുകയും ഖിയാമത്തുന്നാൾവരെ ജന്മകൊണ്ടേപോകുകയും ചെയ്യുന്ന മഹാത്മാക്കളുടെ അടയാളമെന്ന നിലയിൽ സത്താരയെ അഹ്മദിയ്യത്ത് പ്രദാനം ചെയ്തു. ഈ നക്ഷത്രങ്ങൾക്ക് 14കോണുകളുണ്ട്. ഓരോ കോണിലും അല്ലാഹു അക്ബറും നടുവിൽ ലാഇലാഹ ഇല്ലല്ലായും എഴുതിയിരിക്കുന്നു.

✻ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)ന്റെ സഹധർമിണി ഹദ്റത്ത് സയ്യിദ മൺസൂറ ബീഗം സാഹിബ വഫാത്തായതെപ്പോൾ?

1981 ഡിസംബർ 3.

✻ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)രണ്ടാമത് വിവാഹം കഴിച്ചതാരെ?എപ്പോൾ?

ഹദ്റത്ത് സയ്യിദ ത്വാഹിറ സിദ്ദീഖ സാഹിബ. 1982 ഏപ്രിൽ

✻ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്)ന്റെ ഗ്രന്ഥങ്ങളിൽ ചിലതിന്റെ പേരുകൾ പറയുക?

ഖുർആനീ അൻവാർ, ബയ്ത്തുല്ലാ നിർമാണത്തിന്റെ 23 മഹത്തായ ഉദ്ദേശ്യങ്ങൾ, സത്യസന്ധവും യഥാർഥവുമായ ഒരു ഖാദിമിന്റെ 12 വിശേഷ ഗുണങ്ങൾ, നമ്മുടെ വിശ്വാസാദർശങ്ങൾ, അൽമസാബീഹ്, ജൽസാസാലാനയിലെ പ്രാർഥനകൾ, അമൻ കാ പേഗാം ഔർ ഏക് ഹർഫെ ഇൻതിബാഹ്.

✻മൂന്നാം ഖിലാഫത്ത് കാലഘട്ടത്തിലെ ചില സുപ്രധാന പദ്ധതികളുടെ പേരുകൾ പറയുക?

ഫള്ലെ ഉമർ ഫൗണ്ടേഷൻ പദ്ധതി, വഖ്ഫെ ആർസി പദ്ധതി, നുസ്റത്ത് ജഹാൻ ആഗേബഡോ സ്കീം, സ്വദ്സാല അഹ്മദിയ്യാ ജൂബിലി പദ്ധതി, അഹ്മദിയ്യാ വിദ്യാഭ്യാസ പദ്ധതി, തഅ്ലീമുൽ ഖുർആൻ പദ്ധതി, വഖ്ഫ് ബഅ്ദ് അസ് റിട്ടയർമെന്റ് പദ്ധതി.

✻അഹ്മദിയ്യാ വിദ്യാഭ്യാസ പദ്ധതി എന്തായിരുന്നു?

1979 ഒക്ടോബർ 28ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) ഈ പദ്ധതി പ്രഖ്യാപിച്ചു. ഓരോ അഹ്മദി ആൺകുട്ടിയും കുറഞ്ഞത് മെട്രിക് വരേയും ഓരോ അഹ്മദി പെൺകുട്ടിയും കുറഞ്ഞത് മിഡിൽവരേയും നിർബന്ധമായും പഠിച്ചിരിക്കേണ്ടതാണ്. ബോർഡിലും യൂണിവേഴ്സിറ്റിയിലും ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കുന്ന വിദ്യാർഥികൾക്ക് സമ്മാനപതക്കം നല്കുന്നതായിരിക്കുമെന്ന് വിളംബരം ചെയ്തു. സമ്മാന വിതരണത്തിന്റെ ആദ്യ പരിപാടി സംഘടിപ്പിച്ചത് 1980 ജൂൺ 13 നായിരുന്നു.

ശേഷം പേജ് 12ൽ

# ഖുത്ബ ജുമുഅ

**മജ്‌ലിസെ ശൂറാ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ വിവിധ അഭിപ്രായങ്ങൾ അംഗങ്ങളുടെ മുമ്പിൽ വരികയും അവയിൽ നിന്ന് ഒരു തീരുമാനം എടുക്കുകയും ചെയ്യുന്നു. പിന്നീടു അത് നടപ്പിൽ വരുത്തുന്നതിനുവേണ്ടി ഒരു പ്രവർത്തനരൂപരേഖ തയ്യാറാക്കി അനുവാദത്തിനുവേണ്ടി കാലത്തിന്റെ ഖലീഫയ്ക്ക് അയച്ചുകൊടുക്കുന്നു. അനുവാദം കിട്ടിക്കഴിഞ്ഞാൽ പിന്നീട് എല്ലാ കഴിവുകളോടും ശക്തികളോടുംകൂടി അത് നടപ്പിൽ വരുത്തേണ്ടത് മജ്‌ലിസെ ശൂറ അംഗങ്ങളുടേയും ജമാഅത്തിന്റെ എല്ലാ തലത്തിലുള്ള ഭാരവാഹികളുടേയും ഉത്തരവാദിത്തമാണ്. അത് നടപ്പിൽ വരുത്തുന്നതിനും വരുത്തിക്കുന്നതിനും മജ്‌ലിസ് ശൂറായിലെ എല്ലാ അംഗങ്ങളും എല്ലാ തലത്തിലുള്ള ഭാരവാഹികളും പൂർണമായും ശ്രമിക്കേണ്ടതാണ്.**

**തബ്‌ലീഗ് പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുന്നതിനും അല്ലെങ്കിൽ വിപുലപ്പെടുത്തുന്നതിനും ബ്രിട്ടൺ മജ്‌ലിസെ ശൂറായിൽ ഈ പദ്ധതി ചർച്ചയ്ക്കു വരികയും അതിലുണ്ടായ തീരുമാനവും അല്ലെങ്കിൽ ലോകത്തിലെ ഏതെങ്കിലും രാജ്യത്ത് അതിനെ സംബന്ധിച്ചുണ്ടായ ചർച്ചയും കാലത്തിന്റെ ഖലീഫയുടെ അംഗീകാരത്തിനുശേഷം നടപ്പിൽ വരുത്തുന്നതിനുവേണ്ടി ജമാഅത്തുകൾക്ക് അയച്ചുകൊടുത്തു. അതനുസരിച്ച് പ്രവർത്തിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും മജ്‌ലിസെ ശൂറായിലെ എല്ലാ അംഗങ്ങളും എല്ലാ തലത്തിലുള്ള ഭാരവാഹികളും ഇനി പൂർണമായും ശ്രമിക്കേണ്ടതാണ്. ഈ തീരുമാനം തബ്‌ലീഗിനെ സംബന്ധിച്ചായതുകൊണ്ട് പ്രവൃത്തിക്കുക എന്നത് തബ്‌ലീഗ് സെക്രട്ടറിയുടെ മാത്രം ഉത്തരവാദിത്തമാണെന്ന് മനസ്സിലാക്കരുത്. അല്ലെങ്കിൽ മറ്റേതെങ്കിലും വകുപ്പിനെ സംബന്ധിച്ചുള്ള തീരുമാനമാണെങ്കിൽ പ്രവൃത്തിക്കുക എന്നത് അതുമായി ബന്ധപ്പെട്ട സെക്രട്ടറിയുടെ മാത്രം ഉത്തരവാദിത്തമാണെന്ന് മനസ്സിലാക്കരുത്.**

**തീർച്ചയായും അത് നടപ്പിൽ വരുത്തുന്നതിന് ബന്ധപ്പെട്ട സെക്രട്ടറിമാരാണ് ഉത്തരവാദികൾ.**

**ഏതു ഭാരവാഹിക്കാണെങ്കിലും ഏതെങ്കിലും രീതിയിൽ തബ്‌ലീഗിൽ ഭാഗഭാക്കാകാൻ കഴിയുന്നതാണ്. ഭാരവാഹികൾ പങ്കെടുത്തുകൊണ്ടിരിക്കുകയാണെങ്കിൽ ജമാഅത്തംഗങ്ങളുടെ മുമ്പിൽ മാതൃക സ്ഥാപിതമായിക്കൊണ്ടിരിക്കുന്നതായിരിക്കും. ധാരാളം അഹ്മദികൾ പറയാതെയും പ്രത്യേകമായി ശ്രദ്ധ ക്ഷണിക്കാതെയും സ്വയമേവ ആ മാതൃകകൾ കണ്ടുകൊണ്ട് ആ തീരുമാനം നടപ്പിൽ വരുത്തുന്നതിനും ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം എത്തിക്കുന്നതിനും വേണ്ടിയുള്ള ശ്രമത്തിൽ പങ്കെടുക്കുന്നതായിരിക്കും.**

**ഏതൊരു പ്രവർത്തന രൂപരേഖ തയ്യാറാക്കിയാലും അത് ഓരോ തദ്ദേശ ജമാഅത്തിന്റേയും സെക്രട്ടറി തബ്‌ലീഗുമാർവരെ എത്തിക്കുക എന്നത് നാഷണൽ സെക്രട്ടറി തബ്‌ലീഗിന്റെ ജോലിയാണ്. ജമാഅത്തിന്റെ എല്ലാ അംഗങ്ങൾവരേയും സംഘടനാപരമായ ഭാഗമല്ലാത്തതും മറിച്ച് അംഗങ്ങളുമായി ബന്ധം വെക്കുന്നതുമായ ഇക്കാര്യം എത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.**

**സൂത്തുന്നഹ്‌ലിലെ 126-ാം വചനത്തിന്റെ വിജ്ഞാനനിർഭരമായ വ്യാഖ്യാനം, ഈ വിശുദ്ധവചനത്തിന്റെ വെളിച്ചത്തിൽ വിജയപ്രദമായ പ്രബോധനത്തിന് മാർഗദർശനത്തിന്റെ അടിസ്ഥാനപരമായ ചർച്ച ഇതിന്റെ അടിസ്ഥാനത്തിൽ ജമാഅത്തംഗങ്ങൾക്ക് ഉപദേശങ്ങൾ**

**അല്ലാഹു ഏറ്റവും ആദ്യം പറഞ്ഞ കാര്യം യുക്തിയോടു(ഹിക്മത്ത്)കൂടിയുള്ള പ്രബോധനം (തബ്‌ലീഗ്) ചെയ്യുക എന്നാണ്. ഈ ഹിക്മത്തെന്താണ്? ഹിക്മത്തിന് വളരെ വിശാലമായ അർഥമാണുള്ളത്. വിജയപ്രദമായ തബ്‌ലീഗിന് ഈ അർഥങ്ങൾ അറിയേണ്ടത് നിർബന്ധമാണ്. അതുകൊണ്ട് നമുക്ക് നമ്മുടെ തബ്‌ലീഗ് സംരംഭങ്ങളിൽ ഒരു സ്ഥിരമായ അവസ്ഥ ഉണ്ടാക്കേണ്ട ആവശ്യമുണ്ട്. വർഷത്തിൽ ഒന്നോ രണ്ടോ തവണ പത്തുദിവസ തബ്‌ലീഗ് ദിനങ്ങൾ കൊണ്ടാടി, നോട്ടീസുകൾ റോഡരികിൽനിന്ന് വിതരണം ചെയ്തു, എന്നിട്ട് തബ്‌ലീഗ് ചെയ്തുവെന്ന് മനസ്സിലാക്കലല്ല.**

**ദാഇയാനെ ഖുസ്വൂസിയും നാമമാത്രമായ ദാഇയാനെ ഖുസ്വൂസിയായി ഇരിക്കാൻ പാടില്ല. മറിച്ച് കൂടുതൽ സമയം നല്കി തബ്‌ലീഗിന്റെ ഈ രംഗത്ത് വരേണ്ടതാണ്.**

---

**തബ്‌ലീഗ് ചെയ്യുന്നതിനും സ്വന്തം അവസ്ഥകളിൽ ആദ്യം പരിശുദ്ധമായ മാറ്റം ഉണ്ടാക്കേണ്ട ആവശ്യമുണ്ട്. സത്യവാനായ ഒരു മുസൽമാന്റെ മാതൃകയായി മനുഷ്യൻ മാറിയാൽ പിന്നെ ലോകരുടെ ശ്രദ്ധ ഉണ്ടാകാതിരിക്കുക എന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ല. ആ മാതൃകകണ്ടുകൊണ്ടുതന്നെ ജനങ്ങളുടെ ശ്രദ്ധ തിരിയുന്നു. ഇപ്രകാരം കൃത്യമായ തബ്‌ലീഗിനുമുമ്പേ തബ്‌ലീഗിനുള്ള വഴികൾ തുറക്കാൻ തുടങ്ങുന്നു. അല്ലാഹു നമുക്ക് അതനുസരിച്ച് പ്രവർത്തിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**2017 സെപ്റ്റംബർ 08/1396 തബൂക് 08 ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ-بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-اَلْحَمْدُ لِلّٰهِ رَبِّ
الْعٰلَمِيْنَ-الرَّحْمٰنِ الرَّحِيْمِ-مٰلِكِ يَوْمِ الدِّيْنِ-اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-اِهْدِنَا الصِّرَاطَ
الْمُسْتَقِيْمَ-صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-
اُدْعُ اِلٰى سَبِيْلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ وَجَادِلْهُمْ بِالَّتِيْ هِيَ اَحْسَنُ ؕ اِنَّ
رَبَّكَ هُوَ اَعْلَمُ بِمَنْ ضَلَّ عَنْ سَبِيْلِهٖ وَهُوَ اَعْلَمُ بِالْمُهْتَدِيْنَ (النحل:126)

തത്ത്വജ്ഞാനവും സദുപദേശവുംകൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് (ജനങ്ങളെ) ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോടു സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗത്തിൽനിന്ന് വ്യതിചലിച്ചു പോകുന്നവനെ സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ്. നേർമാർഗം പ്രാപിച്ചവരേയും അവൻ നന്നായി അറിയുന്നു.(16:126)

ഇസ്‌ലാമിന്റെ യഥാർഥമായ സന്ദേശം തങ്ങളുടെ രാജ്യത്തെ എല്ലാവിഭാഗമാളുകൾക്കും എത്തിച്ചുകൊടുക്കുക എന്ന ജോലി എങ്ങനെ വിപുലപ്പെടുത്താൻ കഴിയും അല്ലെങ്കിൽ ഉന്നതമായ അടിത്തറകളിൽ എങ്ങനെ സ്ഥാപിക്കാൻ കഴിയും എന്ന അഭിപ്രായം ലോകത്തെ നിരവധി ജമാഅത്തുകൾ തങ്ങളുടെ മജ്‌ലിസെ ശൂറാകളിൽ (കൂടിയാലോചനാ സഭ) അവതരിപ്പിക്കുകയും അതിൽ നല്ല ചർച്ചകൾ നടക്കുകയും തങ്ങളുടെ പ്രവർത്തനരൂപരേഖയിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ബ്രിട്ടൺ അഹ്മദിയ്യാ ജമാഅത്തും ഈ വർഷം അവരുടെ ശൂറായുടെ അജൻഡയിൽ ഈ പ്ലാൻ വെച്ചിട്ടുണ്ടായിരുന്നു. ഇതിൽ മജ്‌ലിസെ ശൂറാ സമ്പൂർണ ചർച്ച നടത്തുകയും തങ്ങളുടെ പ്രവർത്തന രൂപരേഖ ആസൂത്രണം ചെയ്ത് അനുമതിക്കായി എനിക്ക് അയക്കുകയും ചെയ്തു. പക്ഷേ, മജ്‌ലിസെ ശൂറാ തബ്‌ലീഗ് പ്രവർത്തനത്തിനുള്ള പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ അല്ലെങ്കിൽ മറ്റെന്തെങ്കിലും പ്രവർത്തനത്തിനുവേണ്ടി പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ വിവിധ അഭിപ്രായങ്ങൾ അംഗങ്ങളുടെ മുമ്പിൽ വരികയും അവയിൽനിന്ന് ഒരു തീരുമാനം എടുക്കുകയും ചെയ്യുന്നുവെന്ന കാര്യം ഓർക്കേണ്ടതാണ്. പിന്നീടു അത് നടപ്പിൽ വരുത്തിന്നതിനുവേണ്ടി ഒരു പ്രവർത്തനരൂപരേഖ തയ്യാറാക്കി അനുവാദത്തിനുവേണ്ടി കാലത്തിന്റെ ഖലീഫയ്ക്ക് അയച്ചുകൊടുക്കുന്നു. അനുവാദം കിട്ടിക്കഴിഞ്ഞാൽ പിന്നീട് എല്ലാ കഴിവുകളോടും ശക്തികളോടുംകൂടി അത് നടപ്പിൽ വരുത്തേണ്ടത് മജ്‌ലിസെ ശൂറ അംഗ

ങ്ങളുടേയും ജമാഅത്തിന്റെ എല്ലാ തലത്തിലുള്ള ഭാരവാഹികളുടേയും ഉത്തരവാദിത്തമാണ്. അത് നടപ്പിൽ വരുത്തുന്നതിനും വരുത്തിക്കുന്നതിനും മജ്‌ലിസ് ശൂറായിലെ എല്ലാ അംഗങ്ങളും എല്ലാ തലത്തിലുള്ള ഭാരവാഹികളും പൂർണമായും ശ്രമിക്കേണ്ടതാണ്.

അതിനാൽ തബ്‌ലീഗ് പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുന്നതിനും അല്ലെങ്കിൽ വിപുലപ്പെടുത്തുന്നതിനും ബ്രിട്ടൺ മജ്‌ലിസെ ശൂറായിൽ ഈ പദ്ധതി ചർച്ചയ്ക്കു വരികയും അതിലുണ്ടായ തീരുമാനവും അല്ലെങ്കിൽ ലോകത്തിലെ ഏതെങ്കിലും രാജ്യത്ത് അതിനെ സംബന്ധിച്ചുണ്ടായ ചർച്ചയും കാലത്തിന്റെ ഖലീഫയുടെ അംഗീകാരത്തിനുശേഷം നടപ്പിൽവരുത്തുന്നതിനുവേണ്ടി ജമാഅത്തുകൾക്ക് അയച്ചുകൊടുത്തു. അതനുസരിച്ച് പ്രവർത്തിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും മജ്‌ലിസെ ശൂറായിലെ എല്ലാ അംഗങ്ങളും എല്ലാ തലത്തിലുള്ള ഭാരവാഹികളും ഇനി പൂർണമായും ശ്രമിക്കേണ്ടതാണ്. ഈ തീരുമാനം തബ്‌ലീഗിനെ സംബന്ധിച്ചായതുകൊണ്ട് പ്രവൃത്തിക്കുക എന്നത് തബ്‌ലീഗ് സെക്രട്ടറിയുടെ മാത്രം ഉത്തരവാദിത്തമാണെന്ന് മനസ്സിലാക്കരുത്. അല്ലെങ്കിൽ മറ്റേതെങ്കിലും വകുപ്പിനെ സംബന്ധിച്ചുള്ള തീരുമാനമാണെങ്കിൽ പ്രവൃത്തിക്കുക എന്നത് അതുമായി ബന്ധപ്പെട്ട സെക്രട്ടറിയുടെ മാത്രം ഉത്തരവാദിത്തമാണെന്ന് മനസ്സിലാക്കരുത്. തീർച്ചയായും അത് നടപ്പിൽ വരുത്തുന്നതിന് ബന്ധപ്പെട്ട സെക്രട്ടറിമാരാണ് ഉത്തരവാദികൾ. പക്ഷേ, പ്രത്യേകിച്ചും തബ്‌ലീഗിന്റേയും തർബിയ്യത്തിന്റേയും വകുപ്പുകൾ എങ്ങനെയുള്ളതാണെന്നാൽ അതിൽ ജമാഅത്തിന്റെ എല്ലാ ഭാരവാഹികളും എല്ലാ തലത്തിലുള്ള ഭാരവാഹികളും പങ്കെടുക്കുകയും മാതൃക കാണിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.

ഈ നേരത്ത് ഞാൻ തബ്‌ലീഗിനെ സംബന്ധിച്ച് സംസാരിക്കുന്നതുകൊണ്ടു ഈ പദ്ധതി ജമാഅത്തുകളിൽ നടപ്പിൽ വരുത്തുന്നതിന് തങ്ങളുടെ തബ്‌ലീഗ് സെക്രട്ടറിമാരെ പൂർണമായും സഹായിക്കാൻ എല്ലാ ഭാരവാഹികളോടും പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്വയം അതിന്റെ ഭാഗമായിക്കൊണ്ട് ജമാഅത്തംഗങ്ങൾക്ക് മാതൃക സമർപിക്കുക. ഏതു ഭാരവാഹിക്കാണെങ്കിലും ഏതെങ്കിലും രീതിയിൽ തബ്‌ലീഗിൽ ഭാഗഭാക്കാകാൻ കഴിയുന്നതാണ്. ഭാരവാഹികൾ പങ്കെടുത്തുകൊണ്ടിരിക്കുകയാണെങ്കിൽ ജമാഅത്തംഗങ്ങളുടെ മുമ്പിൽ മാതൃക സ്ഥാപിതമായിക്കൊണ്ടിരിക്കുന്നതായിരിക്കും. ധാരാളം അഹ്മദികൾ പറയാതെയും പ്രത്യേകമായി ശ്രദ്ധ ക്ഷണിക്കാതെയും സ്വയമേവ ആ മാതൃകകൾ കണ്ടുകൊണ്ട് ആ തീരുമാനം നടപ്പിൽ വരുത്തുന്നതിനും ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം എത്തിക്കുന്നതിനും വേണ്ടിയുള്ള ശ്രമത്തിൽ പങ്കെടുക്കുന്നതായിരിക്കും. ചില സെക്രട്ടറിമാർക്ക് തങ്ങളുടെ വകുപ്പുകളിൽ പറയത്തക്ക പണികളൊന്നുമുണ്ടാകുകയില്ല. അവർക്ക് കൂടുതൽ സമയം നല്കാൻ കഴിയുന്നതാണ്. വെറും നിയ്യത്തിന്റേയും വിചാരത്തിന്റേയും ആവശ്യമാണുള്ളത്! എന്തായാലും ഏതൊരു പ്രവർത്തന രൂപരേഖ തയ്യാറാക്കിയാലും അത് ഓരോ തദ്ദേശ ജമാഅത്തിന്റേയും സെക്രട്ടറി തബ്‌ലീഗുമാർവരെ എത്തിക്കുക എന്നത് നാഷണൽ സെക്രട്ടറി തബ്‌ലീഗിന്റെ ജോലിയാണ്. ജമാഅത്തിന്റെ എല്ലാ അംഗങ്ങൾവരേയും സംഘടനാപരമായ ഭാഗമല്ലാത്തതും മറിച്ച് അംഗങ്ങളുമായി ബന്ധം വെക്കുന്നതുമായ ഇക്കാര്യം എത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

എന്നാൽ, എല്ലാത്തിനെക്കാളുമുപരി ഞാൻ ഓതിയ ആയത്തിൽ അല്ലാഹു നമുക്ക് നല്കിയിട്ടുള്ള മാർഗദർശനം മനസ്സിലാക്കുകയും അതനുസരിച്ച് എല്ലാ തബ്‌ലീഗ് സെക്രട്ടറിമാരും പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. എല്ലാ ഭാരവാഹികളും പ്രവർത്തിക്കുക. ദാഇയാൻ പ്രത്യേകമായും പ്രവർത്തിക്കുക. ദാഇയാനെ ഖുസൂസിയെ സംബന്ധിച്ച് ഞാൻ പ്രത്യേകമായി പറയുകയുണ്ടായി. അവർ സ്വയം തങ്ങളെ സമർപിച്ചവരാണ്. അതായത് മറ്റു അംഗങ്ങളെ അപേക്ഷിച്ച് തങ്ങൾ തബ്‌ലീഗിനുവേണ്ടി കൂടുതൽ സമയം നൽകുമെന്ന് പറഞ്ഞവരാണ്. അവർ തങ്ങളുടെ സമയം നൽകുകയും അവർക്ക് അറിവ് ഉണ്ടാകുകയും വേണം. പക്ഷേ, അവർ അല്ലാഹു പറഞ്ഞിട്ടുള്ള ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധിക്കുന്നില്ലെങ്കിൽ പിന്നെ ഇതിൽ അനുഗ്രഹം പതിയുകയില്ല. നല്ല ഫലങ്ങൾ എടുക്കാനും സാധിക്കുകയില്ല.

അല്ലാഹു മാർഗദർശനം നല്കിയ കാര്യങ്ങളിൽ പ്രഥമസ്ഥാനത്തുള്ളത് ഹിക്മത്താണ്. പിന്നീടുള്ളത് മൗഇളത്തിൽ ഹസന അതായത് സദുപദേശം. അതുകഴിഞ്ഞ് പറഞ്ഞത് സംവാദത്തിൽ ഏറ്റവും ഉത്തമമായ തെളിവുകൾ ഉപയോഗിക്കുക എന്നതാണ്. ഇക്കാലത്തെ നാമധാരികളായ ഉലമായും ഭീകരവാദ ഗ്രൂപ്പുകളും സംഘടനകളും തങ്ങളുടെ ഭ്രാന്തത്വവും അയുക്തികമായ ബുദ്ധിയുംകൊണ്ട് ഇസ്‌ലാമിന് എത്രമാത്രം ചീത്തപ്പേരുണ്ടാക്കിയിരിക്കുന്നുവെന്നാൽ അമുസ്‌ലിം ലോകം മനസ്സിലാക്കുന്നത് ഇസ്‌ലാം യുക്തിപരമായ കാര്യങ്ങളില്ലാത്തതും തെളിവുകൾ തീണ്ടിയിട്ടില്ലാത്തതുമായ മതമാണെന്നാണ്. ബുദ്ധിയില്ലാത്തവരുടേയും വിഡ്ഢികളുടേയും മതമാണെന്നാണ്. നഊദുബില്ലാഹ് ഭീകരവാദം മാത്രമാണ് അതിന്റെ അധ്യാപനമെന്നാണ്. അത്തരം പരിതഃസ്ഥിതിയിൽ അല്ലാഹുവിന്റെ ഈ നിർദേശമനുസരിച്ച് തബ്‌ലീഗ് ചെയ്യുകയും പ്രബോധനപരമായി ബന്ധം വെക്കുകയും ചെയ്യേണ്ടത് ഓരോ അഹ്മദിയുടേയും വളരെ സുപ്രധാനമായ ഉത്തരവാദമാണ്. ഈ പ്രാധാന്യത്തെ എല്ലാ തലത്തിലുള്ള ഭാരവാഹികളും ഏറ്റവും ആദ്യം മനസ്സിലാക്കിയിരിക്കേണ്ടതാണ്. കഴിഞ്ഞ ഒന്നുരണ്ട് വർഷത്തിനുള്ളിൽ ഈ ഭീകരവാദികളും ചില ഉലമാക്കളും അവരുടെചെയ്തികൾകൊണ്ട് ഇസ്‌ലാമിന് എത്രയധികം ചീത്തപേരുണ്ടാക്കി. അതിൽ മാധ്യമങ്ങളും ഇക്കാര്യങ്ങളെ എത്രമാത്രം കൊട്ടിഘോഷിച്ചുവെന്നാൽ, കഴിഞ്ഞ ദിനങ്ങളിൽ ഇവിടെ ഒരു സർവ്വേ നടന്നിരുന്നു. അതിൽ ഇസ്‌ലാം ഭീകരവാദത്തിന്റെ മതമാണോ? അക്രമികളായ ആളുകളുടെ മതമാണോ? മുസ്‌ലിംകളെ ഇഷ്ടപ്പെടുന്നുണ്ടോ? എന്നൊക്കെയാണ് ചോദിക്കപ്പെട്ടത്. ഭൂരിഭാഗം ആളുകളും നൽകിയ മറുപടി ഇസ്‌ലാം വലിയ ഭീകരതയുടെ മതമാണെന്നാണ്. മുസ്‌ലിംകൾ വെറുക്കപ്പെട്ടവരാണെന്നാണ്. മുസ്‌ലിംകൾ തങ്ങളുടെ രാജ്യത്ത് താമസിക്കുന്നത് തങ്ങൾ ഇഷ്ടപ്പെടുന്നില്ലെന്നും ഇവർ തങ്ങളുടെ രാജ്യത്തിന് നഷ്ടമുണ്ടാക്കുന്നവരാണെന്നും പറഞ്ഞു. കുറച്ച് വർഷങ്ങൾക്കു മുമ്പേ നടന്ന സർവ്വേയിൽ ഇതിനു വിപരീതമായ ഫലങ്ങളാണ് പുറത്തുവന്നിരുന്നത്. ആ സമയത്ത് ഭൂരിഭാഗവും മുസ്‌ലിംകളെ നല്ലവരാണെന്ന് കരുതിയിരുന്നു.

ഇത്തരം പരിതഃസ്ഥിതിയിൽ എത്രത്തോളം കഠിനാധ്വാനത്തോടുകൂടി അല്ലാഹു പറഞ്ഞ രീതിയനുസരിച്ച് തബ്‌ലീഗ് ചെയ്യേണ്ടതാണെന്ന കണക്കുകൂട്ടൽ നമുക്ക് ഉണ്ടായിരിക്കേണ്ടതാണ്.

അല്ലാഹു ഏറ്റവും ആദ്യം പറഞ്ഞ കാര്യം യുക്തിയോടു(ഹിക്മത്ത്)കൂടിയുള്ള പ്രബോധനം(തബ്‌ലീഗ്) ചെയ്യുക എന്നാണ്. ഈ ഹിക്മത്തെന്താണ്? ഹിക്മത്തിന് വളരെ വിശാലമായ അർഥമാണുള്ളത്. വിജയപ്രദമായ തബ്‌ലീഗിന് ഈ അർഥങ്ങൾ അറിയേണ്ടത് നിർബന്ധമാണ്. നമ്മുടെ തബ്‌ലീഗിൽ ഈ കാര്യങ്ങൾ നാം മുന്നിൽ വെക്കേണ്ടതാണ്.

ഹിക്മത്തിന്റെ ഒരു അർഥം അറിവ് എന്നാണ്. തബ്‌ലീഗ് ചെയ്യുന്നതിന് അറിവും ഉണ്ടായിരിക്കേണ്ടതാണ്. തങ്ങൾക്കറിവില്ലെന്നും അതുകൊണ്ട് തബ്‌ലീഗ് ചെയ്യാൻ കഴിയുകയില്ലെന്നും ചിലയാളുകൾ പറയാറുണ്ട്. ഇക്കാലത്ത് ഈ ഒഴികഴിവ് ഒരു ഒഴികഴിവൊന്നുമല്ല. വൈജ്ഞാനികമായ അടിസ്ഥാനത്തിൽ നമ്മെ ഹദ്റത്ത് മസീഹ് മൗഊദ്(അ) തെളിവുകളുമായി ബന്ധിപ്പിച്ചിരിക്കുന്നു. ജമാഅത്തിന്റെ സാഹിത്യങ്ങളിൽ ആ അറിവ് ലഭ്യമാക്കിയിരിക്കുന്നു. ചെറിയ പരിശ്രമംപോലും ഒരു പരിധിവരെ ജ്ഞാനപരമായ ദൃഢത പ്രദാനം ചെയ്യുന്നു. ചോദ്യോത്തര രീതിയിൽ ഓഡിയോ വീഡിയോ സീഡികൾ ലഭ്യമാണ്. വെബ്സൈറ്റുകളുണ്ട്. ധാരാളമാളുകളുണ്ട്. അവർക്ക് സന്ദേശമെത്തിച്ചുകൊടുക്കുമ്പോൾ അവരിൽനിന്നുള്ള ചില അന്യർ പറയുന്നത് തങ്ങളുടെ പക്കൽ ഇപ്പോൾ ദീർഘമായ ചർച്ചയ്ക്ക് സമയമില്ലെന്നാണ്. അത്തരക്കാർക്ക് നോട്ടീസും വെബ്സൈറ്റിന്റെ മേൽവിലാസവും കൊടുക്കാവുന്നതാണ്. താൽപര്യമുള്ള ധാരാളമാളുകളുണ്ട്. അവർക്ക് പെട്ടെന്ന് സമയമുണ്ടാവുകയില്ല. പക്ഷേ, പിന്നീട് കാര്യങ്ങൾ അന്വേഷിക്കും. തങ്ങൾ ഇപ്രകാരം അറിവുകൾ നേടാറുണ്ടെന്ന് ധാരാളമാളുകൾ എന്നോട് നേരിട്ട് പറഞ്ഞിട്ടുണ്ട്

അതുകൊണ്ട് ഒന്ന് ആരുമായിട്ടാണോ വൈജ്ഞാനികമായ സംസാരമുണ്ടാകുന്നത് അവരോട് അവരുടെ നിലവാരത്തിൽനിന്നുകൊണ്ട് സംസാരിക്കാൻ ആദ്യം നമ്മുടെ അറിവ് വർധിപ്പിക്കേണ്ട ആവശ്യമുണ്ട്. രണ്ടാമത്തേത് ഇക്കാലത്ത് നമ്മുടെ സാഹിത്യങ്ങളിലും വെബ്സൈറ്റുകളിലും വൈജ്ഞാനികമായ മറുപടികളടങ്ങിയ കാര്യങ്ങൾ എവിടെയാണ് ലഭിക്കുക എന്നുള്ള അറിവുണ്ടായിരിക്കണം. വിവിധ മതങ്ങളുമായി ബന്ധം വെക്കുന്ന ആളുകളുമായും ദൈവനിഷേധികളുമായും അവരുടെ ചിന്താഗതിയും തെളിവുകളമനുസരിച്ച് നമുക്ക് തെളിവുകൾ നല്കേണ്ടതായി വരും.

ഹിക്മത്ത് എന്നതിന്റെ അർഥം ദൃഢവും ഉറപ്പുള്ളതുമായ കാര്യം എന്നുമുണ്ട്. (അഖ്റബുൽ മവാരിദ്) സ്വയം ശക്തമായ തെളിവ്. ആ തെളിവിനെ സ്ഥാപിക്കാൻവേണ്ടി മറ്റു തെളിവുകൾ നല്കി വീണ്ടും സ്ഥാപിക്കേണ്ട ആവശ്യം വരികയില്ല. അതിനാൽ, ദീർഘമായ വാദപ്രതിവാദങ്ങളിൽ പെടുന്നതിനു പകരം പരിശോധന നടത്തി, ആക്ഷേപം നോക്കി പിന്നീട് അതിനെ ശക്തമായ തെളിവുകൾകൊണ്ട് ഖണ്ഡിക്കാൻ ശ്രമിക്കേണ്ടതാണ്. തങ്ങളുടെ പരിതഃസ്ഥിതികളനുസരിച്ച് അത്തരം ആക്ഷേപങ്ങളും അതിനെ ഖണ്ഡിക്കുന്നതിനുള്ള തെളിവുകളും സമാഹരിച്ച് ഒരിടത്ത് ഒരുമിച്ചുകൂട്ടി പിന്നീട് ജമാഅത്തുകൾക്ക് ലഭ്യമാക്കുക എന്നതും തബ്‌ലീഗ് വകുപ്പിന്റെ ജോലിയാണ്; ഏറ്റവും കൂടുതൽ ആളുകൾക്ക് ആക്ഷേപങ്ങളെ ഖണ്ഡിക്കാൻ സാധിക്കുന്നതിന് വൈജ്ഞാനികവും ദൃഢവും ശക്തവുമായ തെളിവുകൾ ലഭ്യമാക്കുന്നതിനാണിത്.

ഹിക്മത്തിന്റെ ഒരു ഉദ്ദേശ്യം നീതിയെന്നുമുണ്ട്. സംവാദം നടന്നുകൊണ്ടിരിക്കുമ്പോൾ തിരിച്ച് നമ്മുടെമേൽത്തന്നെ പതിക്കുന്ന തരത്തിലുള്ള ആക്ഷേപങ്ങൾ ഉന്നയിക്കാൻ പാടില്ല. അല്ലാഹുവിന്റെ കൃപയാൽ അഹ്മദിയ്യാ ജമാഅത്തിൽ പൊതുവെ അത്തരം അവസ്ഥ ഉണ്ടാകാറില്ല. പക്ഷേ, പൊതുവെ മറ്റു മുസ്

ലീംകളിൽ അല്ലെങ്കിൽ മറ്റുള്ള മതത്തിലുള്ള ആളുകളിൽ ഇക്കാര്യം കാണാറുണ്ട്. നമ്മെ എതിർക്കുന്ന മുസ്‌ലീംകൾ മറ്റു നബിമാരിലും പതിയുന്ന ആക്ഷേപങ്ങളാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ ഉന്നയിക്കുന്നത്. തങ്ങളുടെ സങ്കല്പത്തിൽ സ്വയം തങ്ങളെ വലിയ പണ്ഡിതന്മാരാണെന്ന് മനസ്സിലാക്കുന്ന വലിയ വലിയ ആളുകളുണ്ട്. അവർ എത്തരത്തിലുള്ള ആക്ഷേപങ്ങളാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെമേൽ ഉന്നയിക്കുന്നതെന്നാൽ മറ്റു നബിമാരുടെമേലും ആ ആക്ഷേപം പതിയുന്നു.

ഇതുസംബന്ധമായും തബ്‌ലീഗ് വകുപ്പ് അത്തരം ആക്ഷേപങ്ങളും മറുപടികളും സമാഹരിക്കുകയും ജമാഅത്തുകൾക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ഇക്കാര്യങ്ങളെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടം മുതൽ ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെമേൽ ഉന്നയിക്കുന്ന ആക്ഷേപം മറ്റുള്ളവരുടെമേലും അവരുടെ സ്വന്തം മതത്തിലും പതിഞ്ഞുകൊണ്ടിരിക്കുന്നു. അക്കാലം മുതൽ ഹദ്റത്ത് മസീഹ് മൗഊദും(അ)അവരുടെ ആക്ഷേപങ്ങൾക്കുള്ള മറുപടി അവർ പറഞ്ഞതുതന്നെ അവരുടെ മേൽ മറിച്ചിട്ട് നല്കിയിട്ടുണ്ട്. അവരുടെ സാഹിത്യങ്ങൾ അല്ലെങ്കിൽ അവരുടെ ഏടുകൾ ഉദ്ധരിച്ച്,‘നിങ്ങൾ ഉന്നയിക്കുന്ന ഈ ആക്ഷേപങ്ങൾ യഥാർഥത്തിൽ ആക്ഷേപങ്ങളല്ലെന്നും ഈ ആക്ഷേപങ്ങളെല്ലാം അവിശ്വാസികൾ ഇസ്‌ലാമിന്റെമേലും ഉന്നയിച്ചിരുന്നതാണെന്നും അന്യ മതക്കാരോടും മുസ്‌ലിംകളോടും പറയുകയുണ്ടായി.’

തബ്‌ലീഗ് വകുപ്പും ഞാൻ പറഞ്ഞതുപോലെ ഇത്തരം ആക്ഷേപങ്ങളും മറുപടികളും ലഘുലേഖയുടെ രൂപത്തിൽ പ്രസിദ്ധീകരിച്ച് ജമാഅത്തുകൾക്ക് ലഭ്യമാക്കേണ്ടതാണ്. ഏറ്റവും കൂടുതലാളുകളെ തബ്‌ലീഗ് മൈതാനത്ത് ഇറക്കണമെങ്കിൽ ഈ കഠിനാധ്വാനം ഈ വകുപ്പിന് ചെയ്യേണ്ടതായിവരും. ചെലവുകൾ വഹിക്കേണ്ടതായും വരും.

ഇപ്രകാരംതന്നെ ഹിക്മത്തിന് സഹനശീലം മൃദുലത എന്നും അർഥമുണ്ട്. തബ്‌ലീഗ് രംഗത്ത് മൃദുലതയോടും ബുദ്ധിയോടുംകൂടി പ്രവൃത്തിക്കേണ്ട വളരെ അധികം ആവശ്യമുണ്ട്. ദ്വേഷത്തോടും കോപാകുലനായുംകൊണ്ട് സംസാരിക്കുമ്പോൾ മറ്റുള്ളവരുടെമേൽ നെഗറ്റീവായിട്ടുള്ള സ്വാധീനമായിരിക്കും ഉണ്ടാകുന്നത്. തെളിവുകളൊന്നുമില്ലാത്തതുകൊണ്ടാണ് ദ്വേഷത്തോടെ മറുപടി പറയുന്നതെന്ന് അവർ മനസ്സിലാക്കുകയും ചെയ്യും. ആരെങ്കിലും ദ്വേഷപ്പെട്ടാൽ അയാളോടും മയത്തിൽ സംസാരിക്കേണ്ടതാണ്. ഇസ്‌ലാമിന്റെ അധ്യാപനത്തിനെതിരെ ആക്ഷേപമുന്നയിക്കുന്നവർക്ക് നാമമാത്ര ഉലമാക്കളുടെ ദ്വേഷവും ഭീകരതയുംതന്നെയാണ് അതിനുള്ള അവസരം നലകിയത്. എന്നാൽ, വളരെ തന്മയത്തത്തോടെ സംസാരിക്കുകയാണെങ്കിൽ അങ്ങനെതന്നെ അവസാനിച്ചുപോകുന്ന ധാരാളം ആക്ഷേപങ്ങളുണ്ട്.

ഹിക്മത്ത് എന്നതിന് പ്രവാചകത്വം എന്നും ഒരു അർഥമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംവാദം നടത്തുന്നതിന്റേയും തെളിവുകൾ നല്കുന്നതിന്റേയും ഉദ്ദേശ്യം, നബി(സ)തിരുമേനിയുടെമേൽ ഇറങ്ങിയ വിശുദ്ധ ഖുർആനിലെ തെളിവുകളും അതിന്റെ അധ്യാപനങ്ങളും അനുസരിച്ച് തബ്‌ലീഗ് ചെയ്യേണ്ടതാണ് എന്നാകുന്നു. ഇസ്‌ലാമിന്റെമേൽ ആക്ഷേപം ഉന്നയിക്കുന്നവരുടേയും അല്ലെങ്കിൽ ആക്ഷേപം ഉന്നയിക്കുന്നവരിലേക്ക് ആകർഷിക്കപ്പെടുന്നവരുടേയും മുന്നിൽ വിശുദ്ധ ഖുർആനിന്റെ ആയത്തുകളുടെ വെളിച്ചത്തിൽ സംസാരിക്കുമ്പോൾ അവരിൽ വളരെ നല്ല സ്വാധീനമുണ്ടാകുന്നതായി ഞാൻ കണ്ടിട്ടുണ്ട്.

ഹിക്മത്തിന്റെ ഒരു ഉദ്ദേശ്യം അജ്ഞതയിൽ നിന്ന് തടയുക എന്നുമുണ്ട്. മറ്റുള്ളവർക്ക് എളുപ്പത്തിൽ മനസ്സിലാകുന്നതും അവരുടെ അജ്ഞത അകലുന്നതുമായ രീതിയിൽ സംസാരിക്കേണ്ടതാണ്. ആളുകളുടെ കാര്യബോധവും ഗ്രാഹ്യശക്തിയുമനുസരിച്ച് അവരോടു സംസാരിക്കേണ്ടതാണെന്ന് നബി(സ)തിരുമേനിയും നിർദേശിച്ചിട്ടുണ്ട്. (കൻസുൽ ഉമ്മാൽ വാള്യം 10 കിതാബുൽഇൽമ് പേജ് 105)

സത്യമനുസരിച്ചും അനുയോജ്യതരത്തിലുള്ളതുമായ കാര്യം സംസാരിക്കുക എന്നും ഇതിനു അർഥമുണ്ട്. എപ്പോഴും സത്യസന്ധതയോടും സംഭവങ്ങൾക്കനുസരിച്ചും സംസാരിക്കേണ്ടതാണ്. മറ്റുള്ളവരെ ആകർഷിച്ചെടുക്കുന്നതിനുവേണ്ടി യാഥാർഥ്യങ്ങളിൽനിന്നും സംഭവങ്ങളിൽനിന്നും തെന്നിമാറി സംസാരിക്കാൻ പാടില്ല. യാഥാർഥ്യങ്ങൾക്കും സംഭവങ്ങൾക്കും നിരക്കാത്ത കാര്യങ്ങൾ തെറ്റായ സ്വാധീനമായിരിക്കുമുണ്ടാക്കുക. കാരണം ഏതെങ്കിലും നേരത്ത് യാഥാർഥ്യം പ്രകടമാകുന്നതാണ്. അതുകൊണ്ട് എപ്പോഴും സത്യസന്ധവും യാഥാർഥ്യങ്ങൾക്ക് അനുസ്യതവുമായിട്ടുള്ള കാര്യം പറയേണ്ടതാണ്.

സാഹചര്യത്തിനും സന്ദർഭത്തിനും യോജിച്ചതും അതിനനുസരിച്ചുള്ളതുമായ കാര്യം പറയുന്നതിനും ഹിക്മത്ത് എന്ന് പറയും. അതായത് ഒരു തെളിവുകൊണ്ട് എതിരാളിയിൽ ദ്വേഷമുണ്ടാകുമെന്നും അയാൾ കോപിക്കുമെന്നും തബ്‌ലീഗുപരമായ സംസാരത്തിനുപകരം അടിപിടിയുണ്ടാകുമെന്നും ആശങ്കയുണ്ടെങ്കിൽ അത്തരം തെളിവുകൾ പറയാതിരിക്കേണ്ടതാണ്. സാഹചര്യത്തിനു അനുകൂലമായ തെളിവാണ് നല്കേണ്ടത്. അത് ഇതരന്റെ സ്വഭാവത്തിനനുസരിച്ചായിരിക്കണം. ഇടയ്ക്കുള്ള ദൂരം വർധിക്കുന്നതിനുപകരം അടുത്തുകൊണ്ടുവരാൻ നിമിത്തമായിരിക്കണം. ചിലയാളുകൾ ഒരു മജ്‌ലിസിൽ ഒരു കാര്യം പറയുന്നു. മറ്റുള്ളവർ അത് കേൾക്കുന്നു. അവരും നല്ലരീതിയിൽ അതിൽനിന്ന് ഫലമെടുക്കുന്നു. പക്ഷേ ആ നേരത്ത് സംസാരിച്ച് നിശ്ശബ്ദനാകുന്നതിന് പകരം, എപ്പോഴെങ്കിലും അവസരം കിട്ടിയാൽ ആ മജ്‌ലിസിൽ വീണ്ടും അയാളോടു സംസാരിക്കുകയും ആ വ്യക്തിയുടെ പിന്നാലെ കൂടി വീണ്ടും വീണ്ടും പറഞ്ഞ കാര്യങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയും ഇന്ന് വിശ്വസിപ്പിച്ചേ എഴുന്നേല്ക്കൂ എന്ന ചിന്തയിൽ അയാളെ വിശ്വസിപ്പിക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ മറ്റുള്ളവർക്ക് ദ്വേഷ്യം പിടിക്കുന്നു. അടുത്തുവന്നിട്ടുള്ളവൻ ദൂരത്തായിപ്പോകുന്നു. ആദ്യം പറഞ്ഞകാര്യത്തിനുണ്ടായ സ്വാധീനവും പിന്നീട് മങ്ങിപ്പോകുന്നു.

അതുകൊണ്ട് അവസരവും സാഹചര്യവും സ്വഭാവവും തിരിച്ചറിയേണ്ടതും തബ്‌ലീഗിന് വളരെ നിർബന്ധമാണ്. തബ്‌ലീഗിൽ സ്ഥായിയായ സ്വഭാവം ആവശ്യമാകുന്നിടത്ത് വ്യക്തിപരമായ ബന്ധങ്ങൾ വർധിപ്പിക്കേണ്ട ആവശ്യവുമാണ് ഇത് ആഗ്രഹിക്കുന്നത്. വ്യക്തിപരമായ ബന്ധങ്ങളിലൂടെ മറ്റുള്ളവരുടെ സ്വഭാവങ്ങൾ തിരിച്ചറിയാൻ കഴിയുന്നു.

അതുകൊണ്ട് നമുക്ക് നമ്മുടെ തബ്‌ലീഗ് സംരംഭങ്ങളിൽ ഒരു സ്ഥിരമായ അവസ്ഥ ഉണ്ടാക്കേണ്ട ആവശ്യമുണ്ട്. വർഷത്തിൽ ഒന്നോ രണ്ടോ തവണ പത്തുദിവസ തബ്‌ലീഗ് ദിനങ്ങൾ കൊണ്ടാടി, നോട്ടീസുകൾ റോഡരികിൽനിന്ന് വിതരണം ചെയ്തു, എന്നിട്ട് തബ്‌ലീഗ് ചെയ്തുവെന്ന് മനസ്സിലാക്കലല്ല.

ഈയിടെയായി ഇവിടെ വിവിധ പ്രായത്തിൽപ്പെട്ട ധാരാളമാളുകൾ അസൈലം വാങ്ങാൻ വരുന്നുണ്ട്. ചിലർ ആരോഗ്യവാന്മാരും യുവാക്കളുമാണ്. ചിലർ അല്പം പ്രായംചെന്നവരാണ്. അവരുടെ കേസുകളുടെ വിധി വരുന്നതുവരെ അധികവും അവരുടെ പക്കൽ സമയമുണ്ടാകും. അവർ കൂടുതൽ സമയം വെറുതെയിരിക്കുന്നവരായിരിക്കും. അത്തരക്കാരെല്ലാം അവരുടെ ആരോഗ്യവും പ്രായവും നോക്കി തബ്‌ലീഗിനുവേണ്ടി തങ്ങളെ സമർപ്പിക്കേണ്ടതാണ്. സാഹിത്യങ്ങൾ വിതരണം ചെയ്യുന്നതിന് കുറച്ചോ കൂടുതലോ സമയം നൽകേണ്ടതാണ്. ഭാഷ അറിയില്ലെങ്കിൽ ബുക്കുകളും കാസറ്റുകളും കൊണ്ടുപോകുക. ഇനി വഴികളിൽ സാഹിത്യങ്ങൾ വിതരണം ചെയ്യണമെങ്കിൽ വിതരണത്തിനുള്ള സ്ഥിരമായൊരു പരിപാടി ഉണ്ടാകേണ്ടതാണ്. അസൈലം വാങ്ങാൻ വന്നിട്ടുളളവർക്ക് അത് നടപ്പിൽ വരുത്താവുന്നതാണ്. അവർക്ക് പുണ്യവുമുണ്ട്, നന്മയുമുണ്ട്. തബ്‌ലീഗ് എന്ന നിർബന്ധകടമയും നിറവേറ്റപ്പെടും. അതിന്റെ ബർക്കത്ത് കൊണ്ട് അവരുടെ കേസും പെട്ടെന്ന് പാസാകാവുന്നതാണ്. എന്തായാലും ഈ നിർദ്ദേശങ്ങൾ തബ്‌ലീഗിന്റെ വകുപ്പിൽനിന്ന് സ്ഥിരമായി തബ്‌ലീഗ് ചെയ്യുന്നതിന് അവർക്ക് പോകേണ്ടതാണ്. സാഹിത്യങ്ങൾ ലഭ്യമാക്കേണ്ടതാണ്. പിന്നീട് അതനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഈ രീതിയിൽ ഹിക്മത്തിന്റെ അർഥങ്ങളിൽ പറയപ്പെട്ട ഇക്കാര്യങ്ങൾ നടക്കേണ്ടതാണ്. അവരിൽ ഭാരവാഹികളും പഴയ ആളുകളും പങ്കെടുക്കേണ്ടതാണ്. അല്ലാതെ അസൈലം സീക്കേസിനുവേണ്ടി ഞാൻ പറഞ്ഞത് അവർ മാത്രം ചെയ്യുക എന്നല്ല. ദാഇയാനെ ഖുസൂസിയും വെറും പേരിനുള്ള ദാഇയാനെ ഖുസൂസിയായിക്കൊണ്ടല്ല. മറിച്ച് കൂടുതൽ സമയം കൊടുത്ത് തബ്‌ലീഗിന്റെ ഈ മൈതാനത്ത് ഇപ്പോൾ വരേണ്ടതാണ്.

ലോകത്തിന്റെ അവസ്ഥകൾ ഇങ്ങനെ ആയിക്കൊണ്ടിരിക്കുന്നത് നിങ്ങൾ ഭൗതികതയിൽ മുങ്ങിത്താണുകിടക്കുന്ന കാരണത്താലാണെന്ന് ലോകത്തുള്ള എല്ലാവരോടും തുറന്നു പറയേണ്ട സ്ഥിതിയാണുള്ളത്. അല്ലാഹുവിന്റെ വെറുപ്പ് കാരണത്താലാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് അല്ലാഹുവിലേക്ക് വരികയും സത്യമതത്തെ കണ്ടെത്തുകയും ചെയ്യുക എന്ന ഒരേയൊരു വഴിയെയുള്ളു. മൗഇളത്തിൽ ഹസന എന്ന തബ്‌ലീഗിന്റെ കല്പന ഹിക്മത്തോടുകൂടി തബ്‌ലീഗ് ചെയ്യുക എന്ന അർഥങ്ങളിലും വന്നിട്ടുണ്ട്. അതായത് മൃദുഭാവത്തോടും മനസ്സിനെ സ്വാധീനിക്കുന്ന തരത്തിലും തബ്‌ലീഗ് ചെയ്യുക.

അതിനാൽ ഹിക്മത്തോടും സദുപദേശത്തോടും ശക്തമായ തെളിവോടും കൂടി തബ്‌ലീഗ് ചെയ്യുക എന്ന അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുക എന്നത് നമ്മുടെ ജോലിയാണ്. സ്ഥിരസ്വഭാവത്തോടെ അത് നടത്തിക്കൊണ്ടുപോകേണ്ടത് നമ്മുടെ ജോലിയാണ്. അതിന്റെ ഫലങ്ങൾ താനാണ് ഉണ്ടാക്കേണ്ടതെന്ന് അല്ലാഹു പറഞ്ഞു. ആരാണ് വഴികേടിൽ അലഞ്ഞുനടക്കേണ്ടതെന്നും ആരാണ് സന്മാർഗം പ്രാപിക്കേണ്ടതെന്നും അല്ലാഹുവിന്റെ അറിവിലുണ്ട്. ആർക്കും നിർബന്ധിച്ച് സന്മാർഗം നല്കാൻ നിങ്ങൾക്ക് സാധ്യമല്ലെന്നും മറ്റൊരിടത്ത് പറഞ്ഞു. നിങ്ങളുടെ ജോലി തബ്‌ലീഗ് ചെയ്യുക എന്നതാണ്. സന്ദേശമെത്തിക്കുക എന്നതാണ്. സത്യസന്ദേശം ലോകത്തിലെ ഓരോ വ്യക്തിക്കും എത്തിച്ചുകൊടുക്കേണ്ടതാണ്. ഇസ്‌ലാമിന്റെ സവിശേഷഗുണങ്ങളേയും മനോഹരമായ അധ്യാപനത്തേയും മറ്റുള്ളവരുടെ മേൽ പ്രകടിപ്പിക്കേണ്ടതാണ്. അത് ചെയ്തു

കൊണ്ടേ പോകുക. ഫലത്തെ കുറിച്ച് നമ്മൾ ഉത്തരവാദികളല്ല. ഇനി താൻ അവന്റെ അടുത്തുപോയി സന്ദേശം എത്തിക്കുകയും അവനിൽ അത് ഫലിക്കുകയും ചെയ്യും എന്നു പറയാൻ മനുഷ്യൻ അദൃശ്യങ്ങൾ അറിയുന്നവനല്ല. അത് സമയം നഷ്ടപ്പെടുത്തലാണ്.ആരുടെ മേലാണ് അത് സ്വാധീനം ചെലുത്തുന്നതെന്ന് മനുഷ്യന് അറിയില്ല. ആരിലാണ് തബ്‌ലീഗ് സ്വാധീനം ചെലുത്തുന്നതെന്നും ആരിലാണ് ചെലുത്താത്തതെന്നുമുള്ള അറിവ് നിങ്ങൾക്ക് നല്കപ്പെട്ടിട്ടില്ലെന്ന് അല്ലാഹു പറയുന്നു. എന്തുകൊണ്ട് തബ്‌ലീഗിന് പോസിറ്റീവായിട്ടുള്ള ഫലമുണ്ടാകുന്നില്ല, എന്തുകൊണ്ട് 100% ആളുകളും നമ്മുടെ സന്ദേശത്തിൽ ആകൃഷ്ടരായി ഇസ്‌ലാം സ്വീകരിക്കുന്നില്ല തുടങ്ങിയുള്ള ഫലങ്ങളെക്കുറിച്ച് നമ്മൾ ഉത്തരവാദികളല്ല. നമ്മളോടു ചോദിക്കുകയാണെങ്കിൽ സന്ദേശമെത്തിച്ചുകൊടുത്തുവോ? എന്ന് മാത്രമായിരിക്കും ചോദിക്കുന്നത്. അല്ലെങ്കിൽ പിന്നെന്തുകൊണ്ട് നമ്മൾ തബ്‌ലീഗ് എന്ന നിർബന്ധ കടമ നിറവേറ്റിയില്ല? എന്തുകൊണ്ട് അല്ലാഹുവിന്റെ നിർദേശമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് പ്രബോധനം ചെയ്തില്ല. ആര് സന്മാർഗം പ്രാപിക്കും ആര് പ്രാപിക്കുകയില്ല എന്ന കാര്യം അല്ലാഹു മാത്രമാണ് അറിയുന്നത്. നമ്മൾ നമ്മുടെ നിർബന്ധകടമകൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. മരിച്ചതിനുശേഷം ലോകർ കുറഞ്ഞപക്ഷം അല്ലാഹുവിനോട് തങ്ങൾക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിയിരുന്നില്ല. അതുകൊണ്ട് തങ്ങൾ ചെയ്ത കുറ്റം എന്താണെന്ന് അല്ലാഹുവിനോട് ചോദിക്കാൻ പറ്റുകയില്ല.

ചില ആളുകൾ സന്ദേശം കേൾക്കുന്നു. മനസ്സിലാക്കുന്നു. പക്ഷേ, പിന്നീട് ദൗർഭാഗ്യവശാൽ എന്തെങ്കിലും തടസ്സം അവർക്കുണ്ടാകുന്നു. അവർ സ്വീകരിക്കുന്നില്ല. രണ്ട് ദിവസം മുമ്പേ യൂറോപ്പിലെ ഒരു രാജ്യത്തിലെ മുബല്ലിഗ് എനിക്ക് എഴുതി: 'ഇന്നയിന്നയാളുകൾ അങ്ങയെ കണ്ടിരുന്നു. ജർമനി ജൽസയിലും പങ്കെടുത്തിരുന്നു. തബ്‌ലീഗിന്റേയും നല്ല അന്തരീക്ഷത്തിന്റേയും സ്വാധീനവും അവരിലുണ്ടായിരുന്നു. പല പ്രാവശ്യം ബയ്അത്ത് ചെയ്യുന്നതിന് അയാൾ തീരുമാനിച്ചതാണ്. പിന്നീട് എന്തോ തടസം വന്നു. ഇത് ഇപ്പോൾ അല്ലാഹുവിനേ അറിയൂ അയാൾക്ക് സ്വീകരിക്കാനുള്ള തൗഫീഖ് കിട്ടുമോ ഇല്ലയോ എന്ന്. പക്ഷേ, നമ്മൾ എന്തായാലും നമ്മുടെ നിർബന്ധകടമ പൂർത്തിയാക്കി. ഇസ്‌ലാമിന്റെ യഥാർഥമായ അധ്യാപനത്തെക്കുറിച്ച് പറഞ്ഞുകൊടുത്തു.

തബ്‌ലീഗ് സംബന്ധമായി മറ്റൊരു കാര്യവും ഉണ്ട്. ചിലയാളുകൾ തബ്‌ലീഗ് ചെയ്ത് നിങ്ങൾ എത്രപേരെ അഹ്മദിയാക്കി എന്ന് ചോദിക്കുന്നു. പിന്നീട് മുസ്‌ലിംകൾ നിങ്ങളെ മുസ്‌ലിംകളായി മനസ്സിലാക്കുന്നില്ലെന്നും പറയുന്നു. നിങ്ങൾ തബ്‌ലീഗ് ചെയ്യുകയും ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ നിലയിൽ പോയാൽ ഇസ്‌ലാമികാധ്യാപനം വ്യാപിക്കുന്നതിൽ എത്രകാലമെടുക്കുമെന്നും ചോദിക്കുന്നു. പിന്നീട് ബാഹ്യത്തിൽ നോക്കുമ്പോൾ നിങ്ങളുടെ കാര്യങ്ങൾ ബുദ്ധിപരവും യുക്തിപരവുമാണെന്നും അംഗീകരിക്കുന്നു. എന്നോടും പലയാളുകളും ചോദിച്ചിട്ടുണ്ട്. വിവിധ സ്ഥലങ്ങളിൽ ചോദിച്ചിട്ടുണ്ട്. ഇപ്പോൾ ജർമനി യാത്രയിലും ഒരു ജേർണലിസ്റ്റ് ചോദിക്കുകയുണ്ടായി. എപ്പോഴും നമ്മുടെ മറുപടി ഇതുതന്നെയായിരുന്നു. ഞങ്ങൾക്ക് തബ്‌ലീഗ് ചെയ്യാനും സന്ദേശമെത്തിക്കാനുമുള്ള കല്പന യാണുള്ളത്. അതിൽനിന്ന് ഞങ്ങൾ പിന്നാക്കം പോകുകയില്ല. ഞങ്ങൾ മാറുകയുമില്ല. ഞങ്ങൾ ഞങ്ങളുടെ ജോലി ചെയ്തുകൊണ്ടേപോകും. ആര് സന്മാർഗ്ഗം പ്രാപിക്കണം ആര് പ്രാപിക്കണ്ട ഇതെല്ലാം അല്ലാഹുവാണ് അറിയുന്നത്. ഞങ്ങളെ ഏല്പിച്ചിട്ടുള്ള ജോലി ഞങ്ങൾ ചെയ്യുന്നു. പക്ഷേ, അതിനോടൊപ്പം അല്ലാഹുവും അവന്റെ റസൂലും വിജയിക്കുകതന്നെ ചെയ്യുമെന്നുള്ള അല്ലാഹുവിന്റെ വാഗ്ദാനവുമുണ്ട്. അതുകൊണ്ട് ഞങ്ങൾ ആ പ്രതീക്ഷയിലാണുള്ളത്. ഇൻശാഅല്ലാഹ് ഒരുനാൾ ഭൂരിപക്ഷം ഞങ്ങളുടേതായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഞാൻ ഓതിയ ആയത്തിനെ വ്യക്തമാക്കിക്കൊണ്ട് ചില സ്ഥലങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. ചില നേരങ്ങളിൽ ഇസ്‌ലാം വിരോധികൾ ആ മഹാത്മാവിന്റെ വികാരങ്ങളെപ്രകോപിപ്പിക്കുന്നതിനുവേണ്ടി ശ്രമിച്ചതിനെ സംബന്ധിച്ചും വിവരിച്ചിട്ടുണ്ട്. പക്ഷേ എന്നിട്ടും അവിടന്ന് ഈ വചനമനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് എങ്ങനെയാണ് സമാധാനഭംഗം ഉണ്ടാകാതിരിക്കാനും കലഹങ്ങൾ തടയാനും തന്റെ രീതി കാണിച്ചത്? അവിടന്ന് തന്റെ ഗ്രന്ഥത്തിൽ പറയുന്നു:

'മറുപടി പറയുന്ന നേരത്ത് ഞാൻ ഒരിക്കലും മൃദുഭാവവും സാവധാനത്വവും കൈയിൽനിന്ന് വിട്ടു കളഞ്ഞിട്ടില്ലെന്ന് അല്ലാഹുവിനറിയാം. (അതായത് മൃദുലമായ സ്വഭാവം ഒരിക്കലും ഉപേക്ഷിച്ചിട്ടില്ല). "എപ്പോഴും മയമുള്ളതും മൃദുലവുമായ വാക്കുകൾകൊണ്ടാണ് പ്രവൃത്തിച്ചിട്ടുള്ളത്." പറഞ്ഞു: 'ചില നേരത്ത് എതിരാളികളുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള അങ്ങേയറ്റം കഠിനവും കലാപങ്ങൾ ഉണ്ടാക്കുന്നതുമായ എഴുത്തുകണ്ട് തങ്ങൾക്ക് ഈ രീതിയിൽ പകരം കിട്ടി എന്നു ജനങ്ങൾ മനസ്സിലാക്കി മൃഗീയമായ ആവേശത്തള്ളലിനെ അമർത്തിവെക്കുന്നതിനുവേണ്ടി നന്മ ആഗ്രഹിച്ച് ഒരളവോ ളം കടുപ്പം കലർന്ന പദങ്ങൾ നാം സ്വീകരിച്ചിട്ടുള്ളതൊഴികെ!" (ചിലപ്പോൾ കാഠിന്യം കാണിച്ചിട്ടുണ്ട്. എന്തിന്? എതിരാളികളായ വ്യത്തികെട്ട ഉലമാ അല്ലെങ്കിൽ ഉപദ്രവങ്ങളിൽ അതിരുലംഘിക്കുന്ന നേതാക്കന്മാർ, അവർ അതിരുകടക്കുന്നുവെന്ന് മാത്രമല്ല ജനങ്ങളെ പ്രകോപിതരാക്കുകയും ചെയ്യുന്നു, അവർക്കുള്ള മറുപടിയിലാണ് അതു പറഞ്ഞിട്ടുള്ളത്. അവർ അവരുടെ എഴുത്തുകളിൽ ഇപ്രകാരം കാഠിന്യം കാണിച്ചു. ഇത്തരത്തിൽ എഴുതുകയും ചെയ്തു). ജനങ്ങൾ ഈ രീതിയിൽ തങ്ങളുടെ വേതനം പറ്റിക്കൊണ്ട് മൃഗീയമായ ആവേശങ്ങളെ അമർത്തിവെക്കേണ്ടതിനാണത്. (ഇതും എന്തിനാണെന്നാൽ മുസ്‌ലിംകൾക്കെതിരാണെങ്കിൽ അതിനും ശക്തമായ ഭാഷയിൽ ഈ രീതയിൽ തന്നെയായിരുന്നു മറുപടി നല്കിയിരുന്നത്) അതിനേക്കാൾ കൂടുതൽ ആവേശം കാണിക്കേണ്ട ആവശ്യമില്ല. ഫസാദുകളും കുഴപ്പങ്ങളും ഉണ്ടാക്കുന്ന മൃഗീയമായ അവസ്ഥ കാണിക്കേണ്ട ആവശ്യമില്ല. പറഞ്ഞു: ഈ കാഠിന്യം ഏതെങ്കിലും വിഷയേച്ഛയുടെ കടന്നുകയറ്റാത്തലോ പ്രകോപനംകൊണ്ടോ അല്ല. മറിച്ച് ജാദിൽഹും ബില്ലത്തീ ഹിയ അഹ്സൻ (ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോടു സംവാദം നടത്തുക) എന്ന ആയത്തനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ഒരു യുക്തിപൂർവമായ കർമം എന്ന നിലയ്ക്കാണ് ഉപയോഗത്തിൽ കൊണ്ടുവന്നത്." ഈ നേരത്ത് ചിലപ്പോൾ ഈ കടുപ്പത്തിലും പറയേണ്ടതായി വരും. അതും ഈ ആയത്തിന് വിധേയമായി വരുന്നുണ്ട്. യുക്തിപരമായ പ്രവൃത്തി എന്ന നിലയിൽ അത് ഉപയോഗിക്കപ്പെട്ടിരിക്കുന്നു. ശരിയായതും അവസ്ഥകൾക്ക് ചേർന്നതും ആയ കാര്യങ്ങൾ പറയുക. അതുമുഖേന ഈ നേരത്ത് എതിരാളികൾക്കും തത്തുല്യമായ മറുപടി കൊടുക്കേണ്ടത് നിർബന്ധമാണ്. അതുകൊണ്ട് ചിലപ്പോൾ കഠിനമായും മറുപടി നല്കാറുണ്ട്. പക്ഷേ, പൊതുവേ മൃദുലനയം തന്നെയാണ് കാണിക്കേണ്ടത്. പറഞ്ഞു: ഈ ആയത്തനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ഒരു യുക്തിപരമായ പ്രവർത്തി എന്ന നിലയിൽ അത് ഉപയോഗിക്കപ്പെട്ടതാണ്. അതും ചെയ്തത് എതിരാളികളുടെ അപമാനിക്കലും നിന്ദിക്കലും ദുർഭാഷണവും അതിന്റെ പാരമ്യതയിലെത്തിയപ്പോഴാണ്. നമ്മുടെ സയ്യിദും മൗലായും പ്രപഞ്ചത്തിന്റെ നായകനും സൃഷ്ടികളുടെ എല്ലാം അഭിമാനവുമായ നബി(സ)തിരുമേനിയെ സംബന്ധിച്ച് സമാധാനഭംഗം ഉണ്ടാകുന്ന തരത്തിലുള്ള വൃത്തികെട്ടതും കുഴപ്പം നിറഞ്ഞതുമായ പദങ്ങൾ അക്കൂട്ടർ പ്രയോഗിച്ചപ്പോഴായിരുന്നു നാം ഈ യുക്തിഭദ്രമായ കർമത്തെ ഉപയോഗിച്ചത്.' (അൽബലാഗ് റൂഹാനീ ഖസായിൻ വാല്യം 13 പേജ് 385)

അതിനാൽ അത്തരം അവസ്ഥകൾ ഉണ്ടാകുമ്പോൾ ജാദിൽഹും ബില്ലദീ യഹ്അഹ്സൻ എന്നതിന്റെ ഉദ്ദേശ്യം അതേ യുക്തിപരമായ പ്രവർത്തിയിലൂടെ നടന്ന് അതായത് എതിർകക്ഷി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കടുപ്പത്തിൽ മറുപടി നൽകുക. അതിന്റെ ഉദ്ദേശ്യം അവരും കുഴപ്പങ്ങളും കലഹങ്ങളും ഉണ്ടാക്കാതിരിക്കുക എന്നതാണ്. കലഹങ്ങളും കുഴപ്പങ്ങളും തടയുക എന്നതാണ്. എന്നാൽ, യഥാർഥ സന്ദേശം ശരിയായ നിലയിൽ എത്തിക്കുകയും വേണം. ഇക്കാര്യം അനിവാര്യമാണ്. അവിടന്ന് ഒരിക്കലും എതിരാളികൾ കൈക്കൊണ്ട വഴി സ്വീകരിച്ചിട്ടില്ല. അതിനു പകരം അവിടന്നും പറഞ്ഞത് സർക്കാരിനേയും നിയമങ്ങളേയും പാലിക്കേണ്ടത് നിർബന്ധമാണെന്നാണ്. കലഹങ്ങൾ വ്യാപിക്കുന്നത് തടയുന്നതിനുവേണ്ടി തെളിവുകൾ കൊണ്ടുതന്നെ അവിടന്ന് സംസാരിക്കുകയും നിയമത്തിന്റെ സഹായം തേടുകയും ചെയ്തു. ചുരുക്കത്തിൽ എവിടെ ആത്മീയരോഷം കാണിക്കേണ്ടത് അനിവാര്യമാണോ അവിടെ അവിടന്ന് അത് കാണിക്കുകയും ചെയ്തു.

മറ്റൊരിടത്ത് അവിടന്ന് പറയുന്നു: 'ജാദിൽഹും ബില്ലത്തീ ഹിയ അഹ്സൻ എന്നതിന്റെ ഉദ്ദേശ്യം മുഖപ്രശംസ ചെയ്ത് യാഥാർഥ്യത്തിനു വിരുദ്ധമായ കാര്യത്തിന് കൂട്ടുനില്ക്കുംവിധം മൃദുഭാവം കാണിക്കുക എന്നതല്ല. ദൈവമാണെന്ന് വാദിക്കുകയും നമ്മുടെ റസൂലിനെ പ്രവചനമെന്ന നിലയിൽ പെരുങ്കള്ളനാണെന്ന് പറയുകയും നഊദുബില്ലാഹ് ഹദ്റത്ത് മൂസായുടെ പേര് കൊള്ളക്കാരനെന്ന് വെക്കുകയും ചെയ്യുന്ന വ്യക്തിയെ സത്യവാനെന്ന് പറയാൻ നമുക്ക് പറ്റുമോ? അങ്ങനെ ചെയ്യൽ മുജാദലയെ ഹസനെയാണോ? ഒരിക്കലുമല്ല. മറിച്ച് കപടമായ ജീവിതവും വഞ്ചനയുടെ ഒരു ശാഖയുമാണ്.' (തർയാഖുൽ ഖുലൂബ് റൂഹാനീ ഖസായിൻ വാല്യം 15 പേജ് 305)

ഇക്കാര്യങ്ങൾ തമ്മിലുള്ള വ്യത്യാസവും എപ്പോഴും നമ്മൾ മുന്നിൽ വെക്കേണ്ടതാണ്. അതായത് മുഖപ്രശംസ ഉണ്ടാകരുത്. നമ്മൾ തബ്‌ലീഗ് ചെയ്യേണ്ടതാണ്. മറ്റുള്ളവർക്ക് കാര്യങ്ങൾ കേൾപ്പിക്കേണ്ടതാണ്. ഈ പരിധി നാം അവലംബിക്കുന്നില്ലെങ്കിൽ ആത്മീയമായ രോഷംതന്നെ തികച്ചും ഇല്ലാതായിപ്പോകും. കലഹവും കുഴപ്പവും ഉണ്ടാക്കാൻ പാടില്ലെന്നത് ശരിതന്നെ. പക്ഷേ, ഒരുപരിധിവരെ ചിലപ്പോൾ അവരുടെതന്നേ വാക്കുകളെ അവരിൽ മറിച്ചിടേണ്ടതായിവരുന്നു. അതുകൊണ്ട് എതിരാളികൾ അതിരുകടന്ന് ആക്ഷേപങ്ങളിൽ മുന്നേറുമ്പോൾ അല്ലെങ്കിൽ അവരുടെ കാര്യങ്ങൾ അതിരുകടന്ന് മൃഗീയമായ വാക്കുകളിലേക്കു പോകുമ്പോൾ കലഹങ്ങൾ തടയുന്നതിനുവേണ്ടി അതേ നിലയിൽ മറുപടി നല്കേണ്ടിവ

രും. ഇപ്രകാരം അവിടന്നും മറുപടി നല്കിയിട്ടുണ്ട്. മൃദുലമായി സംസാരിക്കുക എന്നതിന്റെ അർഥം ആദ്യവും ഞാൻ പറഞ്ഞതുപോലെ മുഖസ്തുതി പറഞ്ഞ് ഇത്രമത്രം ഭയന്ന് അവർ പറയുന്നതെല്ലാം കൈകൊട്ടി അംഗീകരിക്കുക എന്നതല്ല. സംഭവത്തിന് നിരക്കാത്ത കാര്യമാണെങ്കിലും അതിനെ സാക്ഷ്യപ്പെടുത്തുക എന്നതല്ല. യുക്തിപരമായി പ്രവർത്തിക്കേണ്ടത് എന്തായാലും നിർബന്ധമാണ്. മൃദുലമായ ഭാഷയും സ്വഭാവവും നിർബന്ധമാണ്. പക്ഷേ, തെറ്റിനെ തെറ്റാണെന്ന് പറയേണ്ടതും നിർബന്ധമാണ്.

അതുകൊണ്ട് ഇക്കാര്യം എപ്പോഴും ഓർമവയ്ക്കേണ്ടതാണ്. യുക്തി എന്നതിന്റെ അർഥം ഭീരുത്വമെന്നല്ല. അല്ലെങ്കിൽ നമ്മുടെ അടുത്തു കൊണ്ടുവരുന്നതിനുവേണ്ടി തെറ്റായ കാര്യങ്ങൾ സാക്ഷ്യപ്പെടുത്തുകയല്ല. ഉദാഹരണത്തിന് ലൗകികർ സ്വാതന്ത്ര്യത്തിന്റെ പേരിൽ ശരീഅത്ത് ഒരിക്കലും അനുവദിക്കാത്ത നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതിന്നെതിരിൽ ആരെങ്കിലും പറഞ്ഞാൽ, ഈ അഹ്മദികളും ഭീകരവാദത്തിൽനിന്ന് അകന്നിരിക്കുന്നവരായി മനസ്സിലാകുന്നുവെങ്കിലും തങ്ങൾക്കെതിരിൽ സംസാരിക്കുന്നുവെന്നാണ് പറയുന്നത്. നമ്മൾ ഭീകരവാദികളല്ലെന്ന് അവർ പ്രകടിപ്പിക്കുന്നു. പക്ഷേ, ചില കാര്യങ്ങളിൽ നമ്മളും ഭീകരവാദികളാണത്രെ! ഉദാഹരണം പറയുന്നത് സ്ത്രീകൾക്ക് കൈകൊടുക്കുന്ന കാര്യമാണ്. അല്ലെങ്കിൽ സ്വവർഗരതികളുടെ കാര്യമാണ്. ജർമനിയിൽ എന്നോട് ചിലർ ചോദിച്ചു, ഞാൻ പറഞ്ഞതിനുള്ള മറുപടിയിൽ കുറച്ച് നെഗറ്റീവായിട്ടുള്ള ചർച്ചയും നമുക്കെതിരിൽ നടന്നു. പക്ഷേ, ഭൂരിപക്ഷം ആളുകൾക്കും യാഥാർഥ്യം മനസ്സിലായി. നമുക്ക് വഴക്കിടേണ്ട ആവശ്യമില്ല. എതാണോ തെറ്റ് അതിനെ നമ്മൾ തെറ്റെന്ന് പറയണം.

കഴിഞ്ഞ ദിവസം ഇവിടെ യുകെയിലെ ഒരു രാഷ്ട്രീയപാർട്ടിയുടെ അംഗം -അദ്ദേഹം പാർട്ടി ലീഡർ ആകുന്നതിനുവേണ്ടി നില്ക്കുകയാണെന്നത് ഇവിടെ പ്രസിദ്ധമായിരുന്നു-തനിക്ക് പാർട്ടിലീഡർ ആകുന്നതിനുവേണ്ടി നില്ക്കാൻ സാധ്യമല്ലെന്ന് വിളംബരം ചെയ്തു. കാരണം ഒന്ന് അദ്ദേഹം സ്വവർഗരതിക്കെതിരാണ്. രണ്ടാമത്തേത് അബോർഷന് എതിരാണ്. ഈ രണ്ട് കാര്യങ്ങളും എങ്ങനെയുള്ളതാണെന്നാൽ അതിനെതിരിൽ നമ്മുടെ സമൂഹത്തിൽ കേൾക്കുന്നതിനുള്ള വകയേയില്ലെന്ന് അദ്ദേഹം പറഞ്ഞു. സ്വവർഗരതിയുടെ പ്രശ്നം വിശുദ്ധഖുർആനിലും ബൈബിളിലും രണ്ട് ഗ്രന്ഥങ്ങളിലും ഈ തിന്മ ചെയ്യുന്നവർക്ക് ദൈവത്തിൽനിന്ന് ശിക്ഷയുണ്ടാകുമെന്നുള്ള കാര്യമാണ് പറഞ്ഞിട്ടുള്ളത്. പക്ഷേ, അബോർഷൻ ചില അവസ്ഥകളിൽ നമ്മൾ അനുവദനീയമായി മനസ്സിലാകുന്നു. എന്തായാലും അദ്ദേഹത്തിന്റെ സ്വന്തം വീക്ഷണം അതായിരുന്നു.

ഇപ്രകാരം മറ്റൊരു രാഷ്ട്രീയപാർട്ടിയുടെ ലീഡർ കുറച്ചുമാസമായി തന്റെ പാർട്ടിയിൽനിന്ന് നേതൃസ്ഥാനം രാജിവെച്ചിരിക്കുകയാണ്. അദ്ദേഹം സ്വവർഗ്ഗരതിക്കെതിരായിരുന്നു. അദ്ദേഹം പറഞ്ഞു ഇക്കാരണത്താൽ ഞാൻ എന്റെ വിശ്വാസത്തിനും രാഷ്ട്രീയത്തിനുമിടയിൽ ഭാഗം വെച്ചിരുന്നുപോയി. അതുകൊണ്ട് ഞാൻ എന്റെ വിശ്വാസത്തെ രക്ഷിക്കുന്നതിനുവേണ്ടി പാർട്ടി ലീഡർഷിപ്പിൽനിന്ന് വേറിട്ടുനിൽക്കുന്നതാണ് നല്ലത് .

'ലൗകികരായ ഇക്കൂട്ടർ - അവരുടെ മതവും യഥാർഥ അവസ്ഥയിൽ നിലനില്ക്കുന്നതല്ല- തങ്ങളുടെ ഭൗതികമായ കാര്യങ്ങളെ മതത്തിനു വേണ്ടി ബലിയർപ്പിക്കുകയും മുഖപ്രശംസ കാണിക്കാതിരിക്കുകയും ഭീരുത്വം കാണിക്കാതിരിക്കുകയും ചെയ്യുമ്പോൾ അവസാനത്തേതും എന്നെന്നും നിലനില്ക്കുന്നതുമായ ശരീഅത്തിനെ വിശ്വസിക്കുന്ന നമുക്ക് എത്രമാത്രം ശക്തമായ വിശ്വാസമാണ് വേണ്ടത്. നമ്മുടെ ഭൗതികമായ ബന്ധങ്ങളിലും തബ്ലീഗുപരമായ ബന്ധങ്ങളിലും ഹിക്മത്തോടുകൂടി ശക്തമായ തെളിവോടുകൂടി അക്കാര്യങ്ങൾ ഖണ്ഡിക്കേണ്ടതാണ്. അല്ലാതെ ഭൗതികമായ നേട്ടങ്ങൾക്കുവേണ്ടി അക്കാര്യങ്ങളെ ഭയപ്പെടുകയല്ല. അവരുമായിട്ടുള്ള ബന്ധം അവസാനിച്ചുപോകുമെന്ന് കരുതി അവർ പറയുന്നതിനെയെല്ലാം കൈകൊട്ടി അംഗീകരിക്കുകയല്ല വേണ്ടത്. ഹിക്മത്തോടുകൂടി സംസാരിക്കുകയാണെങ്കിൽ ഒരു ബന്ധവും അവസാനിച്ചുപോകുകയില്ല. മുമ്പേയും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ് നേർമാർഗം പ്രാപിക്കുന്നവരെ തനിക്കറിയാമെന്ന് അല്ലാഹു പറഞ്ഞു. അതുകൊണ്ട് ആർക്കാണോ നേർമാർഗം നല്കേണ്ടത് അവന്റെ മനസ്സ് അല്ലാഹുതന്നെ തുറക്കുന്നതായിരിക്കും. ഭാരവാഹികൾ ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ചിലപ്പോൾ ഭീരുത്വം കൂടുതൽ കാണിക്കുന്നത് അവരിൽ ഞാൻ കണ്ടിട്ടുണ്ട്. എതിർപ്പിനെ ഗൗനിക്കാനെ പാടില്ല. എതിർപ്പ് തബ്ലീഗിനുള്ള വഴി തുറക്കാനുള്ളതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്തു പറയുന്നു: 'എത്രമാത്രം ശക്തിയോടുകൂടി അസത്യം സത്യത്തെ എതിർക്കുന്നുവോ അത്രത്തോളം സത്യത്തിന്റെ കരുത്തും ശക്തിയും കൂടുന്നു. വേനൽക്കാലത്ത് ചൂടുകൂടിയാൽ ശ്രാവണമാസത്തിൽ കൂടുതൽ മഴയുണ്ടാകുമെന്നത് കർഷകരിലും പ്രശസ്തമായ കാര്യമാണ്. മഴക്കാലത്ത് അതായത് ജൂലൈ ആഗസ്ത് സെപ്തംബറിൽ മൺസൂൺ വരുമ്പോൾ മഴയും കൂടുതലുണ്ടാകുന്നു. പറഞ്ഞു ഇതൊരു പ്രകൃതിപരമായ ദൃശ്യമാണ്. സത്യത്തിന്നെതിരിൽ എത്രത്തോളം ശക്തമായി എതിർപ്പുണ്ടാകുന്നുവോ അത്രത്തോളം അതു തിളങ്ങുമെന്നത് പ്രകൃതിപരമായ ഒരു ദൃശ്യമാണ്. അത് അതിന്റെ പകിട്ട് കാണിക്കുന്നു.' പറഞ്ഞു, എവിടെയൊക്കെയാണോ നമുക്കെതിരിൽ ഒച്ചയും ബഹളവുമുണ്ടാകുന്നത് അവിടെയൊക്കെ ഒരു ജമാഅത്ത് തയ്യാറായിട്ടുള്ളത് നാം പരീക്ഷിച്ചു നോക്കിയിട്ടുള്ളതാണ്. എവിടെയാണോ ജനങ്ങൾ ഇക്കാര്യം കേട്ട് മൗനം പാലിച്ചത് അവിടെ അധികവും അഭിവൃദ്ധി ഉണ്ടാകാറില്ല.'(മൽഫൂദാത്ത് വാള്യം 5 പേജ് 310-311 1985 ലണ്ടൻ പതിപ്പ്).

ഈ ദൃശ്യങ്ങൾ നമുക്കിന്നും കാണാൻ കഴിയുന്നുണ്ട്. കഴിഞ്ഞ ദിവസം ജർമനിയിലും, അൽജീരിയായിൽനിന്നു വന്ന പ്രസിദ്ധനായ ആളുമായി എന്റെ കൂടിക്കാഴ്ച നടന്നു. അദ്ദേഹം ജമാഅത്തിൽപെട്ടയാളല്ല. എന്നെ കാണാൻ വന്നതാണ്. അദ്ദേഹം പറഞ്ഞു: ഇപ്പോൾ താങ്കളുടെ ജമാഅത്ത് അവിടെ വലിയ ബുദ്ധിമുട്ടിലൂടെ കടന്നുപോയ്ക്കൊണ്ടിരിക്കുന്നു എന്നത് ശരിയാണ്. പക്ഷേ, ഈ എതിർപ്പുമുഖേന പ്രബോധനവും ജമാഅത്തിനെ പരിചയപ്പെടുത്തലും രാജ്യത്തിന്റെ ഏകദേശം എല്ലാ ഭാഗത്തും ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. ജനങ്ങൾ ജമാഅത്തിനെക്കുറിച്ച് അറിയാൻ തുടങ്ങി. പറഞ്ഞു: നിങ്ങളുടെ ആളുകൾ 10,20 വർഷം പ്രവർത്തിച്ചാലും ഉണ്ടാകാത്ത പരസ്യമാണ് ഈ എതിർപ്പ് മുഖേന നിങ്ങൾക്കുണ്ടായിട്ടുള്ളത്. ഇത് അവിടത്തെ അഹ്മദികളും എഴുതുന്നുണ്ട്. അല്പം നല്ല അവസ്ഥയുണ്ടായാൽ അഹ്മദിയ്യത്ത് സ്വീകരിക്കാൻ തയ്യാറായിരിക്കുന്ന ധാരാളമാളുകൾ ആ പ്രദേശങ്ങളിലുണ്ട്.

'എതിരാളികളേയും അല്ലെങ്കിൽ ഭൗതികരായ ആളുകളേയും ഒരു തരത്തിലും ഭയക്കാൻ പാടില്ല. പക്ഷേ, അതിനോടൊപ്പം യുക്തിയോടുകൂടി പ്രവർത്തിക്കേണ്ടതും അനിവാര്യമാണ്. മനുഷ്യന്റെ വാക്കും പ്രവൃത്തിയും ഒന്നായിരിക്കേണ്ടതും തബ്ലീഗിന് നിർബന്ധമാണ്. പറയുന്നത് പ്രവർത്തിക്കുന്നവരുമായിരിക്കണം. യുക്തിപരമായ കാര്യങ്ങൾ വായിലൂടെ പുറത്തുവരുന്നത് മറ്റുള്ളവരുടെമേൽ സ്വാധീനവും ചെലുത്തുന്നതാണ്; വാക്കും പ്രവൃത്തിയും ഒന്നായിരിക്കുമ്പോൾ!

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഒരു അവസരത്തിൽ പറഞ്ഞു, 'ഒരുപാടുപേർ മൗലവിമാരും ഉലമായും എന്നു പറഞ്ഞുകൊണ്ട് മിമ്പറിൽ കയറിനിന്ന് തങ്ങളെ സ്വയം റസൂലിന്റെ പകരക്കാരനെന്നും അമ്പിയാക്കളുടെ അനന്തരാവകാശികളെന്നും പറഞ്ഞ് വഅ്ള് പറഞ്ഞ് ചുറ്റിക്കറങ്ങി നടക്കുന്നു. പറയുന്നു: അഹങ്കരിക്കരുത്, തിന്മകളിൽനിന്ന് രക്ഷപ്പെടുക എന്ന് അവർ പറയുകയും ചെയ്യുന്നു. എന്നാൽ, അവരുടെ സ്വന്തം കർമങ്ങളേയും അവർ ചെയ്യുന്ന ചെയ്തികളേയും കുറിച്ച്, അവർ പറയുന്ന കാര്യങ്ങൾ എത്രമാത്രം നിങ്ങളുടെ മനസ്സുകളിൽ സ്വാധീനം ചെലുത്തുന്നുണ്ടെന്ന് കണക്കുകൂട്ടി നോക്കുക.' (ഓരോ തബ്ലീഗ് ചെയ്യുന്ന ആളും പറയുന്നതിന്റെ സ്വാധീനം അയാളുടെ വാക്കും പ്രവൃത്തിയും ഒന്നായിരിക്കുന്ന നേരത്താണുണ്ടാകുന്നത്.) പറയുന്നു: 'ഇത്തരത്തിലുള്ള ആളുകൾ കർമപരമായി ശക്തി ഉൾക്കൊള്ളുന്നവരും പറയുന്നതിനുമുമ്പേ സ്വയം പ്രവത്തിക്കുന്നവരും ആയിരുന്നെങ്കിൽ, വിശുദ്ധ ഖുർആനിൽ ലിമ തഖൂലൂന മാലാ തഫ്ലൂൻ എന്നു പറയേണ്ട ആവശ്യതന്നെ വരുമായിരുന്നില്ല. പറഞ്ഞിട്ട്, സ്വയം പ്രവർത്തിക്കാത്തവർ ലോകത്തുണ്ടാകുമെന്നും ഉണ്ടെന്നും ഉണ്ടായിക്കൊണ്ടിരിക്കുമെന്നും ഈ ആയത്തുതന്നെ വിളിച്ചോതുന്നു.' പറയുന്നു, നിങ്ങൾ ഞാൻ പറയുന്ന കാര്യങ്ങൾ കേട്ടുവെക്കുകയും നല്ലവണ്ണം ഓർമവെക്കുകയും ചെയ്യുക. മനുഷ്യന്റെ സംസാരം സത്യഹൃദയത്തോടെ അല്ലെങ്കിൽ കർമപരമായ ശക്തി അതിലില്ലെങ്കിൽ അത് സ്വാധീനം ചെലുത്തുകയില്ല. ഇതിൽനിന്ന് നമ്മുടെ നബി(സ)തിരുമേനിയുടെ സത്യസാക്ഷ്യം സ്ഥാപിതമാകുന്നു. എന്തുകൊണ്ടെന്നാൽ ഏതൊരു വിജയവും ഹൃദയങ്ങളിലുണ്ടായ സ്വാധീനവും ആ മഹാത്മാവിന് വിഹിതമായി ലഭിച്ചുവോ അതിന്റെ ഉദാഹരണം ആദംമക്കളുടെ ചരിത്രത്തിലില്ല. ഇതെല്ലാം ഉണ്ടായത് ആ ദിവ്യാത്മാവിന്റെ വാക്കും പ്രവൃത്തിയും പൂർണമായും ഒന്നായിരുന്നതുകൊണ്ടാണ്.'(മൽഫൂദാത്ത് വാള്യം 1 പേജ് 67-68).

അവിടന്ന് പറഞ്ഞു: ഓർമിക്കുക. (നമുക്കും ഉപദേശം നല്കുകയാണ്). വെറും വാചകകസർത്തുകൾ കൊണ്ട് പ്രയോജനമില്ല. പ്രവർത്തിക്കാതെയുള്ള വെറും സംസാരം അല്ലാഹുവിന്റെ പക്കൽ ഒരു വിലയുമില്ലാത്തതാണ്. അല്ലാഹു പറയുന്നു കബുറ മഖ്തൻ ഇൻദല്ലാഹി അൻതഖൂലൂ മാലാ തഫ്ലൂൻ (60:4, മൽഫൂദാത്ത്, വാള്യം 1, പേജ് 77, 1985 ലണ്ടൻ എഡിഷൻ)

പിന്നീട് അവിടന്ന് പറയുന്നു: 'മുഅ്മിൻ ഒരിക്കലും ഇരട്ടത്താപ്പ് സ്വീകരിക്കരുത്. എപ്പോഴും നിങ്ങളുടെ വാക്കും പ്രവൃത്തിയും നേരെയാക്കിവെക്കുക. സ്വഹാബാക്കൾ തങ്ങളുടെ ജീവിതത്തിൽ കണിച്ചിരുന്നതുപോലെ അതിൽ തുല്യത കാണിക്കുക. നിങ്ങളും അവരുടെ ചുവടുകളിലൂടെ നടന്ന് നിങ്ങളുടെ സത്യസന്ധതയുടേയും കൂർ പുലർത്തുന്നതിന്റേയും മാതൃക കാണിക്കുക.'(മൽഫൂദാത്ത് വാള്യം 1 പേജ് 374).

ഒരിടത്ത് ഉപദേശിച്ചുകൊണ്ടു പറഞ്ഞു, 'ഇസ്

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജർമൻ പര്യടനം ഏപ്രിൽ 2017

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

**(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച റിപ്പോർട്ട് 2017 ഏപ്രിൽ 23)**

**സെക്രട്ടറി ജാഇദാദ്:-**

അമീറുൽ മുഅ്മിനീൻ ചോദിച്ചപ്പോൾ സെക്രട്ടറി ജാഇദാദ് പറഞ്ഞു: രാജ്യം മുഴുവനുമായി ഇപ്പോൾ ജമാഅത്തിന് 77 പ്രോപ്പർട്ടികളുണ്ട്. എല്ലാ പ്രോപ്പർട്ടികളുടെയും രേഖകൾ തുടങ്ങിയവ ജാഇദാദ് വകുപ്പിന്റെ കൈയിലുണ്ട്.

അമീറുൽ മുഅമിനീൻ പറഞ്ഞു: ബയ്ത്തുൽ ആഫിയത്തിനെക്കുറിച്ച് അവിടെ ചില മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുവെന്ന് ഞാൻ കേട്ടു. വലിയ ഹാളിൽ പാർട്ടീഷൻ ചെയ്ത് അതിൽ മുറികൾ ഉണ്ടാക്കുന്നതായും കേട്ടു. അതുകൊണ്ടെന്താണ് നേട്ടം? പിന്നീട് എപ്പോഴെങ്കിലും അവിടെ നമസ്കാരം തുടങ്ങിയവയ്ക്ക് അനുവാദം കിട്ടുകയാണെങ്കിൽ ഈ സ്ഥലം ഉപയോഗിക്കാൻ കഴിയുമോ?

സെക്രട്ടറി ജാഇദാദ് പറഞ്ഞു: കൗൺസിലുകാർ പറയുന്നത് അവിടെ ഒരു പരിമിതമായ ആളുകൾക്കുള്ള അനുവാദം കിട്ടാവുന്നതാണെന്നാണ്. പക്ഷേ, നിങ്ങളുടെ പക്കൽ ഗ്രൗണ്ട് ഫ്ളോറിൽ ഒരുപാട് സ്ഥലമുണ്ട്. ഹാൾ വലുതായിരുന്നു. അതുകൊണ്ട് അത് ചെറുതാക്കപ്പെട്ടതാണ്.

അപ്പോൾ ഹുദൂർ പറഞ്ഞു: നിങ്ങൾ അവിടെ വലിയ വലിയ മുറികളുണ്ടാക്കണമായിരുന്നു. അത് പിന്നീടും ഉപയോഗിക്കേണ്ടിവന്നാൽ എളുപ്പത്തിൽ ഉപയോഗിക്കാവുന്നവിധം പ്ലാൻ തയ്യാറാക്കേണ്ടതായിരുന്നു. മൂന്ന്, നാലായിരം ആളുകൾ ഇവിടെ ജുമുഅ നമസ്കരിക്കാൻ വരികയാണെങ്കിൽ അത് രണ്ടായിരത്തിനടുത്ത് ബയ്ത്തുൽ ആഫിയത്തിൽ accommodate ചെയ്യാൻ കഴിയണം. അവിടെ കുറഞ്ഞത് രണ്ടായിരം ആളുകളെ accommodate ചെയ്യാവുന്നവിധം പ്ലാൻ തയ്യാറാക്കേണ്ടതാണ്.

സെക്രട്ടറി ജാഇദാദ് പറഞ്ഞു: അതിൽ ഏറ്റവും മുകളിലത്തെ ഭാഗം ഒരു ടിവി ചാനലുകാർ വാടകയ്ക്ക് എടുത്തിരിക്കുകയാണ്. അവർ 18 മാസത്തേക്കാണ് കോൺട്രാക്ട് എടുത്തിരിക്കുന്നത്. അതിനുശേഷം അത് അവസാനിക്കുന്നതായിരിക്കും. അപ്പോൾ ഹുദൂർ പറഞ്ഞു: ശരി. അത് terminate ചെയ്യാൻ സാധിക്കുന്നതായിരിക്കും. നമ്മൾ വാടകയ്ക്ക് കൊടുക്കുന്നതിനുവേണ്ടി ഈ ബിൽഡിംഗ് എടുത്തിട്ടില്ല.

അപ്പോൾ അമീർ സാഹിബ് ജർമനി പറഞ്ഞു: ഇവിടെ വളരെ വലിയ gathering തുടങ്ങിയ ഫംഗ്ഷനുകൾ സംഘടിപ്പിക്കാൻ കഴിയുകയില്ലെന്നാണ് കൗൺസിലുകാർ പറഞ്ഞിട്ടുള്ളത്. കാരണം അതിലുള്ള ഹാൾ storage വേണ്ടി നിർമിച്ചിട്ടുള്ളതാണ്. ഇത് assembley ഹാളല്ല.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: സെക്രട്ടറി സാഹിബ് ജാഇദാദ് പറഞ്ഞതനുസരിച്ച് പാർക്കിംഗ് തുടങ്ങിയവയുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടാൽ ആ ഹാളുകളിൽ gathering നുള്ള അനുവാദം കിട്ടുന്നതാണ്. അതുകൊണ്ട് ഇത് negotiable ആണ്. എന്തായാലും ഇപ്പോൾ അനുവാദം കിട്ടുമോ ഇല്ലേ? പക്ഷേ, ഇത് ഇങ്ങനെതന്നെ വെക്കുക. ഭാവിയിൽ ഉപയോഗത്തിൽ കൊണ്ടുവരാൻ കഴിയും. അത് കൂടുതൽ partitions ആക്കുന്നതുകൊണ്ട് ഒരു ഫലവുമില്ല. വർഷമോ രണ്ട് വർഷമോ കഴിഞ്ഞ് അനുവാദം കിട്ടാൻ സാധ്യതയുണ്ട്. ചെറിയ ഫംഗ്ഷനുകൾ നടത്താൻ അനുവാദം കിട്ടിയേക്കാം. ഏതെങ്കിലും എമർജൻസി വരുമ്പോൾ അത് ഉപയോഗിക്കേണ്ടിവരും. അത് എപ്പോഴും ഉപയോഗിക്കണമെന്നല്ല ഞാൻ പറയുന്നത്. കുറഞ്ഞപക്ഷം അൻസാറുല്ലാക്കാർക്ക് ഇരുന്നൂറ് മുന്നൂറ് ആളുകൾ അടങ്ങുന്ന ഫംഗ്ഷൻ സംഘടിപ്പിക്കാവുന്നതാണ്. ഇതുപോലെതന്നെ ലജ്നയ്ക്കും തങ്ങളുടെ ചെറിയ ഫംഗ്ഷൻ അവിടെ നടത്താവുന്നതാണ്. അനുവാദം കിട്ടുമ്പോൾ ജുമുഅ തുടങ്ങിയ അവസരങ്ങൾക്കായും ഉപയോഗിക്കാവുന്നതാണ്.

**അഡീഷണൽ സെക്രട്ടറി ജാഇദാദ്:-**

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞാൻ ആദ്യമേ നിർദ്ദേശിച്ചതുപോലെ മസ്ജിദ് തുടങ്ങിയവയുടെ നിർമാണത്തിന്റെ കാര്യവുമായി വരുമ്പോൾ താങ്കൾ സെക്രട്ടറി ജാഇദാദിനെയും കൂടെ കൊണ്ടുവരേണ്ടതാണ്.

**അഡീഷണൽ സെക്രട്ടറി ഉമ്മൂറെ ഖാരിജിയഃ:-**

വിസ തുടങ്ങിയ കാര്യങ്ങൾ തന്റെ ഉത്തരവാദിത്വത്തിലാണെന്ന് അഡീഷണൽ സെക്രട്ടറി ഉമൂറെ ഖാരിജിയഃ പറഞ്ഞപ്പോൾ അമീറുൽ മുഅ്മിനീൻ ചോദിച്ചു: ബാക്കി എല്ലാ ലോകത്തും അഹ്മദികൾക്ക് ഇന്ത്യയിലേക്ക് വിസ ലഭിക്കുന്നുണ്ട്. പക്ഷേ ഇവിടെ ജർമനിക്കാർക്ക് എന്താണ് ബുദ്ധിമുട്ട്? അഡീഷണൽ സെക്രട്ടറി ഉമ്മൂറെ ഖാരിജിയഃ പറഞ്ഞു: ഡൽഹി അമൃത്സർ തുടങ്ങിയ സ്ഥലത്തേക്ക് വിസക്കുവേണ്ടി അപ്ലൈ ചെയ്ത എല്ലാവർക്കും വിസ കിട്ടിയിരുന്നു. പക്ഷേ, വാഗ ബോർഡറിന്റെ വഴിയിൽ ഇന്ത്യയിലേക്ക് പോകാൻ ആഗ്രഹിക്കുന്നവർക്ക് അക്കാരണത്താൽ വിസ ലഭിച്ചില്ല. അപ്പോൾ ഹുദൂർ പറഞ്ഞു: നിങ്ങൾ ജമാഅത്തുകളിൽ സർക്കുലർ അയക്കേണ്ടതാണ്. ഭാവിയിൽ നിങ്ങൾക്ക് ഖാദിയാനിൽ പോകണമെങ്കിൽ അമൃത്സർ ഡൽഹി എന്ന നിലയിൽ നിങ്ങളുടെ യാത്ര തയ്യാറാക്കുക. ഇല്ലെങ്കിൽ വിസ ലഭിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടാകും.

കാരണം ആളുകൾ പരാതിപെടുന്നത് തികച്ചും മറ്റൊരുതരത്തിലായിരിക്കും. അതുകൊണ്ട് നിങ്ങളും explain ചെയ്തുകൊടുക്കുക. അമീറുൽ മുഅ്മിനീൻ പറഞ്ഞു: നിങ്ങൾക്ക് എംബസിയുമായി സ്ഥിരമായ ബന്ധമുണ്ടായിരിക്കേണ്ടതാണ്. ജൽസക്ക് വിസ ലഭിക്കാൻ നിങ്ങളുടെ നിബന്ധന എന്തൊക്കെയാണെന്ന് ആദ്യമേ അവരോട് ചോദിക്കുക. അവർ പറയുന്ന conditions അനുസരിച്ച് ആളുകളെ ഗൈഡ് ചെയ്യുക. ഇപ്രകാരംതന്നെ വക്കാലത്തെ തഅ്മീൽ വ തൻഫീദ് മുഖേന ഖാദിയാനിൽനിന്നും വിവരങ്ങൾ എടുക്കാവുന്നതാണ്. അവർ എന്താണ് recomment ചെയ്യുന്നതെന്ന്. അവർ ഹോം ഓഫീസിൽനിന്ന് വിവരങ്ങൾ അറിയുന്നതാണ്. പക്ഷേ, എല്ലാ ജോലികളും ഇപ്പോൾ മുതലേ തുടങ്ങേണ്ടതാണ്. ആളുകൾ ഈ നിബന്ധനകളോടുകൂടി വിസക്ക് അപ്ലൈ ചെയ്യുന്നതിന് ജമാഅത്തുകൾക്ക് സർക്കുലർ നൽകുക. പിന്നീട് സർക്കുലറിന്റെ ഫോളോഅപ്പ് ചെയ്യേണ്ടതാണ്. അതായത് എല്ലാവരിലും സന്ദേശം എത്തിയോ എന്ന്. ബന്ധപ്പെട്ട സെക്രട്ടറി ഉമൂറെ ഖാരിജിയോടും താങ്കൾ എല്ലാ വ്യക്തികൾക്കും സർക്കുലർ എത്തിച്ചിട്ടുണ്ടോ എന്ന് ചോദിക്കുക. വിവിധ മാർഗങ്ങളിലൂടെ ഇൻഫർമേഷൻ എടുക്കാവുന്നതാണ്. പിന്നീട് നിങ്ങളിൽ ഒരു ആക്ഷേപം ഉണ്ടാകാതിരിക്കുന്നതിന് എവിടെയൊക്കെയാണോ മുറബ്ബിമാരുള്ളത് 'താങ്കളുടെ ജമാഅത്തുകളിൽ ഈ സർക്കുലർ എത്തിക്കഴിഞ്ഞിട്ടുണ്ടോ' എന്ന് അദ്ദേഹത്തോടും ചോദിക്കുക. ഏത് ആക്ഷേപം ഉണ്ടായാലും അത് അവരുടെ മേലായിരിക്കണം!

**സെക്രട്ടറി വഖ്ഫെനൗ:-**

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ചില വിദ്യാസമ്പന്നരായ പെൺകുട്ടികളും ആൺകുട്ടികളും തങ്ങൾക്കിപ്പോൾ 20, 21 വയസ്സായിട്ടുണ്ടെന്നും തങ്ങളുടെ പക്കൽ ധാരാളം അറിവുണ്ടെന്നും ഇനി തങ്ങൾക്ക് സിലബസ് തുടങ്ങിയവ പഠിക്കേണ്ട ഒരാവശ്യവുമില്ലെന്നും പറയുന്നതായി എനിക്ക് അറിയാൻ കഴിഞ്ഞു. അതുകൊണ്ട് 21 വയസ്സുവരെയുള്ള സിലബസ് എല്ലാവരേയും പഠിപ്പിക്കുക. ആരാണോ പഠിച്ചുകഴിഞ്ഞത് അവർക്ക് മറ്റു ഗ്രന്ഥങ്ങൾ നൽകുക. ഈ ഗ്രന്ഥങ്ങൾ വായിക്കാൻ recomment ചെയ്യുക. ഭൗതിക വിദ്യാഭ്യാസം കരസ്ഥമാക്കി അറിവിൽ ഇത്തരം ധാരണ പാടില്ലാത്തതാണ്.

**സെക്രട്ടറി ഉമ്മൂറെ ആമ:-**

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഖളായുടെ തീരുമാനമനുസരിച്ച് കാര്യങ്ങൾ നടപ്പിൽ വരുത്തിക്കുക. പുറത്താക്കലിന്റേയും മാപ്പ് കൊടുക്കുന്നതിന്റേയും റിപ്പോർട്ടുകൾ എന്നത് മാത്രമല്ല ഉമൂറെ ആമായുടെ ജോലി. ഉമൂറെ ആമയ്ക്ക് വേറെയും പല ജോലികളുമുണ്ട്. ഏതുപോലെ മറ്റു വകുപ്പുകൾ തങ്ങളുടെ ജോലികളുടെ പ്ലാനുകൾ തയ്യാറാക്കുന്നുവോ അതുപോലെ നിങ്ങളും തയ്യാറാക്കേണ്ടതാണ്. സൈൻഅത്തോ തിജാറത്ത് വകുപ്പ് ഏതുപോലെ ലിസ്റ്റുകൾ തയ്യാറാക്കുന്നവോ അതുപോലെ നിങ്ങളും തയ്യാറാക്കേണ്ടതാണ്. നിങ്ങളുടെ എത്രയാളുകൾ വെറുതെയിരിക്കുന്നുണ്ടെന്ന് നിങ്ങളും അറിയേണ്ടതാണ്. തൊഴിലൊന്നുമില്ലാതെ വെറുതെയിരിക്കുമ്പോഴാണ് പ്രശ്നങ്ങൾ ഉണ്ടാകുന്നത്. ഈ രീതിയിൽ കൂടുതൽ വഴികൾ ലഭഹീല ചെയ്യുക. ഇവർ വെറുതെയിരിക്കുകയാണെന്നും ഇവരെ പ്രയോജനപ്പെടുത്തുക യെന്നും ഖുദ്ദാമുൽ അഹ്മദിയ്യായ്ക്കും അൻസ്വാറുല്ലായ്ക്കും പറഞ്ഞുകൊടുക്കേണ്ടതാണ്.

വകുപ്പുകളുടെ പരിശോധന നടത്തിയതിനുശേഷം അമീറുൽ മുഅ്മിനീൻ ആമിലാ അംഗങ്ങൾക്കും ജമാഅത്തിന്റെ സ്വദർമാർക്കും ചില പൊതുവായുള്ള നിർദ്ദേശങ്ങൾ നല്കുകയുണ്ടായി.

**പൊതുവായ നിർദ്ദേശങ്ങൾ:-**

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞാൻ പ്രസിഡണ്ടുമാരോടും ആമിലാ അംഗങ്ങളോടും പറയാൻ ആഗ്രഹിക്കുന്നത് നിങ്ങൾ നിങ്ങളെ ദീനിന്റെ സേവകരായി മനസ്സിലാക്കുകയും ദീനിന്റെ സേവകർ എന്ന് മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കുകയും ചെയ്യുക എന്നാണ്. ഭാരവാഹി എന്ന് മനസ്സിലാക്കിക്കൊണ്ട് പ്രവർത്തിക്കരുത്. ഭാരവാഹി അല്ലെങ്കിൽ ഓഫീസറുടെ ഭാവന ഉണ്ടാകുമ്പോൾ അതുമുഖേന ജമാഅത്തംഗങ്ങൾക്ക് പരാതിയുണ്ടാകും. നിങ്ങൾ എല്ലാ ഓരോരുത്തരുടേയും സേവകരാണ്. എല്ലാ ഓരോരുത്തരുംവരെ നിങ്ങൾ എത്തേണ്ടതാണ്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്. താഴെ തലത്തിലും ഈ വ്യവസ്ഥിതി ഉണ്ടാക്കിയിട്ടുള്ളത് ഓരോരുത്തരുമായി ബന്ധമുണ്ടാകുന്നതിനാണ്. അത് പിന്നീട് റീജ്യണൽ ലെവലിലും പി

---

ലാമിന്റെ സംരക്ഷണത്തിനും സത്യത വെളിപ്പെടുത്തുന്നതിനുംവേണ്ടി ഒന്നാമതായുള്ള വശം നിങ്ങൾ സത്യവാന്മരായ മുസ്‌ലീംകളുടെ മാതൃകയായി കാണിക്കുക എന്നതാണ്. രണ്ടാമത്തെ വശം അതിന്റെ ഗുണങ്ങളും ശ്രേഷ്ഠതകളും ലോകത്ത് പ്രചരിപ്പിക്കുക എന്നതാണ്.'(മൽഫൂദാത്ത് വാള്യം 8 പേജ് 33).

ആദ്യം മാതൃകയാകുക. പിന്നീട് ഇസ്‌ലാമിന്റെ പ്രബോധനം ചെയ്യുക. അതിന്റെ ശ്രേഷ്ഠതകൾ ലോകത്ത് വ്യാപിപ്പിക്കുക. തബ്ലീഗ് ചെയ്യുന്നതിനും സ്വന്തം അവസ്ഥകളിൽ ആദ്യം പരിശുദ്ധമായ മാറ്റം ഉണ്ടാക്കേണ്ട ആവശ്യമുണ്ട്. സത്യവാനായ ഒരു മുസൽമാന്റെ മാതൃകയായി മനുഷ്യൻ മാറിയാൽ പിന്നെ ലോകരുടെ ശ്രദ്ധ ഉണ്ടാകാതിരിക്കുക എന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. ആ മാതൃകകണ്ടുകൊണ്ടുതന്നെ ജനങ്ങളുടെ ശ്രദ്ധ തിരിയുന്നു. ഇപ്രകാരം കൃത്യമായ തബ്ലീഗിനുമുമ്പേ തബ്ലീഗിനുള്ള വഴികൾ തുറക്കാൻ തുടങ്ങുന്നു. അല്ലാഹു നമുക്ക് അതനുസരിച്ച് പ്രവർത്തിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ◆

ന്നീട് റീജ്യണൽ ലെവലിൽനിന്ന് കേന്ദ്ര ലവലിലും ഉണ്ടാകണം. പിന്നീട് ആ ബന്ധം കാലത്തിന്റെ ഖലീഫയുമായിട്ടുണ്ടാകണം. സംഘടനാപരമായ കാര്യങ്ങൾ, ശിക്ഷണപരമായ കാര്യങ്ങൾ അല്ലെങ്കിൽ ജമാഅത്തിന്റെ മറ്റു പ്രോഗ്രാമുകൾ എന്നിവയ്ക്കു വേണ്ടി നിങ്ങൾക്ക് എല്ലാ ആളുകൾവരെയും നേരിട്ട് എത്തേണ്ട ആവശ്യമുണ്ട്. ജനങ്ങൾ നിങ്ങളിലേക്ക് എത്തുമെന്ന് പ്രതീക്ഷിച്ചിരിക്കരുത്. നിങ്ങളുടെ സെക്രട്ടറി മാൽമാരേയും എല്ലായിടത്തും പ്രവർത്തനനിരതരാക്കുക.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: പ്രത്യേകമായ നിലയിൽ മുറബ്ബിമാരെ ബഹുമാനിക്കുക. മുറബ്ബിമാർക്ക് കിട്ടേണ്ടതായ ആദരവും അന്തസ്സും ബഹുമാനവും നിങ്ങൾ കൊടുക്കുന്നില്ലെന്ന് ചിലപ്പോൾ പരാതി വരുന്നുണ്ട്. മുറബ്ബിമാരെ, അവർ ഇവിടെ പഠിച്ച ആൺകുട്ടികളായാലും യുവാക്കളായാലും ചെറിയവരായാലും കുട്ടികളായാലും എന്തായാലും ഒരു മുറബ്ബിതന്നെയാണ്. അവരെ ആദരിക്കുക, അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുക, അവരെ ബഹുമാനിക്കുക, അവർ നിങ്ങളുടെ ജമാഅത്തിൽ appointed ആണെങ്കിൽ അദ്ദേഹത്തിന്റെ ആവശ്യങ്ങൾ പൂർത്തീകരിക്കുക. ഇത് നിങ്ങളുടെ ജോലിയാണ്. ഇനി ചെയ്യാൻ പറ്റാത്ത കാര്യങ്ങൾ എന്തെങ്കിലുമാണെങ്കിൽ അമീർ ജമാഅത്തിന് എഴുതേണ്ടതാണ് അല്ലെങ്കിൽ അമീറുൽ ജമാഅത്ത് മുഖേന കേന്ദ്രത്തിന് എഴുതേണ്ടത് നിങ്ങളുടെ ജോലിയാണ്. ഞങ്ങൾ ഏത് രീതിയിലാണെങ്കിലും അല്ലെങ്കിൽ എങ്ങനെ മനസ്സിലാക്കിത്തരണമെങ്കിലും അത് ചെയ്യുന്നതായിരിക്കും. നിങ്ങളുടെ അല്ലെങ്കിൽ ഏതെങ്കിലും ഭാരവാഹിയുടെ ജോലിയല്ല ഏതെങ്കിലും മുറബ്ബിമാരുമായി അദ്ദേഹത്തിന്റെ അന്തസ്സിനും അഭിമാനത്തിനും വിരുദ്ധമായി സംസാരിക്കുക എന്നത്. എല്ലാവരും ഇത് നിർബന്ധമായും ചെയ്യേണ്ടതാണ്. അത് സൂക്ഷിക്കേണ്ടതാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു:‘ഇപ്രകാരം നാഷണൽ ലെവലിൽ വിവിധ വകുപ്പുകൾ വിവിധ പ്ലാനുകൾ തയ്യാറാക്കുമ്പോൾ അതിന്റെ approval ആമിലായിൽ വാങ്ങേണ്ടതാണ്. ആമിലായുടെ ഡിസ്കഷനുശേഷം മാത്രമേ ജമാഅത്തുകളിൽ implement ചെയ്യിക്കാൻ പാടുള്ളൂ. ചില നേരങ്ങളിൽ പുതിയ അഭിപ്രായങ്ങൾ വരാറുണ്ട്. തുടർന്ന് അതിന്റെ followupഉം മുടങ്ങാതെ ഉണ്ടാകേണ്ടതണ്. വ്യക്തിപരമായ നിലയിൽ ജോലി ചെയ്യുന്ന ശീലം അവസാനിപ്പിക്കുക. തദ്ദേശ ജമാഅത്തുകളിലെ അംഗങ്ങൾക്കും തദ്ദേശഭാരവാഹികൾക്കും നാഷണൽ ആമില തങ്ങളുടെ സേവനത്തിനുവേണ്ടി ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണെന്നും കഴിവുകൾ കാണിക്കുന്നതിനുവേണ്ടി ഉണ്ടാക്കപ്പെട്ടിട്ടുള്ളതല്ലെന്നും ബോധ്യമാകേണ്ടതാണ്.

ഞാൻ മുമ്പേയും വ്യക്തമാക്കിയതുപോലെ ഇപ്പോഴും വ്യക്തമാക്കുകയാണ്; നാഷണൽ ആമിലായുടെ അംഗങ്ങളും പ്രസിഡണ്ടുമാരും പ്രസിഡണ്ടുമാരുടെ ആമിലാ അംഗങ്ങളും ഇത് ഓർക്കുക. നിങ്ങൾ സർദാർമാരല്ല, ഒരു ഭരണാധികാരികളുമല്ല. മറിച്ച് നിങ്ങൾ സേവകരാണ്. ഈ വികാരത്തോടെ ജോലി ചെയ്യണമെങ്കിൽ ചെയ്യുക. ഇനി ചെയ്യുന്നില്ലെങ്കിൽ എന്തെങ്കിലും കാരണം കാണിച്ച് ഇക്കാര്യത്തിൽനിന്ന് ഒഴിവാകുക. നിങ്ങളുടെ ഉള്ളിൽ വിനയമുണ്ടാക്കുക. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞതും, ‘നിന്റെ എളിമയാർന്ന വഴികൾ അവനിഷ്ടപ്പെട്ടിരിക്കുന്നു’വെന്നാണ്. എളിമതന്നെയാണ് യഥാർഥ കാര്യം. അതാണ് നിങ്ങൾക്ക് യഥാർഥ നിലയും വിലയും നൽകുന്നത്. നിങ്ങളുടെ ആദരവ് നിലനിറുത്തുന്നത്. നിങ്ങളുടെ യഥാർഥമായ ആദരവ് എളിമയുണ്ടാകുമ്പോഴാണ് സ്ഥാപിതമാകുന്നത്. അഹങ്കാരംകൊണ്ടും അഹന്തകൊണ്ടും ആദരവ് നിലനിൽക്കാറില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു

ബദ്തർ ബനോ ഹർ ഏക് സേ അപ്നേ ഖയാൽ മേ
ശായദ് ഉസീസെ ദഹൽഹോ ദാറുൽ വിസാൽ മേ.

നമ്മൾ ദീനീ ജമാഅത്താണ്. ഭൗതികമായ ജമാഅത്തല്ല. ദീനീ ജമാഅത്താണെങ്കിൽ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും ഇക്കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും പ്രതീക്ഷകളനുസരിച്ച് പ്രവർത്തിക്കേണ്ടിവരും. ഞാൻ ഭാരവാഹികൾക്കും ഖുത്ബകളിലും ഇടയ്ക്കിടെ പറഞ്ഞുകൊടുക്കാറുണ്ട്. അത് ഇന്ന ഭാരവാഹികൾക്കുവേണ്ടിയാണെന്ന് മനസ്സിലാക്കരുത്. ഓരോരുത്തരും ആ പറഞ്ഞ കാര്യങ്ങൾ തനിക്കുവേണ്ടിയാണെന്ന് മനസ്സിലാക്കുകയാണെങ്കിൽ പിന്നീട് സ്വയമേവ അതിനോടൊപ്പം തങ്ങളുടെ പരിഷ്കരണത്തിലേക്കും ശ്രദ്ധയുണ്ടാകുന്നതാണ്. നിങ്ങൾ ഇത് ചെയ്തുനോക്കുക. ഇതുമുഖേന ജമാഅത്തംഗങ്ങളുടെ സഹകരണവും വർധിക്കുന്നതാണ്. ചില ഭാരവാഹികൾ പ്രത്യേകിച്ചും പ്രായമുള്ളവർ അല്ലെങ്കിൽ മറ്റുചിലരും അവരുടെ പെരുമാറ്റം കാരണത്താൽ തങ്ങൾ പിന്നോട്ട് പോയെന്ന് ഒരുപാട് യുവാക്കൾ പറയാറുണ്ട്. പ്രശ്നങ്ങൾ സ്നേഹത്തോടും പ്രീതിയോടുംകൂടി പരിഹരിക്കുക നിങ്ങളുടെ ജോലിയാണ്. പ്രശ്നങ്ങൾ ശക്തി ഉപയോഗിച്ച് പരിഹരിക്കുക എന്നത് നമ്മുടെ ജോലിയല്ല. അല്ലാഹു, നബി(സ)തിരുമേനിയോട് പറഞ്ഞത് മയത്തോടും സ്നേഹത്തോടുംകൂടി സംസാരിക്കുക എന്നാണ്. അവരിൽനിന്ന് അഭിപ്രായം വാങ്ങുക. അപ്പോൾപിന്നെ ഞാനും നിങ്ങളും ആരാണ് ഭയമിടാൻ. എല്ലാ ജോലികളും ചെയ്യേണ്ടതാണ്. പക്ഷേ, സ്നേഹത്തോടും അനുരക്തിയോടുംകൂടി! ഇനി നിങ്ങൾ കാണുകയാണെങ്കിൽ അതായത് ജമാഅത്തിന്റെ നേട്ടങ്ങളിൽ കുറവ് വരികയോ നഷ്ടമുണ്ടാകുമെന്ന് ആശങ്കയുണ്ടാകുകയോ ചെയ്യുന്നെങ്കിൽ റിപ്പോർട്ട് ചെയ്യുക. അതിനുശേഷം ആ പ്രശ്നത്തെ എങ്ങനെ ഡലമഹ ചെയ്യണം അല്ലെങ്കിൽ tackle ചെയ്യണം എന്ന് തീരുമാനിക്കേണ്ടത് മർക്കസിന്റേയും കാലത്തിന്റെ ഖലീഫയുടെയും ജോലിയാണ്. അവരത് ചെയ്തുകൊള്ളും. റിപ്പോർട്ട് ചെയ്യുന്നതോടെ നിങ്ങളുടെ ജോലി അവസാനിക്കുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: നാഷണൽ ആമിലാക്കാരും ശ്രദ്ധിക്കുക. ചിലപ്പോൾ ഞാൻ കാര്യങ്ങളെക്കുറിച്ച് അന്വേഷിപ്പിക്കുമ്പോൾ ആമിലായിലെ അംഗങ്ങൾ, ഞാൻ ആളുകൾ പറയുന്നതനുസരിച്ച് പ്രവർത്തിക്കുന്നുവെന്നും കേൾക്കുന്നുവെന്നും പറയാറുണ്ട്. ഇനി ഞാൻ ആളുകൾ പറയുന്നത് കേട്ടാൽത്തന്നെയും അത് പാപമൊന്നുമല്ല. അനുവദനീയമാണ്. ഒന്നാമത്തേത് ഒരേയൊരു കാര്യം വിവിധ ആളുകളിൽനിന്ന് അറിയുമ്പോൾ അതിൽ എന്തായാലും യാഥാർഥ്യമുണ്ടാകും. നിങ്ങൾ ശരിയും മറ്റുള്ളവരെല്ലാം തെറ്റും ആയിരിക്കണമെന്നില്ല. നബി(സ)തിരുമേനിയോടും അല്ലാഹു പറഞ്ഞിട്ടുള്ളത് സൂറഃ തൗബയിലുണ്ട്. ഇയാൾക്ക് ചെവിയുണ്ടെന്ന് നബി തിരുമേനിയെക്കുറിച്ചും ആളുകൾ പറഞ്ഞിരുന്നു. അതായത് ആളുകൾ പറയുന്നത് കേൾക്കുന്നുവെന്ന്! ഞാൻ ജനങ്ങൾ പറയുന്നത് കേൾക്കുന്നുവെങ്കിൽ അത് നബി(സ)തിരുമേനിയുടെ സുന്നത്തനുസരിച്ച് അല്ലാഹുവിന്റെ കൃപയാൽ പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. ആർക്കെങ്കിലും നഷ്ടമുണ്ടാക്കുന്നതിനുവേണ്ടി ഞാൻ അങ്ങനെചെയ്യാറില്ല. മറിച്ച് ജമാഅത്തിന്റെ ഗുണത്തിനുവേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. അല്ലാഹുവും അവിടെയും ഇതുതന്നെയാണ് പറഞ്ഞത്. നീ ജനങ്ങളോട് പറയുക, നിങ്ങൾ ചെവി വെക്കുന്നുവെങ്കിൽ ആർക്കെങ്കിലും നഷ്ടം വരുത്തുന്നതിനോ വ്യക്തിഗതമായ ശത്രുതയ്ക്കോ അല്ലെങ്കിൽ വിദ്വേഷംകൊണ്ടോ അരുത്. മറിച്ച് ജമാഅത്തിന്റെ നന്മയ്ക്കുവേണ്ടിയായിരിക്കേണ്ടതാണ്. എനിക്ക് ആരോടും വ്യക്തിപരമായ ശത്രുതയോ വെറുപ്പോ ഇല്ല. ഞാൻ എന്തെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ കേവലം ജമാഅത്തിന്റേയും നിങ്ങളുടെയും പരിഷ്കരണമാണ് ആഗ്രഹിക്കുന്നത്. വെറും ഇതുമാത്രമല്ല. മറിച്ച് ഞാൻ ഇത് പറയുമ്പോഴെല്ലാം സ്വയവും ധാരാളം ഇസ്തിഗ്ഫാർ ചെയ്തുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ആരെങ്കിലും എന്നെക്കുറിച്ച് ഞാൻ ചെവി വെക്കുന്നു എന്നു പറയുകയാണെങ്കിൽ അത് എന്നെ സംബന്ധിച്ചിടത്തോളം വലിയ നല്ല കാര്യമാണ്. ഞാൻ സുന്നത്തനുസരിച്ച് പ്രവർത്തിക്കുന്നു. അല്ലാഹു ഇക്കാര്യത്തെ appereciate ചെയ്തിട്ടുണ്ട്. പക്ഷേ, ഭയാനകമായ കാര്യം നിങ്ങൾക്കാണുള്ളത്. അല്ലെങ്കിൽ ഇത്തരം ചിന്താഗതികൾ വെച്ചുപുലർത്തുന്നവർക്കാണുള്ളത്. കാരണം ഇത് കപടവിശ്വാസികളെക്കുറിച്ച് പറയപ്പെട്ടിട്ടുള്ളതാണ്. കപടവിശ്വാസിതന്നെയാണ് ഇത്തരത്തിലുള്ള കാര്യങ്ങൾ പറയുന്നത്. നിങ്ങൾക്ക് ശരിയായനിലയിൽ ബയ്അത്തിനോടുള്ള കടമ നിറവേറ്റണമെങ്കിൽ ഇത്തരത്തിലുള്ള ചിന്താഗതികളെ നിങ്ങളുടെ ബുദ്ധികളിൽനിന്ന് പുറത്താക്കുക. എനിക്ക് ഇവിടെ ആരുടെയെങ്കിലും പേരെടുത്തുപറയേണ്ട ആവശ്യമില്ല. ഞാൻ പേരെടുക്കുകയുമില്ല. പക്ഷേ, ആരാണോ ഇത് പറഞ്ഞത് അയാൾ സ്വയം ചിന്തിക്കേണ്ടതാണ്. ആളുകൾ ഭാരവാഹികളെക്കുറിച്ച് കാര്യങ്ങൾ എഴുതുന്നുവെങ്കിൽ– ചിലർ തെറ്റായിട്ടും എഴുതാറുണ്ട്– അവരെക്കുറിച്ച് ഞാൻ അന്വേഷിപ്പിക്കാറുണ്ട്. ഏതെങ്കിലും കേന്ദ്ര ഉദ്യോഗസ്ഥനെക്കുറിച്ച് പരാതിവന്നാൽ ഞാൻ അന്വേഷിക്കാറുണ്ട്. ആരാണ് സംസാരിച്ചത് ആരാണ് പരാതിപ്പെട്ടത് എന്തിനു പരാതിപ്പെട്ടു എന്നീ കാര്യങ്ങളിൽ ഇടപെടുക എന്നത് നിങ്ങളുടെ ജോലിയല്ല. നിങ്ങളുടെ ജോലി പരിഷ്കരണമാണ്. ഇല്ലെങ്കിൽ നിങ്ങൾ ഈ ആയത്തിൽ പറഞ്ഞവരിൽ പെടുന്നതാണ്. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ അല്ലാഹുവിന്റെ കല്പനകളിലൂടെ നടക്കുന്നുവെന്നത് ഒരു ബഹുമതിയാണ്. അത് അല്ലാഹു നബി(സ)തിരുമേനിക്ക് നല്കിയതാണ്. ആ കല്പനയിൽ നടക്കുക ഒരു സുന്നത്താണ്. പക്ഷേ, നിങ്ങളെ സംബന്ധിച്ചിടത്തോളം ഇത് ഭയാനകമായ കാര്യമാണ്. കാരണം ഇവിടെ മുനാഫിഖുകളെ കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇതിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുക. ഇല്ലെങ്കിൽ നഷ്ടം സഹിക്കേണ്ടിവരും. അല്ലാഹു ജമാഅത്തിന് അഭിവൃദ്ധി നല്കേണ്ടതാണ്. അവൻ അഭിവൃദ്ധി തീർച്ചയായും നൽകും. ഇൻശാഅല്ലാഹ് ജമാഅത്ത് വളരും. പക്ഷേ, നിങ്ങൾ നിങ്ങളെ പരിഷ്കരിക്കുന്നില്ലെങ്കിൽ നിങ്ങളുടെ സ്ഥാനത്ത് മറ്റുള്ളവർ വരുന്നതാണ്. ആരാണ് എഴുതിയത്, എന്തിനു എഴുതി തുടങ്ങിയ കാര്യങ്ങൾ നിങ്ങൾ ഉപേക്ഷിക്കുക. അഥവാ എവിടെയെങ്കിലും തെറ്റു പറ്റിയിട്ടുണ്ടെങ്കിൽ അത് തിരുത്തേണ്ടതാണ്. തെറ്റു പറ്റിയിട്ടില്ലെങ്കിൽ അതിന്റെ വിശദീകരണം നൽകണം. എനിക്ക് ഏതെങ്കിലും കാര്യം പത്ത് സ്ഥലങ്ങളിൽനിന്ന് എത്തുമ്പോൾ നിങ്ങളോട് ചോദിക്കുന്നു. ഒന്നോ രണ്ടോ കാര്യങ്ങൾ പരാതികളെ സംബന്ധിച്ച് ചോദിക്കാറുമില്ല. ഊമപരാതിയാണെങ്കിൽ ചോദിക്കാറില്ല. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ജനങ്ങൾക്ക് ബോധ്യമുണ്ടാകണമെന്ന നിലയിൽ കാലത്തിന്റെ ഖലീഫ ആളുകൾ പറയുന്നത് കേൾക്കുന്നുവെന്ന് പറഞ്ഞ് ഇത്രയേറെ അതിരുകടക്കുന്നു. ഭാരവാഹികൾ എന്നാണ് ഇവർ പറയുന്നത്. ഞാൻ ആളുകൾ പറയുന്നത് കേട്ടാലും ഇല്ലെങ്കിലും നിങ്ങളുടെ ജോലിയല്ല ഇത്. നിങ്ങൾ ഇനി ബയ്അത്തിന്റെ കടമ നിറവേറ്റണമെങ്കിൽ പൂർണമായ അനുസരണത്തിന്റെ മാതൃക കാണിക്കുക.

## ചോദ്യങ്ങളും ഉത്തരങ്ങളും:-

അതിനുശേഷം അവിടെയുണ്ടായിരുന്ന ചില പ്രസിഡണ്ടുമാർ അമീറുൽ മുഅ്മിനീനോട് ചില ചോദ്യങ്ങൾ ചോദിക്കാൻ അനുവാദം തേടി. ഹുദൂർ അതിന് അനുവാദം നൽകി.

☆ഏറ്റവുമാദ്യം വേസ്ബാദൻ ജമാഅത്തിന്റെ പ്രസിഡണ്ട് ചോദിച്ചു: അമീറുൽ മുഅ്മിനീൻ 2014ൽ ഞങ്ങളുടെ മസ്ജിദിന് ശിലാകർമം നിർവ്വഹിച്ചിരുന്നു. അവിടെ ഏഴര ലക്ഷം യൂറോയ്ക്ക് പ്ലോട്ട് വാങ്ങിയിരുന്നു. അതിൽ 6 ലക്ഷം തദ്ദേശ ജമാഅത്ത് അടച്ചു. ഇപ്രകാരംതന്നെ നിർമാണ സംബന്ധമായി രണ്ട് ലക്ഷത്തിന്റെ വാഗ്ദാനങ്ങളുണ്ടായിരുന്നു. അതും നിറവേറ്റിക്കഴിഞ്ഞു. ഒരു ദീർഘമായ കാത്തിരിപ്പിനുശേഷം ഇന്നലെ ജാജദാദ് വകുപ്പുമായി contractor മീറ്റിംഗ് നടത്തി. അമീറുൽ മുഅ്മിനീൻ പുതിയ നിർദ്ദേശം കൊടുത്തു. ഇത്തരത്തിലുള്ള എല്ലാതരം അനുമതി

കൾക്കും വേണ്ടി കേന്ദ്രത്തിൽ പോവുക. അമീറുൽ മുഅ്മിനീൻ സെക്രട്ടറി ജാഇദാദിനോടു പറഞ്ഞു, നാളെ കോൺട്രാക്ടർ വരികയാണെങ്കിൽ മറ്റുള്ള എല്ലാ കാര്യങ്ങളും സംസാരിച്ചുകഴിഞ്ഞിട്ടുണ്ടെ ങ്കിൽ ശരി, അത് എല്ലാ പരിശോധിച്ചതിനുശേഷം ഫൈനൽ ചെയ്യുക. ഇപ്രകാരംതന്നെ ആർക്കാണോ കോൺട്രാക്ട് തുടങ്ങിയവ കൊടുത്തുകഴിഞ്ഞിട്ടു ള്ളത് പ്രൊജക്ട് നടന്നുകൊണ്ടിരിക്കുന്നത് അത് അതുപോലെ തുടരട്ടെ. പക്ഷേ, കോൺട്രാക്ട് തുട ങ്ങിയവ നല്കേണ്ട മറ്റു സ്ഥലങ്ങൾ ഒപ്പുകളൊന്നും വെച്ചിട്ടില്ലെങ്കിൽ അഡ്വാൻസ് കൊടുക്കുന്ന സ്റ്റേജ് വരെ എത്തിയിട്ടില്ലെങ്കിൽ ആ എല്ലാ പ്ലാനുകളും എന്നെ കാണിക്കുക. പക്ഷേ, ഇപ്പോൾ നിർമാണ ജോലി നടന്നുകൊണ്ടിരിക്കുന്നത് അല്ലെങ്കിൽ അവ രുടെ മസ്ജിദിന്റെ കോൺട്രാക്ട് തുടങ്ങിയവ വിശ ദമായി എന്നോട് പറയേണ്ടതാണ്.

☆അതിനുശേഷം ഒരു സുഹൃത്ത് ചോദിച്ചു: എനിക്ക് റബ്‌വയിൽ നിർമാണപ്രവൃത്തിക്കുള്ള അവസരം കിട്ടി. എനിക്ക് അവരോടൊപ്പം സേവനം ചെയ്യാനും അവസരം കിട്ടിയിട്ടുണ്ട്. ഇവർ ആഗ്രഹി ക്കുകയാണെങ്കിൽ എനിക്ക് മൂന്നു മുതൽ അഞ്ച് ശതമാനം വരെ low cost ചെയ്യിക്കുന്നതിൽ സഹാ യിക്കാൻ സാധിക്കുന്നതാണ്. അമീറുൽമുഅ്മിനീ ൻ പറഞ്ഞു: താങ്കൾ അവരോട് അഭിപ്രായം പറ യുക. അതിനുശേഷം താങ്കളെ ഉൾപ്പെടുത്തണോ അല്ലെങ്കിൽ വെറും advisor എന്ന നിലയിൽ താങ്ക ളോട് അഭിപ്രായം തേടണോ എന്നത് അവരുടെ ജോലിയാണ്. നിങ്ങളുടെ ചിന്തയിലുള്ള പ്ലാൻ അവ ർക്ക് നൽകുക. അവിടെനിന്നുകൊണ്ട് മസ്ജിദിനു മേൽ വെറും ഊതുന്നതുകൊണ്ട് മൂന്നുനാല് പേ ർസന്റ് കുറയുകയില്ല. അതിനുവേണ്ടി താങ്കളുടെ പക്കലുള്ള പ്ലാൻ എന്താണോ അത് അവർക്ക് ന ൽകുക. അത് പ്രാവർത്തികമാണെങ്കിൽ നോക്കു ന്നതായിരിക്കും. ഇനി കൂടുതൽ information ന്റെ ആവശ്യമുണ്ടെങ്കിൽ അതും എടുക്കുന്നതായിരി ക്കും. അമീറുൽ മുഅ്മിനീൻ സെക്രട്ടറി ജാഇദാ ദിനോട് പറഞ്ഞു, നിങ്ങളും ഏതെങ്കിലും techni-cal skill ഉള്ള ആളുകളെ അന്വേഷിക്കുക. അവർ എന്തെങ്കിലും അഭിപ്രായം തന്നാലെടുക്കുക. അഭി പ്രായങ്ങൾ എടുക്കുന്ന ശീലം ഉണ്ടാക്കുക. അഭിപ്രാ യങ്ങളെടുക്കുന്ന ശീലം വളരെ കുറഞ്ഞുപോയിരി ക്കുകയാണ്.

☆അതിനുശേഷം Steinberg ജമാഅത്തിന്റെ പ്ര സിഡണ്ട് പറഞ്ഞു: അമീറുൽ മുഅ്മിനീൻ കിഴ ക്കൻ ജർമനിയിലെ Erfurtൽ നിർമിക്കാൻ പോ കുന്ന മസ്ജിദിനുവേണ്ടി ഏതൊരു നിർദേശമാ ണോ നൽകിയത് അതു നടപ്പിൽ വരുത്താൻ ഞ ങ്ങൾ ഒരുപാട് അധ്വാനിച്ചിട്ടുണ്ട്. മുഴുലോകത്തും അത് പ്രസിദ്ധമായി. അപ്പോൾ ഹുദൂർ പറഞ്ഞു: എത്രകണ്ട് പ്രസിദ്ധിയുണ്ടായി എന്നതല്ല എന്റെ ഉദ്ദേശ്യം. അവിടെ നാലാളുകളാണ് താമസിക്കുന്ന ത്. മറ്റുള്ള വലിയ ജമാഅത്തുകളെ അപേക്ഷിച്ച് അവിടെയിപ്പോൾ മസ്ജിദ് നിർമിക്കേണ്ട ആവശ്യ മില്ല. അവിടെ മസ്ജിദ് വേണമെങ്കിൽ നിങ്ങൾക്ക് അനുവാദവും കിട്ടിയിരിക്കും.

☆അതിനുശേഷം Ausberg ജമാഅത്തിന്റെ സ്വദ്ർ പറഞ്ഞു: ഞങ്ങളുടെ ജമാഅത്തിൽ മസ്ജിദിന്റെ ഉദ്ഘാടനം ഹുദൂർ ആണ് നടത്തിയത്. ഇപ്പോൾ അവിടെ മുബല്ലിഗിനെ അയക്കുന്നതിനുവേണ്ടി അപേക്ഷിക്കേണ്ടതായുണ്ട്. അപ്പോൾ ഹുദൂർ പ റഞ്ഞു: നിങ്ങൾക്ക് മുബല്ലിഗിനേയും കിട്ടുന്നതാ ണ്. പിന്നീട് ഹുദൂർ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ ജമാഅത്തിൽനിന്നും ജാമിഅ അഹ്മദിയ്യായിലേക്ക് വിദ്യാർഥികളെ അയക്കുക. ആരാണോ തങ്ങളുടെ ജമാഅത്തിൽനിന്ന് വിദ്യാർഥികളെ തയ്യാറാക്കി ജാമിഅ അഹ്മദിയ്യായിലേക്ക് അയച്ചത് അവർക്കാ യിരിക്കും ആദ്യം മുബല്ലിഗുമാരെ ലഭിക്കുക.

☆ഒരു ജമാഅത്തിന്റെ പ്രസിഡണ്ട് പറഞ്ഞു: ഏതെല്ലാം സ്ഥലങ്ങളിലാണോ മസ്ജിദുകളുടെ നി ർമാണ പ്രവൃത്തികൾ നടക്കുന്നത് അവിടെ മുറബ്ബി ഹൗസും നിർമിക്കേണ്ടതാണ്. അപ്പോൾ ഹുദൂർ പ റഞ്ഞു: അത് ശരിയാണ്. അത്രമാത്രം ബഡ്ജറ്റു ണ്ടെങ്കിൽ മുറബ്ബിഹൗസും ഉണ്ടാകുന്നതായിരിക്കും. ഇല്ലെങ്കിൽ വാടകയ്ക്ക് ഏതെങ്കിലും വീടെടുക്കുക. ഒരുപാട് സ്ഥലങ്ങളിൽ ഒരു മുറിയുണ്ടാക്കാൻ കഴി യും. അവടെ ചെറിയ കുടുംബമുള്ള മുബല്ലിഗിനെ അതായത് ഭാര്യയും ഭർത്താവും മാത്രമുള്ള ആളെ അയക്കാവുന്നതാണ്.

☆ഒരു ജമാഅത്തിന്റെ പ്രസിഡണ്ട് സാഹിബ് ചോദിച്ചു: ഞങ്ങളുടെ ആമിലായിലെ ചില ഖുദ്ദാം അംഗങ്ങൾ വളരെ നല്ല നിലയിൽ പ്രവർത്തിക്കു ന്നുണ്ട്. പക്ഷേ, അവരുടെ പക്കൽ ഉപസംഘടന കളുടേയും ഉത്തരവാദിത്വം വന്നുചേരുന്നു. ഇക്കാ രണത്താൽ ജമാഅത്തിന്റെ പ്രസിഡണ്ടിന് ചില നേരങ്ങളിൽ ബുദ്ധിമുട്ടുകളുണ്ടാകുന്നു. ഹുദൂർ പറഞ്ഞു: ഏറ്റവുമാദ്യം ജമാഅത്തിന്റെ ജോലി തന്നെയാണുള്ളത്. ജമാഅത്തിന്റെ ജോലിക്കാണ് മുൻഗണന. അതിനുശേഷം കൂടുതൽ സമയമു ണ്ടെങ്കിൽ അതിൽ അവർ ഖുദ്ദാമിന്റെ പ്രവൃത്തി ചെയ്യേണ്ടതാണ്. താങ്കൾക്ക് പ്രത്യേകിച്ച് നിർബ ന്ധാവസ്ഥയൊന്നുമില്ലെങ്കിൽ താങ്കൾ അദ്ദേഹ ത്തിന്റെ സ്ഥാനത്ത് മറ്റാർക്കെങ്കിലും ഈ ഉത്തര വാദിത്വം നൽകണമെന്ന് ഖുദ്ദാമുൽ അഹ്മദിയ്യ സ ദ്റിന് എഴുതിക്കൊടുക്കാവുന്നതാണ്. ഈ ആളുക ളെകൊണ്ട് ഞങ്ങൾക്ക് ജോലി എടുപ്പിക്കേണ്ടതു ണ്ടെന്നും ഇവർ ഞങ്ങളുടെ ജോലികളിൽ ആദ്യ മേതന്നെ മുഴുകിയിരുന്നവരാണെന്നും അവരുടെ പക്കൽ ഇപ്പോൾ ജമാഅത്തുപരമായ ഇന്ന ഭാരവാ ഹിത്വം ഉണ്ടെന്നും അതുകൊണ്ട് അവരെക്കൊണ്ട് മറ്റു ജോലികൾ ചെയ്യിക്കരുതെന്നും നിങ്ങൾക്ക് സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാക്ക് എഴുതികൊടു ക്കാവുന്നതാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: പണിയെടുക്കുന്നവർ വളരെ കുറച്ചേ ഉണ്ടാവുകയു ള്ളു; ജോലിയാണെങ്കിൽ കൂടുതലും. അതുകൊണ്ട് ഇക്കാര്യം നമ്മൾ സ്വയം അഡ്ജസ്റ്റ് ചെയ്യേണ്ടതാ ണ്. നാമും മുമ്മൂന്ന് സ്ഥലങ്ങളിൽ പ്രവൃത്തിച്ചിട്ടു ണ്ട്. ജമാഅത്തിന്റെ ജോലിക്ക് പുറമെ ഖുദ്ദാമുൽ അഹ്മദിയ്യായിലും മറ്റ് സംഘടനകളുടെയും ജോ ലിയും ചെയ്തിട്ടുണ്ട്. ഇതിന് ധൈര്യമുണ്ടാവ ണം. പക്ഷേ, ഇവിടെ സ്വന്തം ജോലിയും ചെയ്യേ ണ്ടതുണ്ട്. ചില ഘട്ടങ്ങളിൽ ജോലി കഴിഞ്ഞ് താമസിച്ചായിരിക്കും വരിക. ക്ഷീണിച്ചിട്ടും ഉണ്ടാ കും. അപ്പോൾ ജോലി ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് ഏതെങ്കിലും പ്രത്യേക ആളുണ്ടാക ണം. അയാളെക്കൊണ്ട് പണി എടുപ്പിക്കുന്നതിനെ സംബന്ധിച്ച് ഖുദ്ദാമുൽ അഹ്മദിയ്യായ്ക്ക് എഴു താവുന്നതാണ്. പക്ഷേ, പൊതുവായ നിലയിൽ എന്തായാലും ഏതെങ്കിലും വിധത്തിൽ എല്ലാവരും ഒത്തൊരുമിച്ച് adjust ചെയ്യേണ്ടിവരും.

☆അതിനുശേഷം Neubidv ജമാഅത്തിന്റെ പ്ര സിഡണ്ട് സാഹിബ് പറഞ്ഞു: അല്ലാഹുവിന്റെ കൃ പയാൽ ഞങ്ങൾക്ക് മസ്ജിദുണ്ട്. ഞങ്ങൾ മുറബ്ബി ഹൗസിനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ട്. മുറ ബ്ബിഹൗസിന്റെ ചെലവുകൾ ഞങ്ങൾ വഹിക്കുന്ന താണെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. മസ്ജിദിനോ ട് ചേർന്ന് മുറബ്ബിഹൗസ് ഉണ്ടാക്കുന്നതിന് സ്ഥല വുമുണ്ട്. ഇപ്രകാരംതന്നെ ദൈവകൃപയാൽ ഞങ്ങ ളുടെ ജമാഅത്തിൽനിന്ന് രണ്ട് കുട്ടികൾ ജാമിഅ അഹ്മദിയ്യായിൽ പോയിട്ടുണ്ട്. അപ്പോൾ ഹുദൂർ പറഞ്ഞു: നിങ്ങൾ ചെലവ് സ്വയം വഹിക്കുകയാ ണെങ്കിൽ, നിങ്ങളുടെയടുത്ത് വകയുണ്ടെങ്കിൽ നി ർമിച്ചുകൊള്ളുക. നിങ്ങളെ ആരാണ് തടഞ്ഞത്. നി ങ്ങളുടെ പക്കൽ സ്ഥലമുണ്ട്. പൈസയുമുണ്ട്. നി ങ്ങൾ മുറബ്ബിഹൗസുണ്ടാക്കാൻ ആഗ്രഹിക്കുന്നു വെന്ന് സെക്രട്ടറി ജാഇദാദിന് എഴുതുക. എന്നിട്ട് നിർമിച്ചുകൊള്ളുക.

☆ഒരു ജമാഅത്തിന്റെ പ്രസിഡണ്ട് പറഞ്ഞു: മസ്ജിദുകൾ നിർരിച്ചതിനുശേഷം മസ്ജിദുക ളിൽ ധാരാളമായി പരിപാടികൾ നടന്നുകൊണ്ടിരി ക്കുന്നു. ജർമൻകാരും പങ്കെടുക്കുന്നുണ്ട്. പക്ഷേ, അതിഥികൾക്ക് നല്ലനിലയിൽ ആതിഥ്യം നല്കു ന്നതിനു ഞങ്ങളുടെ പക്കൽ സ്ഥലമൊന്നുമില്ല. മരം കൊണ്ടുള്ള ഷെഡ്ഡ് എന്തെങ്കിലും ഉണ്ടാക്കാൻ ഞാൻ ഒരു അഭിപ്രായം പറഞ്ഞിരുന്നു. പക്ഷേ, എനിക്ക് ഒരു റസ്പോൺസും ലഭിച്ചില്ല. അപ്പോൾ ഹുദൂർ പറഞ്ഞു: തദ്ദേശജമാഅത്ത് ഉയർന്നരീതി യിൽ ഭക്ഷണം കൊടുക്കുന്നുണ്ടാകും. ഇപ്പോൾ ഏതൊരു കാര്യമാണോ ലഭ്യമായിട്ടുള്ളത് അതിൽ നിന്ന് ഫലമെടുക്കുക. വിഷമങ്ങൾ എന്തായാലും ഉണ്ട്. നമ്മുടെ പക്കൽ സൗകര്യമുണ്ടെങ്കിൽ എല്ലാ കാര്യങ്ങളും ഒറ്റത്തവണ ഉണ്ടാക്കുമായിരുന്നു. പ ക്ഷേ, എത്രയെത്ര പൈസയാണോ ഉള്ളത് അതനു സരിച്ച് വിഹിതം ലഭിക്കുന്നതാണ്. എല്ലാ ആഴ്ചച യിലും അന്യരോടൊപ്പം പ്രോഗ്രാമുണ്ടാകുകയില്ല. പ്രോഗ്രാം ഉണ്ടാകുമ്പോൾ പന്തലിടാവുന്നതാണ്. ഇനി കൂടുതൽ നിർബ്ബന്ധിതാവസ്ഥയാണെങ്കിൽ, അതിഥികൾ വരികയാണെങ്കിൽ മസ്ജിദിൽത്തന്നെ

പേജ് 1ൽ നിന്ന്

പിടിപെട്ട് മരിച്ചിരിക്കുന്നുവെന്ന് എനിക്കറിയാൻ കഴിഞ്ഞു. ഈ ഗ്രാമത്തിലെ ധാരാളം ആളുകൾ ആ സംസാരത്തിന് സാക്ഷിയാണ്. പരസ്യമായ ഒരു സംഭവമാണിത്.

മിയാ മിഅ്‌റാജുദ്ദീൻ സാഹിബ് ലാഹോറിൽ നി ന്നെഴുതുന്നു: മൗലവി സയ്നുൽ ആബിദീൻ സാഹിബ്, അദ്ദേഹം മൗലവി ഫാളിലിന്റേയും മുൻശീ ഫാളിലിന്റേയും പരീക്ഷകൾ പാസായ ആളാണ്. കോട്ടക്കാരനായി മൗലവി ഗുലാം റസൂലിന്റെ ബന്ധുക്കളിൽപ്പെട്ടയാളാണ്. മതപ രമായ വിദ്യാഭ്യാസം പൂർത്തിയാക്കി കഴിഞ്ഞിരു ന്നു. ലാഹോർ അഞ്ചുമൻ ഹിമായത്തെ ഇസ്‌ലാ മിന്റെ ഒരു അടുത്ത അധ്യാപകനുമായിരുന്നു. അയാൾ ഹുദൂറിന്റെ സത്യസാക്ഷ്യത്തെ സംബ ന്ധിച്ച് മൗലവി മുഹമ്മദ് അലി സിയാൽക്കോ ട്ടിയോടു കശ്മീരി ബസാറിലെ ഒരു കടയിൽ നിന്നുകൊണ്ട് മുബാഹല ചെയ്തു. പിന്നീട് കുറച്ചു ദിവസങ്ങൾക്കുശേഷം പ്ലേഗ് പിടി പെട്ട് മരിച്ചു. അയാൾ മാത്രമല്ല അയാളുടെ ഭാര്യയും പ്ലേഗിനാൽ മരിച്ചു. അക്കൗണ്ട് ജന റലിന്റെ ഓഫീസിൽ ഉദ്യോഗസ്ഥനായ അയാ ളുടെ ജാമാതാവും പ്ലേഗ് പിടിപെട്ട് മരിച്ചു. ഇപ്ര കാരം അയാളുടെ വീട്ടിലെ 17 ആളുകളാണ് പ്ലേഗ് പിടിപെട്ട് മരിച്ചത്. ഇത് അത്ഭുതകരമായ കാര്യമാണ്. അവരുടെ വിചാരപ്രകാരം കള്ള നും കറ്റുകെട്ടുകാരനും ദജ്ജാലും ഞാനാണ്, എന്നാൽ മുബാഹലയുടെ നേരത്ത് ഇക്കൂട്ടർത ന്നെയാണ് മരിക്കുന്നത്. ആർക്കെങ്കിലും ഈ രഹസ്യം മനസ്സിലാക്കാൻ കഴിയുമോ. നഊദു ബില്ലാഹ് അല്ലാഹുവിനും എന്തെങ്കിലും തെറ്റു പറ്റാറുണ്ടോ? അത്തരം നല്ല ആളുകളിൽ മര ണമുണ്ടാകുന്നതും നിന്ദ്യത ഉണ്ടാകുന്നതുമായ ദൈവകോപം എന്തിനാണ് ഇറങ്ങുന്നത്!

മിയാൻ മിഅ്‌റാജ് ദീൻ എഴുതുന്നു: ഇപ്രകാരം ലാഹോറിൽ കരീം ബഖ്ശ് എന്നുപേരുള്ള ഒരു കോൺട്രാക്ടർ ഉണ്ടായിരുന്നു. അയാൾ ഹുദൂ റിന്നെതിരിൽ കഠിനമായ മര്യാദകേടും ഔദ്ധ ത്യവും കാണിച്ചിരുന്നു. മിക്കപ്പോഴും അതു ചെയ്തുകൊണ്ടിരിക്കാറുണ്ടായിരുന്നു. ഞാൻ പ ലപ്രാവശ്യവും അയാൾക്കു മനസ്സിലാക്കിക്കൊ ടുത്തു. എന്നാൽ, അയാൾ പിന്മാറിയില്ല. അവ സാനം യുവപ്രായത്തിൽത്തന്നെ പ്ലേഗിന്നിര യായി മരിച്ചു. (ഹഖീഖത്തുൽ വഹ്‌യ് റൂഹാനീ ഖസായിൻ വാല്യം 22 പേജ് 235)


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

താഴെ പ്ലാസ്റ്റിക്ക് വിരിച്ച് അവിടെ ഏർപാട് ചെയ്യാവുന്നതാണ്. ഞാൻ യു.കെയിൽ ഇക്കാര്യം നിരോധിച്ചിരുന്നു. പക്ഷേ, വർഷത്തിൽ ഒന്നുരണ്ടുതവണ അത്തരം നിർബന്ധിതാവസ്ഥ വന്നുചേർന്നാൽ മസ്ജിദിൽ പ്ലാസ്റ്റിക്ക് വിരിച്ച് അവിടെ ചായ തുടങ്ങിയവ നല്കാവുന്നതാണ്. പക്ഷേ, പിന്നീട് നല്ലവണ്ണം വൃത്തിയാക്കാനുള്ള ഏർപാട് ചെയ്യണം. ഭക്ഷണങ്ങളിൽ മസാല തുടങ്ങിയവയുടെ സുഗന്ധമുണ്ടാകും. അതുകൊണ്ട് അത് മസ്ജിദിൽ കൊണ്ടുവരാൻ പാടില്ല. ചായയോ സ്നാക്സ് തുടങ്ങിയവയോ കൊണ്ടുവരാവുന്നതാണ്. അത് പ്രശ്നമില്ല. പ്രശ്നങ്ങളുണ്ട്. പക്ഷേ നമ്മുടെ പക്കലുള്ള സൗകര്യങ്ങൾ അതിന്റെ ഉള്ളിൽ ഇരുന്നുകൊണ്ടുതന്നെ ആ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്. വർഷത്തിൽ ഒന്നോ രണ്ടോ വലിയ വലിയ പ്രോഗ്രാമുകൾ ഉണ്ടാകുന്നു. അതിന് പന്തലിടുക. പിന്നെ ചായയുടേയും വെള്ളത്തിന്റേയും പരിധി വരെ മസ്ജിദും ഉപയോഗിക്കാവുന്നതാണ്. ഞാൻ പറഞ്ഞതുപോലെ ഭക്ഷണങ്ങളിൽനിന്ന് മസാലകളുടെ സുഗന്ധമുണ്ടാകും. അത് മസ്ജിദിൽ ദീർഘനേരമുണ്ടായിരിക്കുന്നതാണ്. അതുകൊണ്ട് ഭക്ഷണവിതരണം പാടില്ല.

☆ഒരു ജമാഅത്ത് സ്വദ്ർ ചോദിച്ചു: ഫീൽഡുകളിൽ നമ്മുടെ മീറ്റിംഗുകളും യോഗങ്ങളും ഉണ്ടാകുന്നു. അതിൽ ഭക്ഷണത്തിനുള്ള ഏർപാടുകളും വൻതോതിൽ ചെയ്യപ്പെടുന്നു. അപ്പോൾ അമീറുൽ മുഅ്മിനീൻ പറഞ്ഞു: സ്വന്തം പൈസകൊണ്ട് നല്ല ഭക്ഷണം നല്കുകയാണെങ്കിൽ നല്കിക്കോട്ടെ. പക്ഷേ, ചില ദിനങ്ങളുണ്ട്. മസീഹ് മൗഊദ് ദിനം, സീറത്തുന്നബി(സ) അല്ലെങ്കിൽ ഇതുപോലെയുള്ള മറ്റു ദിനങ്ങൾ. ജമാഅത്തിന്റെ ജൽസകളും പരിപാടികളും ഉണ്ടാകുമ്പോൾ അവയിൽ ജമാഅത്തിന്റെ വകയായി ലളിതമായ ഭക്ഷണമുണ്ടാക്കുക. ഇത്രമാത്രം ആർഭാടപൂർവ്വമായ ഭക്ഷണത്തിന്റെ ആവശ്യമെന്താണ്. റൊട്ടിയും കറിയുമായിക്കോട്ടെ. അല്ലെങ്കിൽ ചോറ് വെക്കുക. അല്ലെങ്കിൽ വെറും ബിരിയാണി ആയിക്കോട്ടെ. കൂടുതൽ ഭക്ഷണത്തിന്റെ ആവശ്യമില്ല. ഇനി തദ്ദേശ സംഘാടകർ സ്വയം ചെലവഴിക്കുകയാണെങ്കിൽ ശരി! പക്ഷേ, അതിന് മർക്കസി ഫണ്ട് കൊടുക്കേണ്ട ആവശ്യമില്ല. അതിനുശേഷം അമീറുൽ മുഅ്മിനീൻ മുബല്ലിഗ് ഇൻചാർജ് സാഹിബിനോട് പറഞ്ഞു: മാസംതോറും മീറ്റിംഗുകൾ നടത്തുമ്പോൾ സ്ഥലം മാറ്റിക്കൊണ്ടിരിക്കുക. ദൂരദൂര ജമാഅത്തുകളിൽ മീറ്റിംഗുകൾ സംഘടിപ്പിക്കുക. മീറ്റിംഗിനോടൊപ്പം മറ്റ് ശിക്ഷണപരമായ പരിപാടികളും ഉണ്ടാകുന്നു. ദൂരദൂരത്തുള്ള വലിയ ജമാഅത്തുകളിൽ പോകുക. മുറബ്ബിമാർ പ്രവർത്തിക്കുന്നുവെന്ന് ജമാഅത്തുകളും അറിയട്ടെ. എവിടെയൊക്കെയാണ് ജമാഅത്തുകൾ ഉള്ളതെന്ന് മുറബ്ബിമാരും അറിയട്ടെ. ഇതുമുഖേന ഒരു ബന്ധവും ഉണ്ടാകുന്നതാണ്. 8.45ന് ഈ മീറ്റിംഗ് അവസാനിച്ചു

### ഹാജറും ഗാഇബുമായുള്ള ജനാസ നമസ്കാരം:-

അതിനുശേഷം അമീറുൽ മുഅ്മിനീൻ പരേതാത്മാക്കളുടെ ഹാജറുള്ള ജനാസ നമസ്കരിപ്പിച്ചു. (ജനാസ നമസ്കാരത്തെക്കുറിച്ചുള്ള വിശദീകരണം 2017 മെയ് 25ന് ഉള്ള റിപ്പോർട്ടിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതുകഴിഞ്ഞ് അമീറുൽ മുഅ്മിനീൻ നിക്കാഹുകൾ വിളംബരം ചെയ്തു.

### നിക്കാഹ് വിളംബരം:-

അമീറുൽ മുഅ്മിനീൻ തശഹ്ഹുദും തഅവ്വുദും സുന്നത്താക്കപ്പെട്ട ഖുത്ബയ്ക്കും ശേഷം പറഞ്ഞു ഇപ്പോൾ ഞാൻ ചില നിക്കാഹുകൾ വിളംബരം ചെയ്യുന്നതാണ്. താഴെ പറയുന്ന 15 ആളുകളുടെ നിക്കാഹുകളാണ് വിളംബരം ചെയ്തത്.

1. ഇന്ത്യാസ് അഹ്മദ് സാഹിബിന്റെ(ഖാസിൽ, ജർമ്മനി) മകൾ അസീസ അയ്മൻ ഇന്ത്യാസ് (വാഖ്ഫ നൗ)ന്റെ നിക്കാഹ് മുബശ്ശിർ അഹ്മദ് ഷാഹിൻ സാഹിബിന്റെ (ഹംബർഗ്, ജർമനി)മകൻ ഹമ്മാദ് ഷാഹിൻ (വാഖ്ഫെ നൗ).

2. ഇമ്രാൻ റാണാ സാഹിബിന്റെ (ഹുനൂർ, ജർമനി) മകൾ നതാ ശാറാന (വാഖ്ഫ നൗ)ന്റെ നിക്കാഹ് ഹഫീള് അഹ്മദ് സാഹിബിന്റെ (ആളൻഡോർഫ്, ജർമനി) മകൻ നാദി അഹ്മദ് (വഖ്ഫെനൗ).

(3) ഇർഫാൻ ആസിം സാഹിബിന്റെ മകൾ (ലണ്ടൻ) ഖൗല ആസിന്റെ നിക്കാഹ് ഇഫ്തിഖാർ അഹ്മദ് ശേയ്ഖ് സാഹിബിന്റെ(ഏപ്പിൾ ഹൈം, ജർമനി) മകൻ സർഫറാസ് അഹ്മദ് ശേയ്ഖ് (വഖ്ഫെനൗ).

(4) അർശദ് അലി ഖാൻ സാഹിബിന്റെ (റായിൻ ഹൈം, ജർമനി) മകൾ നാഇലാ അർശദ് ന്റെ നിക്കാഹ് ഇഅ്ജാസ് അഹ്മദ് ശാഹിദ് സാഹിബിന്റെ (ജർമ്മനി)മകൻ അസീസം ഖറം ശാഹിദ്.

(5) ശബീർ അഹ്മദ് ളിയാ സാഹിബിന്റെ (നീഡ, ജർമനി) മകൾ അസീസ ശക്കീല ളിയാ മൻളൂർ ന്റെ നിക്കാഹ് മൻളൂർ അഹ്മദ് താഹിർ സാഹിബിന്റെ(നീഡ, ജർമനി) മകൻ മബ്റൂർ അഹ്മദ് മൻളൂർ (വഖ്ഫെനൗ).

(6) ഹമീദുല്ലാ ളഫ്ർ സാഹിബിന്റെ(നാഷണൽ സെക്രട്ടറി തഹ്രീക്കെ ജദീദ് ജർമനി) മകൾ ത്വാഹിറ ഹമീദിന്റെ നിക്കാഹ് നസീം അഹ്മദ് സാഹിബിന്റെ(ഫ്രാങ്ക്ഫോർട്ട് ജർമനി)മകൻ സമീർ അഹ്മദ്.

(7) ഹമീദുർറഹ്മാൻ അഹ്മദ് സാഹിബിന്റെ (കാർബൻ ജർമനി)മകൾ ലബേഹ റഹ്മാൻ(വാഖ്ഫ നൗ)ന്റെ നിക്കാഹ് നാസിർ മഹ്മൂദ് ചീമ സാഹിബിന്റെ(ഹംബർഗ് ജർമ്മനി)മകൻ ഫഹദ് മഹ്മൂദ് ചീമ (വഖ്ഫെനൗ)

(8)Yusuf Tas സാഹിബിന്റെ(ഫ്രാങ്ക്ഫോർട്ട് ജർമനി) മകൾ Esra Tas ന്റെ നിക്കാഹ് സയ്യിദ് മുഹമ്മദ് ഇഖ്ബാൽ ശാഹ് സാഹിബിന്റെ മകൻ അബ്റാർ ശാഹ് സാഹിബ്(യു.കെ. ജാമിഅ അഹ്മദിയ്യായിൽനിന്ന് പഠനം പൂർത്തിയാക്കി)

(9) മലിക്ക് അബ്ദുൽ മാജിദ് സാഹിബിന്റെ(കറാച്ചി, പാക്കിസ്ഥാൻ) മകൾ സമീറ മാജിദ് മലിക്കിന്റെ നിക്കാഹ് മലിക് സബാഹുദ്ദീൻ സാഹിബിന്റെ(റബ്വ)മകൻ മലിക് സഊദുദ്ദീൻ സാഹിബ് (മുറബ്ബി, റബ്വ)

(10) മുബശ്ശിർ അഹ്മദ് സാഹിബിന്റെ (ഫരീദ്റിശ് ഡോർഫ് ജർമനി)മകൾ ഫാഇസ അഹ്മദിന്റെ നിക്കാഹ് ബിശാറത്ത് അഹ്മദ് സാഹിബ l ന്റെ(ഹാംബർഗ് ജർമനി) മകൻ മുസ്തൻസർ അഹ്മദ് (മുബല്ലിഗ് ജർമനി)

(11) മബ്ബൂൽ അഹ്മദ് സാഹിബിന്റെ(ഗ്ലാസ്വാല സിയാൽക്കോട്ടു ജില്ല)മകൾ മഹ്ജബീന്റെ നിക്കാഹ് മുഹമ്മദ് യൂനുസ് സാഹിന്റെ (നസീറാബാദ്, റബ്വ)മകൻ ഹാഫിള് മുബശ്ശിർ അഹ്മദ്.

(12) മുഹമ്മദ് അഫ്ളൽ സലീം സാഹിബിന്റെ(നീഡ ജമാഅത്തിന്റെ സ്വദ്ർ) മകൾ സിദ്റസലിം മിന്റെ നിക്കാഹ് മുബശ്ശിർ അഹ്മദ് സാഹിബിന്റെ(ഫരീദ്റിശ് ജർമനി) മകൻ മസ്റൂർ അഹ്മദ് (വാഖ്ഫെ നൗ)

(13)വസീം അഹ്മദ് ഭട്ടി സാഹിബിന്റെ(സ്വദ്ർ ജമാഅത്ത് ഗർദൻ ബർഗ്, ജർമനി)മകൾ ബാസ്മ വസീം ഭട്ടിയുടെ നിക്കാഹ് മുഹമ്മദ് അഹ്മദ് സാഹിബിന്റെ (ഫ്രാങ്ക്ഫർട്ട്, ജർമനി)മകൻ മുഹമ്മദ് ഫാത്തിഹ് ആസിഫ്(വഖ്ഫെ നൗ)

(14) മുഹമ്മദ് ഇർഫാൻ ശാക്കിർ സാഹിബിന്റെ (ആൾട്ടഡ്ശഡ് ജർമനി) മകൾ സാജിദ ഉമറിന്റെ നിക്കാഹ് മുഹമ്മദ് അക്രം അഞ്ചും സാഹിബിന്റെ(ന്യൂവേടങ്കൻ ജർമനി) മകൻ ബാസിൽ അഹ്മദ് മുഹമ്മദ്(വഖ്ഫെ നൗ)

(15)Selahattin Cecen സാഹിബിന്റെ(ഹംബർഗ്, ജർമനി) മകൾ Ozlem Cecen ന്റെ നിക്കാഹ് നസീർ അഹ്മദ് സാഹിബിന്റെ(സെക്രട്ടറി വഖ്ഫെ നൗ ഹംബർഗ് ജർമനി)മകൻ ഹന്നാൻ അഹ്മദ് (വഖ്ഫെ നൗ)

നിക്കാഹുകളുടെ വിളംബരത്തിനുശേഷം അമീറുൽ മുഅ്മിനീൻ ദുആ ചെയ്യിച്ചു. തുടർന്ന് മഗ്രിബ്, ഇശാ ജംആക്കി നമസ്കരിപ്പിച്ചു. അതിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോയി.

**2017 ഏപ്രിൽ 24 (തിങ്കളാഴ്ച):-**

**ഫ്രാങ്ക്ഫോർട്ട് (ജർമിനിയിൽനിന്ന്) പുറപ്പെടൽ:**

അമീറുൽ മുഅ്മിനീൻ രാവിലെ 5.15 ന് ബയ്ത്തുൽ സുബൂഹിൽ സുബ്ഹി നമസ്കരിപ്പിച്ചു.

ഇന്നത്തെ പരിപാടിയനുസരിച്ച് ഫ്രാങ്ക്ഫോർട്ടിൽ നിന്ന് ലണ്ടനിലേക്കുള്ള യാത്രയുടെ തുടക്കമായിരുന്നു. ഫ്രാങ്ക്ഫോർട്ട് റീജ്യണിൽനിന്നും ചുറ്റുവട്ടത്തുള്ള ജമാഅത്തുകളിൽനിന്നും പുരുഷന്മാരും സ്ത്രീകളും കുട്ടികളും വൃദ്ധരുമടങ്ങുന്ന വലിയൊരു സംഘം തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന് യാത്ര പറയുന്നതിനുവേണ്ടി രാവിലെമുതൽതന്നെ ബയ്ത്തുസ്സുബൂഹ് അങ്കണത്തിൽ സംഘടിക്കാൻ തുടങ്ങിയിരുന്നു.

രാവിലെ 9.50ന് അമീറുൽ മുഅ്മിനീൻ താമസസ്ഥലത്തുനിന്ന് പുറത്തുവന്നു. ചെറിയ ആൺകുട്ടികളും പെൺകുട്ടികളും സംഘങ്ങളായി നിന്ന് പ്രാർഥനാ ഗീതങ്ങൾ ആലപിച്ചുകൊണ്ടിരുന്നു. ജമാഅത്തംഗങ്ങൾ രണ്ടു വരികളായി ഇരുവശത്തും നില്പുണ്ടായിരുന്നു. അമീറുൽ മുഅ്മിനീൻ ജമാഅത്തംഗങ്ങളുടെ ഇടയിൽ ഏകദേശം 10 മിനുട്ടോളം നിന്നു. ചെറിയവരും വലിയവരുമെല്ലാം തങ്ങളുടെ ഇമാമിനെ കണ്ടു. ഒരു പിതാവും പുത്രനും അമീറുൽ മുഅ്മിനീന്റെ വീഡിയോ എടുക്കുകയായിരുന്നു. ഹുദൂർ അവരെ തന്റെയടുക്കൽ വിളിച്ചു. ക്യാമറയെക്കുറിച്ച് ചില കാര്യങ്ങൾ അന്വേഷിച്ചു. അത് കഴിഞ്ഞ് ഹുദൂർ അവരുടെ വീഡിയോയും എടുത്തു.

10 മണിക്ക് ഹുദൂർ ദുആ ചെയ്യിച്ചു. എല്ലാവരോടും അസ്സലാമു അലയ്ക്കും പറഞ്ഞു. പിന്നീട് യാത്രാസംഘം പുറപ്പെട്ടു. ഇരുവശങ്ങളിലും നിന്നിരുന്ന പുരുഷന്മാരും സ്ത്രീകളും തുടർച്ചയായി കൈകൾ വീശിക്കൊണ്ട് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന് യാത്ര പറയുകയായിരുന്നു. ഒരുപാടാളുകളുടെ കണ്ണിൽനിന്ന് കണ്ണീരൊഴുകി. വേർപാടിന്റെ ഈ നിമിഷങ്ങൾ ആ സ്നേഹിതർക്ക് അസഹ്യമായിരുന്നു.

ഫ്രാങ്ക്ഫോർട്ടിൽനിന്ന് ലണ്ടനിലേക്ക് പോകുന്ന വഴിയിൽ ബൽജിയമിലെ മിഷൻഹൗസായ ബയ്ത്തുസ്സലാമിൽ (ബ്രസ്സിൽ) തങ്ങാൻ പരിപാടിയുണ്ടായിരുന്നു. ഫ്രാങ്ക്ഫോർട്ടിൽനിന്ന് ബ്രസ്സിൽസ് വരെയുള്ള ദൂരം ഏകദേശം 400 കിലോമീറ്ററാണ്.

### ബ്രസ്സിൽ മിഷൻഹൗസ്:-

അമീറുൽ മുഅ്മിനീൻ 1.50ന് അഹ്മദിയ്യാ മിഷൻഹൗസ് ബയ്ത്തുസ്സലാമിലെത്തി. തദ്ദേശ ജമാഅത്തിലെ അംഗങ്ങൾ പുരുഷന്മാരും സ്ത്രീകളും നാഷണൽ ആമില അംഗങ്ങളും തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ വരവേറ്റു. ഡോക്ടർ ഇദ്രീസ് അഹ്മദ് സാഹിബ് അമീർ ജമാഅത്ത് ബൽജിയവും ഹാഫിള് ഇഹ്സാൻ സെക്കന്തർ സാഹിബ് മുബല്ലിഗ് ഇൻചാർജ് ബൽജിയവും ഹുദൂറിന് ഹസ്തദാനം ചെയ്തു. തുടർന്ന് 2.10ന് ഹുദൂർ മസ്ജിദിലെത്തി ളുഹ്ർ, അസ്ർ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരം നിർവ്വഹിച്ചശേഷം ഹുദൂർ എല്ലാ ജമാഅത്തംഗങ്ങൾക്കും കൈകൊടുത്ത് അനുഗ്രഹിച്ചു. ഹുദൂർ സ്ത്രീകളുടെ ഹാളിൽ വരികയും അവർ ഹുദൂറിനെ കാണുകയും ചെയ്തു.

തുടർന്ന് ഹുദൂർ മിഷന് പുറത്തുള്ള മുറ്റം നോക്കിക്കണ്ടു. അവിടെ വിവിധ തരത്തിലുള്ള മരങ്ങൾ വെച്ചുപിടിപ്പിച്ചിട്ടുണ്ടായിരുന്നു. ആ മരങ്ങളെ കുറിച്ച് ഹുദൂർ അന്വേഷിച്ചു. തുടർന്ന് പറഞ്ഞു: പാർക്കിംഗ് ചെയ്യാനും കളികൾ തുടങ്ങിയവയ്ക്കുമുള്ള സ്ഥലം നിലനിറുത്തിക്കൊണ്ട് വേണം മരങ്ങൾ നടേണ്ടത്.

ബ്രസ്സിൽ മിഷൻഹൗസിന്റെ രണ്ടാമത്തെ നില പുതിയതായി നിർമിച്ചതാണ്. ചില ഓഫീസുകളും ഉണ്ടാക്കിയിരിക്കുന്നു. ഹുദൂർ ആ ഓഫീസുകൾ നോക്കിക്കണ്ടു. ഇവിടെ ജനറൽ സെക്രട്ടറി വകുപ്പ്, ധനവകുപ്പ്, ഉമൂറെആമ വകുപ്പ്, ഇശാഅത്ത് വകുപ്പ്, മജ്ലിസ് അൻസാറുല്ലാഹ് തുടങ്ങിയവരുടെ ഓഫീസാണുള്ളത്. പരിശോധനയ്ക്കുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോയി. 3.15 ന് അമീറുൽ മുഅ്മിനീൻ വെളിയിൽ വരികയും കുറച്ചുസമയം സഹോദരങ്ങളോടൊപ്പം ചെലവഴിക്കുകയും ചെയ്തു. ഈ അവസരത്തിൽ ആദ്യമേ കൈകൊടുക്കാത്ത ആളുകൾക്ക് ഹുദൂർ കൈകൊടുത്തു.

അതിനുശേഷം ജർമനി അഹ്മദിയ്യാ ജമാഅ

**EDITOR**
**H.Shamsuddin**

Sub Editor Mohammad Ismail
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ *The Weekly* **BADAR** *Qadian*

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 12 October 2017 Issue-41

**MANAGER**
**NAWAB AHMAD**
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

ത്തിന്റെ അമീർ അബ്ദുല്ലാ വാഗസ് ഹൗസർ സാഹിബ്, മുബല്ലിഗ് ഇൻ ചാർജ് ഹയ്ദരലി ളഫ്ർ സാഹിബ്, ജനറൽ സെക്രട്ടറി ഇല്ല്യാസ് അഹ്മദ് മജോക്കാ സാഹിബ്, അസിസ്റ്റന്റ് ജനറൽ സെക്രട്ടറി യഹ്‌യാ സാഹിബ്, ഡോക്ടർ അഖ്തർ സുബയ്ർ സാഹിബ്, അബ്ദുല്ലാ സപ്രാസാഹിബ്, മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സ്വദ്റും അദ്ദേഹത്തിന്റെ ഖുദ്ദാം സെക്യൂരിറ്റി ടീമിനോടൊപ്പം ഹുദൂറിന് കൈകൊടുത്തു. ജർമനിയിൽനിന്ന് ഈ ആളുകൾ ഹുദൂറിന് യാത്ര പറയുന്നതിനുവേണ്ടി യാത്രാസംഘത്തോടൊപ്പം വന്നതായിരുന്നു.

3.40 ന് ഇവിടെനിന്ന് ഫ്രാൻസിലെ തുറമുഖമായ Calais ലേക്ക് യാത്രപുറപ്പെട്ടു. 5.50ന് ചാനൽ തുരങ്ക(Channel Tunnel)ത്തിലെത്തി. ജർമനിയിൽ നിന്ന് കൂടെവന്ന സഹോദരങ്ങളും ഖുദ്ദാമിന്റെ സെക്യൂരിറ്റി ടീമും അമീറുൽ മുഅ്മിനീനെ ചാനൽ ടണൽവരെ കൊണ്ടുവിടുന്നതിനും യാത്ര പറയുന്നതിനും യാത്രാസംഘത്തോടൊപ്പമുണ്ടായിരുന്നു. ഇപ്രകാരംതന്നെ ബെൽജിയത്തിൽനിന്ന് ബെൽജിയം അമീർ സാഹിബും ഹാഫിള് ഇഹ്സാൻ സെക്കന്ദർ സാഹിബും (ബെൽജിയം മുബല്ലിഗ് ഇൻചാർജ്)മുബല്ലിഗും ജനറൽ സെക്രട്ടറിയുമായ അസദ് മുജീബ് സാഹിബും രാജാ അബ്ദുൽലത്തീഫ് സാഹിബ് സെക്രട്ടറി ജാഇദാദും സ്വദ്ർ മജ്ലിസ് അൻസ്വാറുല്ലാഹ് എൻ.എ. ശമീം സാഹിബും സ്വദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ തൗസീഫ് അഹ്മദ് സാഹിബും ഹുദൂറിനെ ഇവിടെനിന്ന് ലണ്ടനിലേക്ക് യാത്ര അയക്കാൻ യാത്രാസംഘത്തോടൊപ്പം വന്നിരുന്നു.

**ലണ്ടനിൽ ആഗമനം**
**മസ്ജിദ് ഫള്ൽ ലണ്ടനിൽ**
**ഊഷ്മളമായ വരവേൽപ്:**

പാസ്പോർട്ട്, ഇമിഗ്രേഷൻ മറ്റ് പേപ്പറുകളുടെ ക്ലിയറൻസ് പൂർത്തിയാക്കിയതിനുശേഷം യാത്രാസംഘത്തിന്റെ കാറുകൾ പ്രത്യേകമായ പാർക്കിംഗ് ഏരിയായിൽ വന്നുനിന്നു. ട്രെയിൻ യാത്രയാകാൻ കുറച്ച് സമയമുണ്ടായിരുന്നു. അമീറുൽ മുഅ്മിനീൻ കുറച്ച് സമയത്തേക്ക് വണ്ടിയിൽനിന്ന് പുറത്തിറങ്ങിനിന്നു.

6.50ന് യാത്രാസംഘത്തിന്റെ കാറുകൾ ട്രെയിനിൽ Board ചെയ്തു. ട്രെയിൻ അതിന്റെ സമയമായ 7.20ന് Calais ൽനിന്ന് ബ്രിട്ടന്റെ തീരപ്രദേശ നഗരമായ Doverലേക്ക് യാത്ര തിരിച്ചു. അരമണിക്കൂർ യാത്രയ്ക്കുശേഷം ട്രെയിൻ ചാനൽ തുരങ്കം ക്രോസ് ചെയ്ത് Doverനടുത്തുള്ള ബ്രിട്ടനിലെ മണ്ണിൽ പ്രവേശിക്കുകയും അതിന്റെ പ്രത്യേകമായ സ്റ്റേഷനിൽ നിൽക്കുകയും ചെയ്തു. ഏകദേശം 10 മിനുറ്റിനുശേഷം ഫ്രാൻസിന്റെ സമയമനുസരിച്ച് 8 മണിക്ക് (ബ്രിട്ടന്റെ സമയമനുസരിച്ച് 7 മണി) യാത്രാസംഘത്തിന്റെ വണ്ടികൾ ട്രെയിനിൽനിന്ന് വെളിയിൽ വന്നു. മോട്ടോർവേയിലൂടെ യാത്ര തുടങ്ങി. (ബ്രിട്ടന്റെ സമയം ഫ്രാൻസിന്റെ സമയത്തേക്കാൾ 1 മണിക്കൂർ പിന്നോട്ടാണ്).

മൻസ്വൂർ ശാഹ് സാഹിബ് നാഇബ് അമീർ ജമാഅത്ത് യു.കെ, അത്താഉൽ മുജീബ് റാശിദ് സാഹിബ് മുബല്ലിഗ് ഇൻചാർജ് യു.കെ, സാഹിബ് സാദ മിർസാ വഖാസ് അഹ്മദ് സാഹിബ് സ്വദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ യു.കെ, ഡോക്ടർ ഇഅ്ജാസുർറഹ്മാൻ സാഹിബ് സ്വദ്ർ മജ്ലിസ് അൻസ്വാറുല്ലാഹ് യു.കെ, മിർസാ മഹ്മൂദ് അഹ്മദ് സാഹിബ് സെൻട്രൽ ഓഡിറ്റർ, മിർസാ നാസിർ ഇനാം സാഹിബ് പ്രിൻസിപ്പാൾ ജാമിഅ അഹ്മദിയ്യാ യു.കെ, മുബാറക് അഹ്മദ് ളഫ്ർ സാഹിബ് അഡീഷണൽ വക്കീലുൽമാൽ ലണ്ടൻ, അഖ്ലാഖ് അഹ്മദ് അൻജും(വക്കാലത്തെ തബ്ശീർ ലണ്ടൻ ഓഫീസ്), ഗാലിബ് ജാവേദ് സാഹിബ് (മുബല്ലിഗ് സിൽസില പ്രൈവറ്റ് സെക്രട്ടറി ഓഫീസ്), സയ്യിദ് മുഹമ്മദ് അഹ്മദ് സാഹിബ് നാഇബ് അഫ്സർ ഹിഫാളത്തെ ഖാസ് തന്റെ സെക്യൂരിറ്റി ടീമിനോടും മറ്റു ജമാഅത്തിലെ ഭാരവാഹികളോടുമൊപ്പം ഹുദൂറിനെ വരവേൽക്കുന്നതിനുവേണ്ടി സന്നദ്ധരായിരുന്നു. ഏകദേശം ഒന്നര മണിക്കൂർ യാത്രയ്ക്കുശേഷം 8.30 ന് മസ്ജിദ് ഫള്ൽ ലണ്ടനിലെത്തി. അവിടെ ജമാഅത്തിലെ പുരുഷന്മാരും സ്ത്രീകളുമടങ്ങുന്ന വലിയൊരു സംഘം തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ *അഹ്‌ലൻ വ്വ സഹ്‌ലൻ വ്വ മർഹബ* പറഞ്ഞ് വരവേറ്റു.

ഹുദൂർ തന്റെ കൈകൾ വീശി എല്ലാവർക്കും അസ്സലാമുഅലയ്ക്കും പറഞ്ഞു. തന്റെ താമസസ്ഥലത്തേക്ക് പോകുകയും ചെയ്തു. ഇപ്രകാരം അമീറുൽ മുഅ്മിനീന്റെ ഈ അങ്ങേയറ്റം അനുഗൃഹീതമായ പര്യടനം അല്ലാഹുവിന്റെ അതിരറ്റ കൃപകളും അനുഗ്രഹങ്ങളും സ്വരൂപിച്ചുകൊണ്ട് മഹത്തായ വിജയങ്ങളോടുകൂടി അതിന്റെ സമാപനത്തിലെത്തി. *അൽഹംദുലില്ലാഹി അലാദാലിക്.* അമീറുൽ മുഅ്മിനീന്റെ കൂടെ ഏതേതെല്ലാം ഭാഗ്യവാന്മാർക്കാണോ ഈ യാത്രയിൽ പോകാൻ അവസരം കിട്ടിയത് അവരുടെ പേരുകൾ താഴെ കൊടുക്കുന്നു. 1.ഹദ്റത്ത് സയ്യിദ് അമത്തുസ്സുബൂഹ് സാഹിബ (ഖലീഫത്തുൽ മസീഹിന്റെ സഹധർമ്മിണി) 2. മുനീർ അഹ്മദ് ജാവേദ് (പ്രൈവറ്റ് സെക്രട്ടറി) 3. ആബിദ് വഹീദ് ഖാൻ സാഹിബ് (ഇൻചാർജ് പ്രസ്സ് & മീഡിയ ഓഫീസ്, ലണ്ടൻ) 4. മേജർ മഹ്മൂദ് അഹ്മദ് സാഹിബ് (നാഇബ് അഫ്സർ ഹിഫാളത്തെ ഖാസ്, ലണ്ടൻ) (5) നാസിർ അഹ്മദ് സഈദ് സാഹിബ്(ഹിഫാളത്ത് വകുപ്പ്) (6) സഖാവത്തലി ബാജ്‌വ സാഹിബ് (ഹിഫാളത്ത് വകുപ്പ്) (7) മുഹ്സിൻ അഅ്‌വാൻ സാഹിബ് (ഹിഫാളത്ത് വകുപ്പ്) (8) ഖാജ ഖുദ്ദൂസ് സാഹിബ് (ഹിഫാളത്ത് വകുപ്പ്) (9) മഹ്മൂദ് അഹ്മദ് ഖാൻ സാഹിബ്(ഹിഫാളത്ത് വകുപ്പ്) (10) ബശീർ അഹ്മദ് സാഹിബ് (പ്രൈവറ്റ് സെക്രട്ടറി ഓഫീസ് ഉദ്യോഗസ്ഥൻ) (11) അബ്ദുൽ മാജിദ് ത്വാഹിർ (അഡീഷണൽ വക്കീലുൽ തബ്ശീർ, ലണ്ടൻ).

ഹമ്മാദ് മുബീൽ സാഹിബ് മുബല്ലിഗ് (പ്രൈവറ്റ് സെക്രട്ടറി ഓഫീസ്), അത്ഹർ അഹ്മദ് സാഹിബ് (പ്രൈവറ്റ് സെക്രട്ടറി ഓഫീസ് ഉദ്യോഗസ്ഥൻ) എന്നിവരും യാത്രാസംഘത്തിൽ പങ്കുകൊണ്ടു.

കാനഡ ജാമിയായിൽനിന്ന് 2016 ൽ പുറത്തിറങ്ങിയ താഴെപറയുന്ന മുറബ്ബിമാർക്കും – അവർ തങ്ങളുടെ ട്രെയിനിംഗ് സംബന്ധമായി യുകെയിലുണ്ടായിരുന്നു- ഹുദൂറിനോടൊപ്പം ജർമനിയിലെ യാത്രയിൽ പങ്കുചേരാൻ ഭാഗ്യം കിട്ടിയിരുന്നു. ആതിഫ് അഹ്മദ് സാഹിദ് സാഹിബ്, സർജീൽ അഹ്മദ് സാഹിബ്, സാജിദ് ഇഖ്ബാൽ സാഹിബ്, ഥാഖിബ് ളഫ്ർ സാഹിബ്, ഫർഹാദ് ഗഫാർ സാഹിബ്, അബ്ദുൽ ബാസിത് ഖാജാ സാഹിബ്, രിള്‌വാൻ സയ്യിദ് സാഹിബ്.

ഇതിനുപുറമെ താഴെപറയുന്ന ആളുകൾക്ക് യാത്രാസംഘത്തിന്റെ കാറുകൾ ഡ്രൈവ് ചെയ്യാനുള്ള ഭാഗ്യം കിട്ടി. നദീം അഹ്മദ് അമീനി സാഹിബ്, നാസിർ അഹ്മദ് അമീനി സാഹിബ്, മുഹമ്മദ് അഹ്മദ് സാഹിബ്, ഇംറാൻ ളഫ്ർ സാഹിബ്, അബ്ദുർ റഹ്മാൻ സാഹിബ്.

സജ്ജാദ് അഹ്മദ് മലിക് സാഹിബ് ജർമനിയിലെ താമസത്തിനിടയിൽ ഈ യാത്രാസംഘത്തിലുണ്ടായിരുന്നു.

ഇതിനു പുറമെ എം.ടി.എ. ഇന്റർനാഷണൽ യു.കെ യുടെ താഴെപറയുന്ന അംഗങ്ങളും ഈ പര്യടനത്തിൽ ഖുത്ബാത്തെ ജുമുഅ, മസ്ജിദുകളുടെ ഉദ്ഘാടനം, ശിലാകർമം, മീറ്റിംഗുകൾ, കൂടിക്കാഴ്ചകൾ, ഹുദൂർ അൻവറുമായിട്ടുള്ള അഭിമുഖങ്ങൾ, മറ്റു പരിപാടികളുടെയും റെക്കോർഡിംഗിനും ചില പരിപാടികളുടെ ലൈവ് ട്രാൻസ്മിഷനും വേണ്ടി ഈ പര്യടനത്തിൽ പങ്കെടുത്തിരുന്നു. മുനീർ അഹ്മദ് ഔദാ സാഹിബ്, സഫീർ അഹ്മദ് ഖമർ സാഹിബ്, അദ്നാൻ സാഹിദ് സാഹിബ്, അബ്റാർ ബേഗ് സാഹിബ്.

എം.ടി.എയുടെ ടീമിനു പുറമെ ഉമയ്ർ അലീം സാഹിബ് ഇൻചാർജ് ശുഅ്ബെ മഖ്സനുത്തസ്വാവീറും ഇതിൽ പങ്കെടുത്തിരുന്നു.

ജർമനിയിൽനിന്ന് ഡോ. അഖ്തർ സുബയ്ർ സാഹിബ് ഈ പര്യടനത്തിൽ ഡോക്ടറുടെ ഡ്യൂട്ടി എന്ന നിലയിൽ ഉണ്ടായിരുന്നു.

ഇവർക്കു പുറമെ ജർമനിയിൽനിന്ന് അബ്ദുല്ലാ സപ്രാ സാഹിബും ഈ യാത്രയിൽ ഖാഫിലയോടൊപ്പം പങ്കെടുത്തു. അല്ലാഹു ഇവർക്കെല്ലാവർക്കും ഈ യാത്ര അനുഗൃഹീതമാക്കട്ടെ. ആമീൻ. (2017 ജൂലൈ 6 ബദർ പത്രം) ●

## 123-ാമത്
## ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 123-ാമത് ജൽസ സാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2017 ഡിസംബർ 29,30,31(വെള്ളി, ശനി, ഞായർ)തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾമുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

***(നാളിർ ഇസ്‌ലാഹ്-ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)***

**പേജ് 2ൽ നിന്ന്**

✵ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റഹ്) വിദേശ പര്യടനം നടത്തിയത് ഏതേതെല്ലാം വർഷത്തിലാണ്?

◆1967-ൽ ബ്രിട്ടൺ,ജർമനി, സ്വിറ്റ്സർലാൻഡ്, ഹോളണ്ട്, ഡന്മാർക്ക്(ഈ പര്യടനത്തിലാണ് കോപ്പൺഹേഗിലെ നുസ്റത്ത് ജഹാൻ മസ്ജിദ് ഉൽഘാടനം ചെയ്തത്)

◆1970ൽ ബ്രിട്ടണിലും പശ്ചിമാഫ്രിക്കയിലും പര്യടനം നടത്തി. ഘാന, സിയറലിയോൺ, നൈജീരിയ, ഐവറി കോസ്റ്റ്, ലൈബീരിയ, ഗാമ്പിയ.

◆1973-ൽ ജർമനി, സ്വിറ്റ്സർലാൻഡ്, ഹോളണ്ട്, ഡന്മാർക്ക്, സ്വീഡൻ, ബ്രിട്ടൺ.

◆1975-ൽ ബ്രിട്ടൺ, സ്വീഡൻ, നോർവെ(ഗോട്ടൺ ബർഗ് സ്വീഡനിൽ നാസ്വിർ മസ്ജിദിന് തറക്കല്ലിട്ടു).

◆1976-ൽ യൂറോപ്പിലെ താഴെ പറയുന്ന രാജ്യങ്ങൾക്കു പുറമെ ആഫ്രിക്കയിലും കനഡയിലും പര്യടനം നടത്തി. സ്വീഡൻ, നോർവെ, ഡന്മാർക്ക്, ജർമനി, സ്വിറ്റ്സർലാൻഡ്, ഹോളണ്ട്.

◆1978-ൽ കുരിശുമോചന സെമിനാറിൽ പങ്കെടുക്കുന്നതിന് യൂറോപ്യൻ പര്യടനം.

◆1980-ൽ യൂറോപ്യൻ വൻകര, അമേരിക്ക, ഓസ്ട്രേലിയ, 13 ആഫ്രിക്കൻ രാജ്യങ്ങളിലും പര്യടനം നടത്തി.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin